# പ്രാചീനമലയാള ഗദ്യമാതൃകകൾ

894.8124
NAR

UNIVERSITY OF KERALA

കേരളസർവ്വകലാശാല
തിരുവനന്തപുരം

# പ്രാചീനമലയാളഗദ്യമാതൃകകൾ

PG Library & Research Centre
DEPARTMENT OF PUBLICATIONS
TRIVANDRUM
UNIVERSITY OF KERALA

(Malayalam)
**PRACHINAMALAYALA**
**GADYAMATRKAKAL**
Specimens of early malayalam prose

Edited by
**Dr. P. K. NARAYANA PILLAI**

First Published
The Manuscripts Library
University of Travancore 1950
Reprinted 1971

Printed at
**C. M. MEMORIAL PRESS**
Trivandrum

**Price Rs. 1.75**

Published by
**DIRECTOR**
Department of Publications
University of Kerala
Trivandrum

# പ്രാചീനമലയാള ഗദ്യമാതൃകകൾ

[തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥശാലയിൽനിന്നും
തിരുവിതാംകൂർ സർവ്വകലാശാലാ ഭാഷാഗ്രന്ഥാവലി
അങ്കം 78 ആയി 1950—ൽ പ്രസിദ്ധപ്പെടുത്തിയതു്.]

9406

പ്രസാധകൻ

ഡാ. പി. കെ. നാരായണപിള്ള

രണ്ടാംപതിപ്പു്

1971

വില രൂ. 1.75

PG Library & Research Center

പ്രസിദ്ധീകരണവകുപ്പു്
കേരളസർവ്വകലാശാല
തിരുവനന്തപുരം

894.8124 NAR

അച്ചടി:

സി. എം. മെമ്മോറിയൽ പ്രസ്സ്,

തിരുവനന്തപുരം.

# ഉള്ളടക്കം

അവതാരിക

നളോപാഖ്യാനം 3

അംബരീഷോപാഖ്യാനം 15

ദേവീമാഹാത്മ്യം 43

ഒന്നാംപതിപ്പിൻെറ

# അവതാരിക

## I

ഇംഗ്ലീഷുഭാഷയുമായുള്ള സമ്പർക്കത്തിനുശേഷമാണ് നിപുണമായ ഒരു ഗദ്യശൈലി മലയാളത്തിൽ രൂപംകൊണ്ടതെന്നു് സാധാരണയായി വിശ്വസിച്ചുപോരുന്നു. എന്നാൽ ഈ വിശ്വാസം അജ്ഞതയുടെയും അലസതയുടെയും ഫലമാണെന്നേ പറയേണ്ടതുള്ളു. ഈ നാട്ടിൽ ഇംഗ്ലീഷുഭാഷ പ്രചരിക്കുന്നതിനു് എത്രയോ ശതാബ്ദങ്ങൾക്കു മുൻപുതന്നെ മലയാളികൾ ഗദ്യകലയെ കാര്യക്ഷമമായി കൈകാര്യം ചെയ്തിരുന്നു. കഥാകഥനത്തിനും, ശാസ്ത്രപ്രതിപാദനത്തിനും, വ്യാഖ്യാനരചനയ്ക്കും, മററും അനുരൂപമായ വിധത്തിൽ നമ്മുടെ ഗദ്യശൈലി ബഹുമുഖമായി വികസിച്ചിരുന്നുവെന്നുള്ളതിനു പുരാണം, ഇതിഹാസം, വേദാന്തം, ജ്യോതിഷം, തന്ത്രം, ശില്പം, നാട്യം നീതി, കണക്കു്. പാചകം എന്നീ വിഷയങ്ങളെ അധികരിച്ചുള്ള പ്രാചീനഗ്രന്ഥങ്ങൾ സമർത്ഥമായി സാക്ഷ്യം വഹിക്കുന്നു. എന്നാൽ ഈ സാഹിത്യത്തിൻെറ ഗണ്യമായ ഒരംശംപോലും ഇതുവരെ വേണ്ടപ്രകാശംകാണുകയോ അതേപ്പററി ഗവേഷണപരമായ പഠനം നടക്കുകയോ ഉണ്ടായിട്ടില്ല എന്ന വസ്തുത സമ്മതിക്കേണ്ടിയിരിക്കുന്നു. ഈ ന്യൂനതയെ പരിഹരിച്ചു് മലയാളത്തിലെ പ്രാചീനഗദ്യത്തിൻെറ മാററു വെളിപ്പെടുത്തേണ്ടതു് ഭാഷാഭിമാനികളുടെയും ഗവേഷകന്മാരുടെയും ഒഴിഞ്ഞുമാറുവാൻവയ്യാത്ത ചുമതലയാണു്. തിരുവനന്തപുരം മലയാളഗ്രന്ഥാവലിയിൽ 78–ാം നമ്പരായി പ്രസിദ്ധപ്പെടുത്തുന്ന ഈ ഉപാഖ്യാനത്രയം പ്രാചീനഗദ്യത്തെ പൊതുവേയും പ്രാചീനകഥാസാഹിത്യത്തെ വിശേഷിച്ചും സഹൃദയന്മാരുടെ ദൃഷ്ടിപഥ

തതിൽ അവതരിപ്പിക്കുന്നതിനു സഹായകമായിത്തീരുമെന്നു വിശ്വസിക്കുന്നു.

ഗദ്യരൂപത്തിൽ സംഗ്രഹിച്ചെഴുതിയിട്ടുള്ള മൂന്നു പുരാണകഥകളെയാണ് ഇവിടെ പ്രകാശിപ്പിക്കുന്നതു്. നളോപാഖ്യാനം, അംബരീഷോപാഖ്യാനം, ദേവീമാഹാത്മ്യം എന്നിവയാണ് അവ. പുരാണകഥകളുടെ പ്രചരണാർത്ഥം അവയെ വിസ്തരിച്ചും സംക്ഷേപിച്ചും ഗദ്യരൂപത്തിൽ പലകൃതികളും പ്രാചീനകാലത്തുണ്ടായിട്ടുണ്ടു്. ഇതിലെ ദേവീമാഹാത്മ്യം കഥയുടെ പ്രാരംഭത്തിൽനിന്നും അതു് ബോധപൂർവംതന്നെ സംക്ഷേപിച്ചെഴുതപ്പെട്ടിരിക്കുന്നതാണെന്നു മനസ്സിലാക്കാം. തത്കർത്താവു പറയുന്നു:—"ശ്രീ മാർക്കണ്ഡേയനാൽ അരുളിച്ചെയ്യപ്പെട്ട ദേവീമാഹാത്മ്യം ശ്രീകഥ സംക്ഷേപത്താൽ തമിഴായ്പെടുക്കപ്പെട്ടിതു." ഇതിലുള്ള നളോപാഖ്യാനത്തിലെ ഏററവും ലഘുവും സുഗമവുമായ പ്രതിപാദനരീതി നോക്കുമ്പോൾ അതു കുട്ടികളുടെ ഉപയോഗത്തിനുവേണ്ടി എഴുതിയതല്ലേ എന്നു ശങ്കിച്ചുപോകും. എന്നാൽ അംബരീഷോപാഖ്യാനം പ്രൗഢവും സാഹിത്യസരസവുമാണെന്നു കാണുവാൻ വിഷമമില്ല. ഗൗരവമുള്ള വർണ്ണനകളും, സംസ്കൃതസാധാരണമായ അലങ്കാരപ്രയോഗങ്ങളും, വേദാന്തവിഷയപ്രതിപാദനങ്ങളും, ഈ കൃതിയുടെ സാഹിത്യമൂല്യത്തെ വർദ്ധിപ്പിക്കുന്നു. ദേവീമാഹാത്മ്യത്തിലെ വാക്യശൈലിയുടെയും പ്രതിപാദനരീതിയുടെയും നില നളോപാഖ്യാനത്തിൻെറയും അംബരീഷോപാഖ്യാനത്തിൻെറയും മദ്ധ്യത്തിലാണ്. ലളിതതമമോ പ്രൗഢതമമോ ആയ ഒരു കൃതിയല്ല അതു്. ദേവീമാഹാത്മ്യത്തിൻെറ മൂലത്തെ അനുകരിച്ചും അതിലെ ചില പദ്യങ്ങൾ അവിടവിടെ ഉദ്ധരിച്ചും വിരചിതമായ ഈ കൃതിയിൽ കലാപരമായ ഭംഗി ഒട്ടും കുറവല്ലെന്നു പറയേണ്ടിയിരിക്കുന്നു, ഇങ്ങനെ നിഷ്കൃഷ്ടമായി താരതമ്യപ്പെടുത്തി

നോക്കുന്നപക്ഷം ഇവയിൽ കാണുന്ന ഭാഷാശൈലികളും പ്രതിപാദനരീതികളും പ്രാചീനഗദ്യസാഹിത്യത്തിലെ പ്രവണതകൾക്കു പ്രതിനിധീഭവിക്കുന്നതായി തെളിയും. അതിസൂക്ഷ്മമായ അപഗ്രഥനത്തിൽ ഇവ തമ്മിൽ വൈജാത്യം ദൃശ്യമാണെന്നുവരികിലും ശൈലിയിലും പ്രതിപാദനത്തിലും ഇവ സജാതീയങ്ങൾ തന്നെയാണ് എന്നുള്ളതാണു പരമാർത്ഥം.

പ്രാചീനമലയാളഗദ്യം എന്നു കേട്ടാൽ എവിടെയോ തുടങ്ങി എവിടെയോ അവസാനിക്കുന്ന നൂലാമാലപോലെയുള്ള കുറെ വാചകങ്ങളും സംസ്കൃതവാക്കുകളും കൂട്ടിക്കുഴച്ച ഒരു ഭാഷാശൈലിയും, പ്രതിപാദ്യഗ്രഹണത്തെ ദുഷ്കരമാക്കുന്ന പ്രതിപാദനരീതിയും മററുമാണ് സാധാരണ ഓർമ്മയിൽ വരിക. ഇങ്ങനെയുള്ള പ്രവണതകൾ പ്രദർശിപ്പിക്കുന്ന ഗദ്യസമ്പ്രദായത്തിൽ എഴുതിയിട്ടുള്ള പല പ്രാചീനകൃതികളും ഉണ്ടുതാനും. എന്നാൽ ആധുനികമായ അഭിരുചിക്ക് അനുരൂപമല്ലാത്ത ഈ ഗദ്യരീതി മാത്രമല്ല പൂർവ്വകാലങ്ങളിൽ മലയാളത്തിലുണ്ടായിരുന്നതു്. ലളിതവും,പ്രസാദാത്മകവും, നിപുണവുമായ ഒരു ഗദ്യശൈലിയിൽ അനേകം ശതാബ്ദങ്ങൾക്കു മുൻപുതന്നെ മലയാളികൾ സാഹിത്യസൃഷ്ടി നിർവഹിച്ചിരുന്നുവെന്നുള്ളതിനെ നിശ്ശങ്കം തെളിയിക്കുവാൻ ഈ ഗദ്യകൃതികൾ മതിയാകും. ഇതിലെ ഗദ്യശൈലിയുടെ ലാളിത്യവും, ശക്തിയും, ഹ്രസ്വവാക്യതയും, സംഭാഷണശൈലിയും മററും ഉദാഹരിക്കുന്ന ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

ദമയന്തീസ്വയംവരത്തിനായി പോകുന്ന കലിയേയും ദ്വാപരനേയും മാർഗ്ഗമദ്ധ്യേ കാണുവാനിടയായ ലോകപാലന്മാർ അവരോട്ട് ഇങ്ങനെ പറയുന്നു:—

''നിങ്ങൾ സ്വയംവരത്തിനു പോകവേണ്ടാ. വീരസേനപുത്രൻ നളനെ മാലയിട്ടാൾ ദമയന്തി.

എൻറാലതില്ലുള്ള ഇച്ഛ വേണ്ടാ. അൻറതുകേട്ട
കല്പിപ്പാൻ കലിയൻ.' (പുറം. 3)

സംഭാഷണോചിതവും ലഘുത്വമുദ്രിതവുമായ ഒരു ഭാഷാശൈലിയാണല്ലോ ഇവിടെ പ്രതിഫലിക്കുന്നതു്.

അക്കാലത്തെ ആർജ്ജവം തുളുമ്പുന്നതും വൈശദ്യം നിറഞ്ഞതുമായ സംഭാഷണശൈലിയെ ഉദാഹരിക്കുവാൻ ഈ കൃതികളിൽനിന്നു് ഇനിയും പല ഭാഗങ്ങളും പ്രദർശിപ്പിക്കാവുന്നതാണു്. മഹാവിഷ്ണുവിൻെറ അത്യുഗ്രമായ ചക്രായുധത്താൽ അനുധാവനം ചെയ്യപ്പെട്ടു് അഭയം തേടി ശ്രീകൈലാസത്തു് എത്തിച്ചേരുന്ന ദുർവ്വാസാവിനോടു് മഹാദേവൻ ചോദിക്കുകയാണു്:

"ദുർവ്വാസാവേ, നിനക്കു വന്ന പ്രമാദം? എന്തു
നിമിത്തമായ് നിന്നുടെ ഭയം? എന്തു് നിനക്കു
വിറെക്കിന്റതു? എന്തു ദുർവ്വാസാവേ?" (പുറം 38)

ദുർവ്വാസാവിൻെറ ഉത്തരം കേട്ടശേഷം ശ്രീ പരമേശ്വരൻ വീണ്ടും പറയുന്നു:

"എനിക്കു നിന്നെ രക്ഷിപ്പാനശക്യം. ശ്രീ പുരു
ഷോത്തമൻ തിരുവടിയുടെ കോപമെന്നാലൊഴി
ക്കരുതു്. ക്ഷീരാബ്ധി...... പുണ്ഡരീകാക്ഷൻ തിരു
വടിയേ വേണ്ടും നിന്നെ രക്ഷിപ്പാൻ." (പുറം 38)

തന്നെ ശരണം പ്രാപിച്ച ദുർവ്വാസാവിനോടു് മഹാവിഷ്ണു പറയുന്ന വാക്കുകളും അന്നത്തെ സംഭാഷണശൈലിയുടെ ഒരു മാതൃകയാണു്.

"മഹർഷീ, നിന്നുടെ തപസ്സിനുടെ മഹിമ പെരികെ നൻറു. ആരേനമെന്നെ ഭക്തിയുള്ള ലൈക്കണ്ടാൽ ശപിപ്പാനൊരുമ്പെട്ടവൂ.......... രൈ നിഗ്രഹിപ്പൂ. അതു് എനക്കു പക്ഷമല്ലല്ലോ. മഹർഷീ, നീയുമറിയവേണ്ടും. മഹർഷീ, രാജാവിനുടെ കോപമെന്നാൽ ഒഴിക്കരുതു്. ഇന്നു മംബരീഷൻ പാടേ ചെല്ലൂ നീ. അവനേവേണ്ടും നിന്നെ രക്ഷിപ്പാൻ." (പുറം 40)

ദേവീമാഹാത്മ്യത്തിലെ ഭഗവതിയും സുംഭനുമായുള്ള സംഭാഷണവും ഇവിടെ ഉദ്ധരിക്കുന്നതു് സ്ഥാനത്തായിരിക്കുമെന്നു വിശ്വസിക്കുന്നു. സുംഭൻ ദേവിയോടു പറയുന്നു:

"നീയൊരു പുരുഷർകൾ പൊരുന്നവൊരു കന്യാവല്ല. ക്ഷ(പി?പ)ണകകന്യാവെൻറു തോൻറുമാറുമിരിക്കിൻറിതു. കുറളിയും കുഞ്ചായവും വല്ലുവൊരുത്തി. ദുഷ്ടാത്മാവെൻറാൽ നീയെന്തു ചെയ്വിന്റതു. മഹാകാളിയും മാതൃക്കളും ശ്രീനരസിംഹിയും കൂടിക്കലഹിച്ചല്ലയോ ജയിക്കിൻറിതു." (പുറം 64)

ഇതുകേട്ടു് ദേവി സുംഭനോടു പറയുന്നതു ശ്രദ്ധിക്കുക:

"എനക്കു ഭർത്താവായിട്ടിരിക്കിൻറ നീയെന്നോടു പരുഷം പറയാതേ. യുദ്ധത്തിൽ ജയിച്ചു പിടിച്ചിഴച്ചു കൊണ്ടുപോം പുരുഷർക്കു ഭാര്യയാകിൻറു ഞാൻ. ചാലച്ചെറിയ നാളേയുണ്ടായിരുപ്പതൊരു പ്രതിജ്ഞയുണ്ടു്. ആ പ്രതിജ്ഞാഭംഗം വാരാതേ പാണിഗ്രഹണം പെണ്ണുവാനല്ലയോ നീ വന്നിതു. നിന്നുടെ ചാന്നജനമും ബന്ധുക്കളോടും കൂടവന്നു വിവാഹം പിഴകിപ്പോമതു യോഗ്യമല്ല. നീയെന്നെജ്ജയിച്ചു വിവാഹം പെണ്ണാതൊഴികിൽ

മറെറാരുത്തരെന്നെജ്ജയിച്ച വിവാഹം പെണ്ണു വൊരുത്തരില്ല ഇത്രൈലോകൃത്തിൽ. അതെയു മല്ല, നിന്നെക്കാട്ടിലുമൊരു സമത്ഥരെ കണ്ടതു മില്ല. അതേ ഞാങ്ങൾ പലരുണ്ടെൻറു നിനെക്ക വേണ്ടാ.'' (പുറം 64)

മുകളിൽ ഉദ്ധരിച്ച സംഭാഷണഭാഗങ്ങളിൽ കാണുന്ന അകൃത്രിമതയും ആജ്ജവവും നോക്കുമ്പോൾ അക്കാലങ്ങളിലെ സ്വാഭാവികമായ സംഭാഷണശൈലിയാണ് ഇവയിൽ പ്രതിഫലിക്കുന്നതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ സംഭാഷണങ്ങളിലെ ക്രിയാരൂപങ്ങളിൽ കാണുന്നവയും തമിഴവ്യാകരണത്തെ അനുസരിക്കുന്നവയുമായ ചില പ്രത്യയങ്ങളും ചുരുക്കം ചില പ്രയോഗവിശേഷങ്ങളും പ്രാചീന പദങ്ങളും മാററിക്കഴിഞ്ഞാൽ ഏതു പരിഷ്കൃതമായ ഗദ്യ ശൈലിയെക്കുറിച്ചുള്ള വിഭാവനയ്ക്കും അനുരൂപമായിട്ടുള്ള ഒരു ഗദ്യസരണി ഇവിടെ പ്രതിഫലിക്കുന്നതായി സഹൃദയ ന്മാർക്ക് അനുഭവപ്പെടാതിരിക്കയില്ല. പല ക്രിയകളുടേയും ഭൂതകാലരൂപങ്ങൾ 'ഇതു' എന്ന പ്രത്യയത്തിൽ അവസാനി ക്കുന്നതായികാണാം. പ്രാചീനങ്ങളായ ഈ ക്രിയാരൂപങ്ങൾ കവിതയിൽ ഇന്നും തങ്ങിനിൽക്കുന്നുണ്ട്. എന്നാൽ ഗദ്യ ത്തിൽ നാം സാധാരണ ഉപയോഗിക്കാറില്ല. അതിനാൽ ''ആ പ്രതിജ്ഞാഭംഗം വരാതെ പാണിഗ്രഹണം പെണ്ണുവാനല്ല യോ നീ വന്നിതു'' എന്നിങ്ങനെയുള്ള വാചകങ്ങൾ നമുക്ക് അല്പംഅരോചകമായി തോന്നിയേക്കാം. എന്നാൽ ഇവയിലെ 'വന്നിതു' 'ജയിക്കിന്റിതു' മുതലായ ക്രിയാരൂപങ്ങൾഇന്നത്തെ രീതിയിലാക്കിവായിച്ചാൽ ഇവയിൽ കാണുന്ന ഗദ്യശൈലി ആധുനികമായ അഭിരുചിക്ക് ഏറ്റവും ഇണങ്ങിയതായിത്ത ന്നെഇരിക്കും. പുരുഷപ്രത്യയങ്ങളും മററും ചേർന്ന ക്രിയാരൂപ ങ്ങൾ ഉപയോഗിച്ചിട്ടുള്ള വാചകങ്ങളുടേയും കഥ ഇതുതന്നെ യാണ്.

ഈ കൃതികളിലെ സംഭാഷണാത്മകങ്ങളായ ഭാഗങ്ങൾ പല ശതാബ്ദങ്ങൾക്കുമുൻപു കേരളത്തിൽ പ്രചരിച്ചിരുന്ന ഭാഷയുടെ സ്വരൂപത്തെ നമുക്കു കാട്ടിത്തരുന്നുണ്ടു്. പ്രാചീന കാലത്തു സാധാരണ ഉപയോഗത്തിലിരുന്ന ഭാഷയുടെ രൂപം മനസ്സിലാക്കുവാൻ പദ്യകൃതികളെയോ, വൈചിത്ര്യ ബഹുല മായ ഗദ്യകൃതികളെയോ സമാശ്രയിച്ചതുകൊണ്ടു യാതൊരു ഫലവുമില്ലല്ലോ. അതിനാൽ ഈ കൃതികളിലെ ലളിതങ്ങ ളായ സംഭാഷണഭാഗങ്ങൾ ഭാഷാചരിത്രകാരന്മാരുടെ ഗാഢ മായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടവയാണു്.

അംബരീഷനെ വർണ്ണിക്കുന്ന ഘട്ടത്തിൽ അലങ്കാര ത്തിന്റെയോ അമിതമായ പദപ്രയോഗത്തിൻെറയോ ആഭാടം ഒന്നും കൂടാതെ ചൂർണ്ണികാപ്രായങ്ങളായ ചെറിയ വാക്യ ങ്ങളെക്കൊണ്ടു് അദ്ദേഹത്തിൻെറ ഗുണഗണങ്ങൾ ഇങ്ങനെ പ്രതിപാദിച്ചുകാണുന്നു;—

"സത്യത്തിങ്കലുറപ്പുടയൻ. ധമ്മത്തിങ്കൽപ്രധാനൻ.
ശാസ്ത്രങ്ങളിൽ നിപുണൻ. ശത്രുക്കളെ ജയിക്കും
സ്വഭാവമുടയൻ. ദാക്ഷിണ്യശീലൻ." (പുറം 17)

ചുരുങ്ങിയ വാക്കുകൾ കൊണ്ടും ചെറിയ വാചകങ്ങൾ കൊണ്ടും എത്രയോ നിപുണമായിട്ടാണു് ഇവിടെ പ്രതിപാ ദ്യത്തെ ഗ്രന്ഥകർത്താവു് ആവിഷ്കരിച്ചിരിക്കുന്നതു്!

വസിഷ്ഠനെ സന്ദർശിക്കുവാൻ പോയിരുന്ന അംബരീഷ മഹാരാജാവു് അയോദ്ധ്യയിൽ തിരിച്ചുവന്നപ്പോൾ ആ നഗരിയിലുണ്ടായ പരിവർത്തനങ്ങൾ വർണ്ണിക്കുന്നതിനുപ യോഗിച്ചിരിക്കുന്ന ഗദ്യരീതി എത്രമാത്രം വിശദവും വികസ്വ രവുമാണെന്നു നോക്കുക.

"വിശ്വകമ്മാവിനാൽ നിമ്മിക്കപ്പെട്ട മാടംമാളിക ഗോപുരപ്രസാദങ്ങൾ ചന്ദ്രാദിത്യതാരാഗണങ്ങളോട്ടുകൂടിന തേജസ്സിനെയുടയവയായിതു. അമാത്യ പുരോഹിതമന്ത്രികളും സാമന്തരും സേനാപതികളും വന്നുകൂടീതു. അനന്തരം തേർകുതിരകരികാലാളോട്ടം കൂടവന്നുകൂടീതു. പഞ്ചമഹാശബ്ദമൊച്ചപ്പെട്ടിതു. ശംഖുപടഹകാളതാള(ഹാഹാള?കാഹള) മാദിയായുള്ള ഭേരികൾ മുഴങ്ങിന. പൊയ്കയിലും ഉദ്യാനങ്ങളിലും തളിരും മലരുമരുമ്പും പല്ലവങ്ങളും നിറയപ്പെട്ടിതു. വൃക്ഷങ്ങൾ കുളിത്തു ബഹുഫല ങ്ങളാൽ വരുഷിക്കപ്പട്ടിതു. വസിഷ്ഠാദി മഹഷികളും സുമന്ത്രാദിസാരഥികളും വേശ്യാംഗനമാരും വിടരും നാടകഗണികമാരും വന്നുകൂടീതു. കൊട്ടും പാട്ടും കൂത്തും തുടങ്ങീതു. താന്താങ്ങളുടെ പദാത്ഥങ്ങൾ തുടങ്ങീതു. ഭാസ്കര (മൊ?നൊ)ഴിഞ്ഞിതു. ത(പ?മ)സ്സുകൾ വന്നു കൂടീതു. പരിവത്തനങ്ങൾ കണ്ടിട്ട പണ്ഡിതറാഗ്മമണെഞ്ഞിതു. ചോരവൃത്തിയൊഴിഞ്ഞിതു. ചാരിത്ര്യം തുടങ്ങീതു. ജാരപ്രവേശമൊഴിഞ്ഞിതു. നീചവൃത്തിയൊഴിഞ്ഞിതു. നിത്യദാനം തുടങ്ങീതു. ആചാരഹീനകൾപോയീതു. ആദരസ്തുതി തുടങ്ങീതു. വേദദ്ധ്വനി പ്രപഞ്ചമായിതു. അഗ്നി നിറച്ചിട്ടാഹുതിപ്പുക ആകാശമേറി മേഘങ്ങളോട്ട കൂടീതു. ശത്രുവർഗ്ഗം കെട്ടിതു. മിക്കുള്ള ക്ഷത്രിയർ വന്നുകൂടീതു. വസ്തുവാഹനഭണ്ഡാരം പെരുകീതു. ഹസ്ത്യശ്വരഥം വന്നുളവായിന. വാസുദേവബലദേവദാസികൾ വന്നുകൂടീതു. പാദപങ്കജം കണ്ടിട്ട ആദരിച്ചു കൈക്കൂപ്പിനാർ." (പുറം 27)

ദേവീമാഹാത്മ്യത്തിൽ, ഭഗവതി ധൂമ്രലോചനനെ ഭസ്മമാക്കിയ അവസരത്തിൽ ദേവിയുടെ വാഹനമായ സിംഹം കയൎത്തുവന്ന അസുരപ്പടയുടെ നടുവിലെത്തി കാണിക്കുന്ന പരാക്രമം ഇങ്ങനെ വൎണ്ണിക്കപ്പെട്ടിരിക്കുന്നു:

"കരതലംകൊണ്ടു തല പിളൎന്നാൻ. ലലാടംകൊണ്ടു ലലാടം പിളൎന്നാൻ. ദന്തങ്ങൾകൊണ്ടു സന്ധുക്കൾ നുറുക്കിനാൻ. നാദംകൊണ്ടു നാളം പിളൎന്നാൻ. ബാൽകൊണ്ടെറ്റികാലാളെ......ൻറാൻ. കുതിര പിളൎന്നു രുധിരം കുടിച്ചാൻ. തേൎത്തട്ടിലിട്ടു പാഞ്ഞു പാൎത്തലത്തിലിട്ടാൻ. മദഹസ്തികളുടെ മസ്തകം പിളൎന്നാൻ. എൻറിവണ്ണം നാനാജാതിയുള്ള പരാക്രമ..................ലസുരപ്പടയെല്ലാം നിമിഷമാത്രയിൽ അശേഷമായിക്കൊൻറുമുടിച്ചാൻ ഭഗവതിയുടെ സിംഹത്താൻ." (പുറം 57)

ദേവിയും സുംഭനുമായുള്ള യുദ്ധവൎണ്ണനയാണ് താഴെ കൊടുക്കുന്നതു്:

"ബ്രഹ്മാസ്ത്രം പ്രയോഗിച്ചാൻ സുംഭൻ. അതു കുണ്ഡികയുമ്മാല്യമായിതു. ഭഗവതിക്കു നാരായണാസ്ത്രം പ്രയോഗിച്ചതു ശ്രീപഞ്ചായുധമായിതു. ഭഗവതിക്കു ശ്രീരുദ്രാസ്ത്രം പ്രയോഗിച്ചതു ചന്ദ്രക്കലയായിതു. ഇന്ദ്രാസ്ത്രം പ്രയോഗിച്ചതു കിരീടമുടിയായിതു. ആഗ്നേയാസ്ത്രം പ്രയോഗിച്ചതു നെററിതൃക്കണ്ണിനു ജ്വാലയായിതു. സൂൎയ്യാസ്ത്രം പ്രയോഗിച്ചതു രശ്മികളായിതു. വരുണാസ്ത്രം കലശമായിതു. വായവ്യാസ്ത്രം വേഗം കൊടുത്തിതു." (പുറം 65)

ഭാവനാസമ്പത്തിയും അതേ സമയത്തു രചനാലാളിത്യവും ഒരുപോലെ ഇണങ്ങിച്ചേന്നിരിക്കുന്ന, മഹാവിഷ്ണുവിൻെറ ആവാസസ്ഥാനമായ പാൽക്കടലിൻെറ വർണ്ണനയും ശ്രദ്ധാർഹമാകുന്നു.

> "അനന്തൻ ഭഗവാനുട പള്ളിക്കിടക്ക, ആകാശമ്മേൽവിതാനം, ചന്ദ്രാദിത്യന്മാർ വിളക്ക്. നക്ഷത്രതാരാഗണങ്ങൾ പുഷ്പം. ശ്രീയും ഭൂമിയും ഇരണ്ടുശ്രീപാദം തടവിയിരുന്നരുളിന്റിതു. യക്ഷകിന്നരഗന്ധർവ്വസിദ്ധ വിദ്യാധരകിമ്പുരുഷലോകപാലന്മാരും നാരദാദികളുമന്താദ്ിമുനിമുഖ്യന്മാരും വീണാവേണുമൃദംഗകാഹളതാളഗീതവാദ്യനൃത്തങ്ങൾ കൊണ്ടു സ്തുതിച്ചിയങ്ങുവിതു. ബ്രഹ്മനാദിയായുള്ള ദേവകൾ നാലുവേദങ്ങളുമുച്ചരിക്കിൻറിതു. ചന്ദനം ചമ്പകം മന്ദാരം മാധവീകുന്ദകുടകകുമുദകല്ഹാരസൗഗന്ധികകേതകീജാതികുസുമങ്ങളെത്തടവിക്കൊണ്ടുപോന്നു വീയിൻറ തെൻറൽകാറ്റിനാൽ പ്രപഞ്ചമായിതു. ബ്രഹ്മൻ തിരുവടി നാലുവേദത്തെയുമുദാത്താനുദാത്തസ്വരിതപ്രയത്നങ്ങളോട്ടുകൂട സ്തുതിക്കിൻറിതു. മഹാസമുദ്രമൊച്ചപ്പെട്ടുകിണക്കേ ക്ഷീരസമുദ്രത്തിനുടെ തിരൈമാലൈകൾ ഒന്റൊന്റേ ശീതജലത്തോട്ടുകൂട മലൈക്കിൻറിതു. നാഗനാഥനുടെയായിരം ഫണങ്ങളുമായിരമാണിക്കമരതകം വൈഡൂര്യ്യഗോമേദകം പുഷ്യരാഗം പത്മരാഗം നീലം കുലിശം മുത്തുത്തുടക്കമുള്ള രത്നപ്രഭയാൽ സഹസ്രാദിത്യരശ്മിയെക്കീഴിട്ടു ജ്വലിക്കിൻറിതു." (പുറം 38)

വ്യക്തികളെയും, സ്ഥലങ്ങളെയും, സംഭവങ്ങളെയും മററും വർണ്ണിക്കുവാൻ മാത്രമല്ല, വസ്തുതകളെ യഥാത്ഥമായും

സൂക്ഷ്മമായും പ്രതിപാദിക്കുവാൻ സമൎത്ഥവും എന്നാൽ അത്യന്തം ലളിതവുമായ ഒരു ഗദ്യരീതി പൂൎവ്വികരായ ഗദ്യസാഹിത്യകാരന്മാർക്കു വശഗമായിരുന്നു എന്നുള്ളതു താഴെ പ്രദർശിപ്പിക്കുന്ന ഗദ്യഖണ്ഡിക നിർവ്വിശങ്കം തെളിയിക്കും:

“മരംകൊണ്ടു കൽപ്പിച്ചുള്ളതു മരക്കലം; ശരീരവും ശുക്ലവും ശോണിതവുംകൊണ്ടു കൽപ്പിച്ചുള്ളതു. രോമമായി രുധിരമാംസവും തവുപ്പുമൂ മൂളെമലമെന്റീജ്ജാതി. ശുക്ലത്തിൻവഴിയും (ശ്രോ? ശോ)ണിതത്തിൻവഴിയും ശരീരമാകിൻറതു അസ്ഥിസ്സായുമജ്ജ. മരക്കലത്തിന്നും മരംകൊണ്ടു വിലങ്ങിടിന്റിതു; ശരീരത്തിന്നുമെല്ലുകൊണ്ടു വിലങ്ങയിടിൻറിതു. മരക്കലത്തിന്നുമിരുമ്പാണി; ശരീരത്തിന്നു രോമങ്ങളാണി. മരക്കലത്തിന്നു കൽകൊണ്ടങ്കരം താഴ്ക്കിൻറിതു; ശരീരത്തിന്നു ശ്വാസംകൊണ്ടു പ്രാണനിയങ്ങിൻറിതു. മരക്കലത്തിന്നു വിളക്കെണ്ണെ തേക്കിൻറിതു; ശരീരത്തിന്നുമെണ്ണെ തേക്കിൻറിതു. മരക്കലത്തിന്നു മരം കുമ്പു; ശരീരത്തിന്നു മനം കുമ്പു. മരക്കലത്തിന്നു വിയാമനുളൻ; ശരീരത്തിന്നു വിയാമൻ ക്ഷേത്രജ്ഞൻ. മരക്കലത്തിന്നു കർമ്മകാരരുളർ; ശരീരത്തിന്നു കർമ്മകാരർ മഹാഭൂതങ്ങൾ. മരക്കലത്തിന്നൊരു സ്ത്രീദേവതയുണ്ടു്; ശരീരത്തിന്നൊരു മഹാദേവതയുണ്ടു്. മരക്കലത്തിന്നു തണ്ണീർപ്പാത്രം തോൽ; ശരീരത്തിന്നു തണ്ണീർപ്പാത്രം വേറെയുണ്ടു്. മരക്കലത്തിന്നു അടിച്ചരക്കു മണൽ; ശരീരത്തിന്നടിച്ചരക്കു മലം. മരക്കലത്തിന്മേൽ നെടിയേററുമതു നല്ല വസ്തുക്കൾ; ശരീരത്തിന്മേൽ നെടിയേററുവതു രാഗദ്വേഷം. മരക്കലത്തിന്നു ചകരി കംപായ്ക്കയറു; ശരീരത്തിന്നു

കമ്പായ്ക്കയറു പ്രാണവായുവും അപാനവായുവും, മരക്കലത്തിന്നു കുറെറപ്പായ്; ശരീരത്തിന്നുകുറെറപ്പാ ജീവൻ. മരക്കലത്തിൽ നെടിയേററുമതത്ഥം; ശരീരത്തിൽ നെടിയേററുമതാഹാരം, മരക്കലമപ്പുവിൻ നടവിലെയിയങ്ങുവിതു; ശരീരമും തണ്ണീരാലേയിയങ്ങുവിതു; മരക്കലം സമുദ്രത്തിലേയോട്ടവിതു; ശരീരവും സംസാരസമുദ്രത്തിലേയോട്ടവിതു. മരക്കലം കള്ളർവെട്ടിപ്പറിപ്പും; ശരീരമും യമദൂതർകൾ പറിപ്പർ. മരക്കലം പാലിമേല്യറയ്ക്കും; ശരീരം വ്യാധിമേല്യറെക്കും. മരക്കലം വേഗമായ് പെറത്തൊടിലംകുരന്താഴ്വർ; ശരീരമും സവ്വവ്യാധിയെന്നാനിൻറവംകുരം താഴകും. മരക്കലം പലവരുഷം പതുമാറിനാൽ നശിക്കും; ശരീരമും ശതവഷം പതുമാറിനാൽ നശിക്കും. മരക്കലം വരുണഭഗവാനാൽ കെട്ടും; ശരീരമും പഞ്ചേന്ദ്രിയങ്ങളാൽകെട്ടും. മരക്കലം പതുമാറ്റത്താല്യദാസീനം; ശരിരമും വയസ്സുപുക്കാല്യദാസീനം. മരക്കലം പിളന്നാലഗ്നിയിലിട്ടവർ; ശരീരം പ്രാണനോട്ടവേറുപെട്ടാലഗ്നിയിലിട്ടവർ. എന്നുമതിനാൽ ശരീരമും മരക്കലവുമൊത്തിട്ടല്ലോയിരിക്കിന്റിതു.'' (പുറം 19)

ശരീരവും കപ്പലും സദൃശവസ്തുക്കളാണെന്നു സമത്ഥിച്ചുകൊണ്ടു് ഗഹനങ്ങളായ ആധ്യാത്മികതത്വങ്ങളെ പ്രകാശിപ്പിക്കുന്ന ഈ ഖണ്ഡിക പ്രാചീനഗദ്യത്തിൻെറ നിപുണതയ്ക്കു് ഒരു നിദർശനമാണു്.

പ്രസ്തുതകൃതികളിൽ പ്രധാനമായി കാണുന്നതു് ലളിതവും സുഗമവുമായ പ്രതിപാദനരീതിയാണെങ്കിലും അവിടവിടെ പ്രൗഢവും ഗംഭീരവുമായ പ്രതിപാദനവും ദൃശ്യമായിരിക്കുന്നു. ചില ഉദാഹരണങ്ങൾ എടുത്തുകാണിക്കാം. അംബരീഷോപാഖ്യാനത്തിൽ മഹാവിഷ്ണുവിനെ ഇങ്ങനെ വർണ്ണിക്കുന്നു:—

"തിരുവുടമ്പെവ്വണ്ണം ഇരിക്കിൻററിതെന്റു ബ്രഹ്മനാലുമീശ്വരനാലും ത്രയത്രിംശാദിദേവകളാലും ശാസ്ത്രകളാലുമറിയരുതെൻറുള്ള തിരുവുടമ്പും ശ്രീപാദം തിരുവിരൽക്കും തിരുവരയും തിരുവുദരമും തിരുനാഭിക്കമലമും തിരുമാരവും തിരുക്കയ്യും തിരുക്കഴുത്തും തിരുമുഖാരവിന്ദമും തിരുപ്പവഴവായും തിരുമുറുവൽക്കൊടിയും തിരുക്കപോലമും തിരുമൂക്കും തിരുനയനങ്ങളും തിരുവക്കൊടിയും തിരുച്ചെന്നിയും തിരുനെററിത്തടമും തിരുമുടിപ്പുരപ്പും കിരീടമുടിയും ശ്രീകൗസ്തുഭമും തിരുവാഭരണങ്ങളും തിരുവുടമ്പിൻ പരിശിവ്വണ്ണമെന്നുമതു ബ്രഹ്മനാലുമറിയപ്പെടാതെയിരിക്കിൻററിതു. മററുമീജ്ജാതിയെയെല്ലാരിടെ അഹങ്കാരവും ഗവ്വും കേട്ട സവ്വവ്യാപിയായിരുന്നരുളിൻറ ഭഗവാൻ ശ്രീപുരുഷോത്തമൻ തിരുവടി പള്ളിക്കുറിപ്പു ചെയ്യരുളിൻറ ക്ഷീരാണ്ണവത്തെക്കുറുകി നമസ്കരിച്ചുണത്തിനാൻ. (പുറം 39)

മഹിഷാസുരൻെറ ശിരസ്സറുത്തു താഴെയിട്ട് അതിനു മുകളിൽ നിന്നുകൊണ്ടു താണ്ഡവം ചെയ്യുന്ന ദേവിയെ വർണ്ണിക്കുന്ന ഭാഗം പ്രൗഢമായ രചനാരീതിക്കു മറെറാരുദാഹരണമാണു്.

"കുടർകൊണ്ടുമാലചാത്തി, നിണംകൊണ്ടുകച്ചകെട്ടിപ്പിണംകൊണ്ടമ്മാനയാടി, പിടിക്കപ്പെട്ടായുധങ്ങളുയത്തി നിൻറരുളിൻറ മഹാദേവിയു(ടെ? ടൽ) ബ്രഹ്മാണ്ഡത്തെത്തടവിൻറതു. സഹസ്രബാഹുക്കളെക്കൊണ്ടു ദിക്കുകളെത്തടവിൻറിത. ഇവ്വണ്ണമേ നിൻറരുളിൻറ മഹാദേവിയെക്കണ്ടു പ്രീതിപ്പെട്ട യക്ഷഗന്ധവ്വവിദ്യാധരകിമ്പുരുഷാദികളും മുനിജനമും ദേവിയുടെ ചരിതം ചൊല്ലി

സ്തുതിച്ചു വന്ദിച്ചു നിൻറകാലത്തു ഭഗവതിയും ശാന്തമൂർത്തിയാവൃത്തും ചെയ്യു. തങ്കൽ നിൻറു പുറപ്പെട്ട മഹാകാളിയേയും മാതൃക്കളേയും സ്ത്രീപ്പടയും കൂട തങ്കലേ ലയിപ്പിച്ചുകൊണ്ടു ദിവ്യരൂപിണിയായിരുന്നരുളിനാൽ ജഗന്മാതാവായിട്ടിരിക്കുന്ന മഹാദേവി.'' (പുറം 51)

അലങ്കാരപ്രയോഗങ്ങളും ദീർഘങ്ങളായ വാക്യങ്ങളും ഈ കൃതികളിലെ ഗദ്യശൈലിക്കു പ്രൗഢത വരുത്തുന്നതായി കാണാം. അംബരീഷ വർണ്ണനയിൽ ഒരു ഭാഗം നോക്കുക:—

''ചക്രധരനെക്കണക്കെകരകമലത്തിങ്കൽധരിക്കപ്പെട്ട ശംഖുചക്രങ്ങളെയുടയൻ. ഈശ്വരൻ തിരുവടിയെക്കിണക്കേ ദഹിക്കപ്പെട്ട കാമദേവനെയുടയൻ. സുബ്രഹ്മണ്യനെക്കണക്കേ ലക്ഷ്മിക്കുതോറ്റിൻ്റ ഗംഗയുടെയൊഴുക്കു(കി?ക)ണക്കെയിരുന്ന ഗാംഭീര്യത്തെയുടയൻ. അതേയുമല്ല, ആദിരാജാവു ഭഗീരഥനുടെമാർഗ്ഗവതിയായിട്ടിരുന്നോൻ''.
(പുറം 15)

അംബരീഷൻെറ അസാന്നിധ്യത്തിൽ അയോദ്ധ്യ എപ്രകാരമിരുന്നുവെന്നു വർണ്ണിക്കുന്നതിനു് ഉപമാലങ്കാരം ഉപയോഗിച്ചിരിക്കുന്നതു നോക്കുക:—

''ജലത്തോട്ട വെറുപെട്ട നദിക്കണക്കേയും, ഫലത്തോട്ട വേറുപെട്ട വൃക്ഷം കണക്കേയും, കുലത്തോട്ടവേറുപെട്ട കുലാംഗനയേക്കണക്കേയും, നലത്തോട്ടവേറുപെട്ട പുമാനെക്കിണക്കേയും, ചാരിത്രിയത്തോട്ട വേറുപെട്ട പതിവ്രതയേക്കണക്കേയും, ദരിദ്രനായിന നരനെക്കണക്കേയും, ഉത്സാഹത്തോട്ട വേറുപെട്ട തൽപരനെക്കണക്കേയും,

പുഷ്പത്തോട്ട വേറുപെട്ട പൊയ്കയെക്കിണ ക്കേയും സന്താപഹൃദ(സ്ഥ?ന്ത)രായിജ്ജനത്താൽ നിറയപ്പെട്ടിരിക്കിൻറിതു.'' (പുറം 27)

അംബരീഷൻെറ രാജ്യത്തെ ഉൽപ്രേക്ഷാപരമ്പരകൾ ഉപയോഗിച്ച് ഇങ്ങനെ വൎണ്ണിച്ചിരിക്കുന്നു.

''അദ്ധ്യാപനമദ്ധ്യയനം പ്രതിഗ്രഹം ദാനമാദി ഇഷ്ടകൎമ്മനിരതരായ തപസ്സ്വാദ്ധ്യായതൽപരരായ് വ്രതോപവാസദീക്ഷിതരായിരിക്കിൻറ ബ്രാഹ്മണ വൎഗ്ഗത്താൽ നിറയപ്പെട്ടിരുന്നമയാൽ ബ്രഹ്മലോക മെൻറു തോൻറുമാറുമിരുന്നിതു. അതെയുമല്ല. പ്രളയ (ഘടതട? ഗജഘടാകട) വിഗളിതമായിന മദവാരിപൂരിതത്താലാർദ്രിതമായിന കല്ലോലനദീ യുഗാന്തങ്ങളെയുടയവായ പ്രളയ(ഘടതടാ?ഘന ഘടാ)ടോപഗർജ്ജിതങ്ങളായിന ഗന്ധസിന്ധുകു ഞ്ജരപതികൾ മന്ദരമലയെ പ്രാപിച്ച കിണ ക്കേയും, അഞ്ജനമലൈയാഗോത്രം പെറ്റാരെക്കി ണക്കേയും, നീലമേഘം നിരന്നു വന്നിറങ്ങിന കിണക്കേയും, നല്ലവാനൈത്തലവങ്ങളാൽ നിറ യപ്പെട്ടിരുന്നമയിനാൽ ഹിമവൽക്കടതടമെൻറു തോൻറുമാറുമിരുന്നിതു. (പുറം 15)

അതേയുമല്ല, മനസ്സിനെയും വൈനതേ(നീ?യ) നൈയും വേഗംകൊണ്ടു വെൻറിട്ടിരുന്നശരത്ത ങ്ങളാൽ നിറയപ്പെട്ടിരുന്നമയാൽ സിന്ധുദേശമെ ന്റുതോൻറുമാറുമിരുന്നിതു. അതേയുമല്ല, അത്യന്തം വിദഗ്ദ്ധരായി രൂപയൗവനസൗഭാഗ്യസമ്പന്നരായി രുന്ന സ്ത്രീകളാൽ നിറയപ്പെട്ടിരുന്നമയാൽ അമരാ വതിയെൻറു തോൻറുമാറുമിരുന്നിതു. അതേയുമല്ല,

വീണാവേണുമൃദംഗശം (ഖ്വ?ഖ) പടഹ കാ (ഹ) ള താളഗീത വാദ്യങ്ങളാൽ കേ (ാ) ല (ാ) ഹല സങ്കുലമായിരുന്നമയാ (ൽ) ഗന്ധർവ്വനഗരിയെൻറു തോൻറുമാറുമിരുന്നിതു. അനേകമായിരം രത്നങ്ങളാൽ നിറയപ്പെട്ടിരുന്നമയാൽ വൈശ്രവണാലയമെൻറു തോൻറുമാറുമിരുന്നിതു. നാനാജാതിയുള്ള രത്നങ്ങളുള്ളമയാൽ നാഗലോകമെൻറു തോൻറുമാറുമിരുന്നിതു. മററും നാനാജാതി വിചിത്രം നാനാപ്രകാരമായുളവാകിന്റവററാൽ അലംകൃതമായിരിക്കിൻറിതു.'' (പുറം 15)

സംസ്കൃതസാഹിത്യത്തിൽ ദണ്ഡിപ്രഭൃതികളുടെ ഗദ്യകൃതികളിൽ കാണുന്നതുപോലെയുള്ള ശ്ലേഷാലങ്കാരവും പ്രാചീനമലയാളഗദ്യത്തിൽ ഉപയോഗിച്ചിരുന്നതിനും ഈ കൃതികളിൽനിന്നും ഉദാഹരണങ്ങൾ എടുത്തുകാണിക്കാം. അംബരീഷൻെറ അനുഗ്രാഹകമായ ഭരണത്തിൻെറ ഫലമായി ഐശ്വര്യസമ്പൂർണ്ണമായിത്തീർന്ന അയോദ്ധ്യയുടെ വർണ്ണനയിൽ ശ്ലേഷാലങ്കാരം ചമത്ക്കാരമയമായി പ്രയോഗിച്ചിരിക്കുന്നു.

''രാജ്യത്തിലേതുമൊരു ദുഃഖമില്ല. രതിയിലേ കേശഗ്രഹണമുള്ളിതു. കണ്ണിലേ കാമമുള്ളിതു. കാവ്യങ്ങളിലേ ദൃഢബന്ധം. ശാസ്ത്രങ്ങളിലേ ചിന്ത. വില്ലിലേ ഗുണവിശേഷം വരിൻറിതു. നായാട്ടിലേ കളവുള്ളിതു. 'സ്വപ്നത്തിലേയൊരുത്തരെയൊരുത്തം ചതിക്കിൻറിതു. സ്വജനങ്ങളിലേ വികല്പമുള്ളിതു.'' (പുറം 16)

അലങ്കാരപ്രയോഗത്തിൽ മാത്രമല്ല ഭാഷാശൈലിയിലും സംസ്കൃതത്തിൻെറ അതിപ്രസരത്തിനു് ഈ കൃതികളിലെ

ഗദ്യശൈലി കുറെയൊക്കെ വിധേയമായിട്ടുണ്ട്. വസിഷ്ഠ മഹർഷി അംബരീഷനുനൽകുന്ന ജ്ഞാനോപദേശത്തിലെ ഒരു ഭാഗം ഉദാഹരണമായി ഉദ്ധരിക്കാം.

"നഖാംഗുഷ്ഠപാദജംഘാജാനൂരുജഘനപൃഷ്ഠഗുദപ്രദേശാപാനനാഭോദരവക്ഷകക്ഷഭുജഹസ്താംഗരേഖാജിഹ്വാദന്താധരോഷ്ഠനാസികാകപോലകർണ്ണനയനഭ്രൂലലാടകേശാദിമുതലായുള്ള ശരീരത്തിങ്കൽ വയ്ത്തു മഹാഭൂതങ്ങളാകിൻറവൈഭൂമ്യാപോഗ്നിവായുആകാശമാകിൻറ പഞ്ചമഹാഭൂതങ്ങൾ. ശബ്ദസ്പർശരൂപരസഗന്ധമായ് പഞ്ചതന്മാത്രകളും പഞ്ചബുധേന്ദ്രിയങ്ങളും പഞ്ചമഹാഭൂതങ്ങളുമവററിൻ ഗുണമാകിൻറുതു." (പുറം 23)

ഹ്രസ്വവാക്യത മികച്ചുനിൽക്കുന്ന ഒരു ഗദ്യസരണിയാണ് ഈ കൃതികളിൽ ആപാദചൂഢം സാധാരണയായി കാണുന്നതെങ്കിലും ചുരുക്കം ചില സന്ദർഭങ്ങളിൽ ദീർഘങ്ങളായ വാക്യങ്ങളും ഇവയിൽ കാണാവുന്നതാണ്. ഒരു ഉദാഹരണം:—

"തത്ത്വം നിരൂപകരായിരിപ്പോക്കു ലോകയാത്രയറിന്തു ശബ്ദത്താൽ ഇഹപരമിരണ്ടുകി ഭാവനിശ്ചയം സമദർശിനിരൂപമേ സൂര്യരശ്മിരാകാശദീപപ്രകാശമായ സപ്തസമുദ്രമൊരു ഗോ(ഷ്പ)ദമാകവും മഹാമേരുവൊരണുവാകവും തത്ത്വം നിരൂപണം പണ്ണി സകലകല ജ്ഞാനങ്ങളൈ ദിവ്യപ്രസാദങ്ങളാകിൻറ മഹാഹൃദയമേ ദീപമാക്കി രൂപം പ്രത്യക്ഷമാക്കി സമസ്തപ്രാണികളുടെ ഹൃദയത്തിങ്കൽ ക്ഷേത്രജ്ഞനെൻറു വസിച്ചു അരുളിൻറ ദൈവത്തേപൂർവ്വകാലത്തുപ്രാസാദമാക്കിദിവ്യരൂപ

ത്തേ ജ്യോതിഃസ്വരൂപമാക്കി അഭിമാനജ്ഞനാ
മാകിൻ്റ ഇരുട്ടിനെ ദീപജ്ഞാനത്താലേ കെട്ടുത്തു
സർവ്വാത്ഥകാമമെന്നും ദോഷം കെട്ടുത്തു മോക്ഷാ
ത്ഥമേ ആദിബ്രഹ്മസ്വരൂപമേ ആഭാസമാത്രത്താൽ
ശരീരയോഗമേ തെരിന്തഷ്ടയോഗംപെണ്ണി പൃഥി
വ്യപ്പുതേജോവായുരാകാശമാകിന്റ പഞ്ചഭൂതങ്ങ
ളെയടക്കി ചന്ദ്രസൂര്യ്യനറിന്തു നിൻ്റ ചൈതന്യ
സ്വരൂപ..........ത്യാഗദ മ... ... ...രാജാവേ,
എന്റരുളിച്ചെയ്യാൻ വസിഷ്ഠൻതിരുവടി.'' (പുറം 24)

അതിപ്രാചീനങ്ങളായ ചമ്പുക്കളിലേയും വൃത്തഗന്ധി കളായ ഗദ്യകൃതികളിലേയും വർണ്ണനാരീതി അനുസ്മരിപ്പിക്കുന്ന ചില വർണ്ണനകളും ഈ കൃതികളിൽ ദൃശ്യമായിട്ടുണ്ട്. 'ഒരിടം' എന്നും ഒരിടത്തു് എന്നും അവസാനിക്കുന്ന വാക്യശൈലിയിലുള്ള വർണ്ണനകൾ പ്രാചീനകൃതിളിൽ സുലഭങ്ങളാണല്ലോ. അവയോടു സാദൃശ്യം വഹിക്കുന്ന ഒന്നാണു് അംബരീഷോപാഖ്യാനത്തിലെ കൈലാസവർണ്ണനയിൽനിന്നും താഴെ ഉദ്ധരിക്കുന്ന ഭാഗം.

''ഏഴ കൊട്ടുമുടിമേൽ സപ്തർഷികൾ നക്ഷത്ര
മാലാമണ്ഡലസഹിതനായ ശശാങ്കമൌലിയെ
നമസ്ക്കരിക്കിൻ്റ ഋഷിമുഖ്യന്മാരാൽ പരിവൃത
നായിരുന്നരുളിൻ്റ ചന്ദ്രശേഖരൻ തിരുവടി
സന്നിധിയിൽ ഗണപതിഭഗവാനുടെ ഭോജന
വിഹാരശോഭിതമൊരിടം. സുബ്രഹ്മണ്യനുടെ
ബാലക്രീഡാനൃത്തവൃന്ദവിശേഷരമ്യമൊരിടം. കട്ട
ന്തുടിയുടെ ഝടഝടാരവത്താൽ പൂജിതമൊരിടം.
ശസ്താവിനുടെ മൃഗയാകോലാഹലമൊരിടം. ശൂല
ശ്ശുല്ലാരസഹിതമൊരിടം. സിംഹനാദബന്ധിയൊ
രിടം. ഗജഗണങ്ങളുടെ പരിഭ്രമമൊരിടം. മയൂര

നാദകുക്കുടഹംസമത്തമദത്തികോകിലകപോതസങ്കുലന്ദുത്തേ(ാ?)പശോഭിതമൊരിടം. ഭൂതത്താന്മാരാൽ സരഭസമൊരിടം. ഇവ്വണ്ണമിരുന്ന ശ്രീ കൈലാസമൊരിടം." (പുറം 36)

കൈലാസവർണ്ണനയുടെ മററൊരു ഭാഗത്തിൽ പരമശിവൻെറ പര്യായപരമ്പര പ്രകീർത്തനം ചെയ്തിരിക്കുന്നത് എഴുത്തച്ഛൻെറ കൃതികളിൽ സാധാരണ കണ്ടുവരുന്ന ഈ രീതിയുടെ പൂർവ്വമാതൃകകളെ പ്രതിനിധാനം ചെയ്യുന്നതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. പ്രസ്തുതമായ ഭാഗം:—

"ശിഖരത്തിന്മേൽ വസിച്ചരുളിൻെറ ദേവദേവേശൻ സർവ്വരൂപാസി പന്നഗാഭരണൻ പാർവ്വതീവല്ലഭൻ പാപഹരൻ പരമാത്മാവു പശുപതി പരശ്ശുധരൻ പരമേഷ്ഠി വൻവിരൂപാക്ഷൻ പങ്കജാസനവന്ദിതൻ വേദപരൻ നിർമ്മലൻ ഭാഗീരഥീവല്ലഭൻ ഭാനുലോചനൻ ഭൂതനാഥൻ ഭക്തപ്രിയൻ ഭക്തമുക്തിദൻ മുനിജനവന്ദ്യൻ.മുകുന്ദനാഥൻ മൂർത്തിത്രയൻ ത്രൈലോക്യനാഥൻ ത്രയീമയൻ ത്രിവാസിവന്ദ്യനയനൻ ത്രികലാദർശിഗുണാത്മജൻ ശക്തിധരൻ ശാർങ്ഗപാണിപ്രിയൻ കപർദ്ദി കപിലലോചനൻ കാമദേവൻ ശംഭുശർവ്വൻ ശംകരൻ ശമിതവിഷയൻ ശൈലസുതാപതി ഈശ്വരൻ ' ഈശാനൻ ഈകാതിയൻ നാരായണപ്രിയൻ നരകമാർഗ്ഗവിരോധി നിഷ്കളൻ നിത്യൻ നിർമ്മലൻ നിഖിലേശൻ ശൈലാധിവാസി ഗോപതി ഗൗരീപതി ഗണരാജൻ ഗഗനമരുദഹൻ സലിലധരൻ ഗജേന്ദ്രമൂർത്തി കാളകണ്ഠൻ മണികണ്ഠൻ വിഷകണ്ഠൻ കപാലി പിംഗലനയനൻ പിതൃവനവാസക്ഷമാകരൻ ക്ഷേമകരൻ ക്ഷപിതമന്മഥൻസകലമുനിവന്ദ്യൻ."......

(പുറം 37)

## II

ഇതുവരെ പ്രതിപാദിച്ചതു് പ്രസ്തുതകൃതികളിലെ രചനാരീതിയെപ്പററിയായിരുന്നുവല്ലോ. ഇവയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ സ്വരൂപം മനസ്സിലാക്കുവാൻ സഹായിക്കുന്ന ചില പ്രാചീനതകളുടെ മുദ്രകൾ എടുത്തുകാട്ടുവാനാണു് ഇനി ഉദ്യമിക്കുന്നതു്.

### (i) വർണ്ണഭേദം

ഇന്നു നാം സാധാരണ പറയുകയും എഴുതുകയും ചെയ്യുന്ന സ്വരങ്ങളിൽനിന്നും വ്യഞ്ജനങ്ങളിൽനിന്നും ഭിന്നങ്ങളായ സ്വരങ്ങളും വ്യഞ്ജനങ്ങളും പദങ്ങളിൽ പ്രാചീനകാലത്തു് ഉപയോഗിച്ചുവന്നിരുന്നു. അങ്ങനെയുള്ള പല വർണ്ണഭേദങ്ങളും പ്രസ്തുതകൃതികളിൽ കാണുന്നുണ്ടു്. അവയിൽ പ്രധാനമായ ചിലതിനെ എടുത്തുകാണിക്കാം.

| | പുറം |
|---|---|
| അകാരത്തിനു പകരം ആകാരം | |
| ഞാങ്ങൾ | 4, 9 |
| വാരാതെ | 56 |
| അകാരത്തിനു പകരം ഇകാരം | |
| കിണക്കേ | 10, 27 |
| അകാരത്തിനു പകരം എകാരം | |
| പെണ്ണി | 10, 25, 32 |
| പെണ്ണുമാറു് | 22 |
| പറെകെ | 26 |
| പെള്ളി | 32 |
| അകാരത്തിനു പകരം ഏകാരം | |
| അടിയേൻ | 26 |

| | പുറം |
|---|---|
| അകാരത്തിന്നു പകരം ഐകാരം | |
| വിറൈക്കിൻറു | 45 |
| നിനൈക്കിൻറ | 50 |
| ഇകാരത്തിന്നു പകരം ഉകാരം | |
| ഒരുടത്തും | 8 |
| വരുഷം | 20 |
| വരുഷിക്ക | 27 |
| പരുപാലിച്ചു | 22 |
| ഉകാരത്തിന്നു പകരം ഇകാരം | |
| ഒരിത്തരെ | 8 |
| തങ്ങളിടെ | 47 |
| ഋകാരത്തിന്നു പകരം ഉകാരം | |
| അമൃതു | 8, 32 |
| എകാരത്തിന്നു പകരം ഐകാരം | |
| ഇന്ദ്രനൈ | 53 |
| സമ്പത്തിനൈ | 55 |
| ക കാരത്തിന്നു പകരം ഗകാരം | |
| വിവേഗിക്കിൻറവന്നു | 4 |
| വിവേഗിച്ചാൻ | 17 |
| 'ങ്ങ'യ്ക്കു പകരം 'ഞ്ഞ' | |
| ഇഞ്ഞിനെ | 3, 10 |
| 'ഞ്ച'യ്ക്കു പകരം 'ഞ്ഞ' | |
| കഴൈഞ്ഞു | 18 |
| ജകാരത്തിന്നു പകരം യകാരം | |
| അയൻ | 29 |
| ഡകാരത്തിന്നു പകരം ളകാരം | |
| ചൂളാമണി | 15 |

പുറം

ണകാരത്തിന്നു പകരം 'ണ്ണ'

| | |
|---|---|
| വീണ്ണു | 38 |
| വീണ്ണുന | 62 |

ദകാരത്തിന്നു പകരം തകാരം

| | |
|---|---|
| ചേതിരാജാവു് | 6 |

'ന്ത'യ്ക്കു പകരം 'ൻറ'

| | |
|---|---|
| ഇരുന്നവൻറന്നുടെ | 43 |

'ന്ന'യ്ക്കു പകരം 'ൻറ'

| | |
|---|---|
| എൻറ | 5 |
| അൻറു | 7 |
| നിൻറ | 55 |
| എൻറാൽ | ,, |

യകാരത്തിന്നു പകരം ജകാരം

| | |
|---|---|
| ജാത്രാകുക | 7 |

'ര'യ്ക്കു പകരം 'ഇര'

| | |
|---|---|
| ഇരണ്ടു | 5 |
| ഇരാജാവു | 8, 9 |

വകാരത്തിന്നു പകരം മകാരം

| | |
|---|---|
| മീണ്ടുകൊണ്ടു് | 11 |
| ജനമും | 10 |
| പാപമും | 11 |
| അത്ഥമും | 25 |

വകാരത്തിന്നു പകരം ബകാരം

| | |
|---|---|
| സംബദിച്ചു | 3 |
| സ്വയംബരം | 3, 4, 8, 31 |
| സംബദിക്കിൻറുതില്ല | 9 |

| | |
|---|---|
| | പുറം |
| ഴകാരത്തിനു പകരം ടകാരം | |
| നാടി | 18 |
| 'ൽ' നു് പകരം 'ർ' | |
| കുടർ | 18. 51 |
| ഹകാരത്തിനു പകരം അകാരം | |
| അരൻ | 29 |
| ഇതം | 15 |

പലവക

| | |
|---|---|
| അന്തരിയാമി | 23 |
| ഉൺക | 33 |
| ഐംപലം | 18 |
| ഐംപത്തൊൻറു | 24 |
| ദയാവു് | 25 |
| കന്യാവു് | 6, 56 |
| കുണ്ടിക | 33 |
| മഹരിഷി | 31 |
| വൈശ്രവണൻ | 46 |
| ശരൺ | 22 |

(ii) അപൂർവ്വപദങ്ങളും പഴയ പ്രയോഗങ്ങളും

| | |
|---|---|
| അടിദ്രവ്യം | 4 |
| ഞാങ്ങൾ | 4 |
| അവററാൽ | 16 |
| അവ്വിരാജ്യം | 5 |
| ഇതമായിന | 15 |
| ഇനക്കി | 8 |
| ഇയങ്ങിൻറ | 8 |

| | |
|---|---|
| | പുറം |
| ഇവരേറാട്ട | 6 |
| ഇരുതാകിയ് | 15 |
| ഉമിണ്ണു | 5 |
| ഉള | 9 |
| ഉളൻ | 6, 7, 8, 19 |
| ഉളർ | 19 |
| എങ്ങൾ | 45 |
| എതിരവേ | 25 |
| എമ്മൊരു | 43 |
| എമ്മോൻ | ,, |
| ഒല്ല | 21 |
| ഒല്ലാ | 9 |
| കംപായ്കയറു് | 19 |
| കുറളൻ | 10 |
| കുറുകി | 3, 4 |
| കുറുകിൻറ | 21, 45 |
| കുറുക്കുക | 45 |
| കുശൽ | 20 |
| ക്കുറ | 5 |
| കൊടേ | 18 |
| ചമഞ്ഞുമുടിഞ്ഞിതു | 46 |
| ചാർന്നജനം | 61, 64 |
| ചാല | 32 |
| ചാലവും | 8 |
| തണ്ണീർ | 19 |
| തവുപ്പമും | 19 |
| നീരാട്ടപള്ളി | 32 |
| നെടിയേറുമതു | 19 |

| | പുറം |
|---|---|
| നെയ്യല | 18 |
| പലാതി | 22 |
| പളകി | 44 |
| പാലി | 19 |
| പിരിയ | 57 |
| പിഴക്കുക | 64 |
| പെണ്ണിക്കും (വെണ്ണിക്കും) | 18 |
| പെണ്ണുവാൻ (വെണ്ണുവാൻ) | 21 |
| പെരുതാകിയ | 5 |
| പെരുമം | 22 |
| പെരുംപൊതി | 18 |
| മകുടപ്പൂൺ | 62 |
| മടയൻ | 7 |
| മരക്കലം | 17 |
| മിടിച്ച് | 44 |
| മുറുവൽ | 39 |
| മുളൈമലം | 19 |
| വാറെ | 3 |
| വിയാമൻ | 19 |
| വെൻറിപ്പുറതട്ടീതു | 66 |
| സിംഹത്താൻ | 57 |


## (iii) ഭാഷാശൈലി


| | |
|---|---|
| അതിനാംമാറു | 8 |
| അരുളിച്ചെയ്യക്കേട്ട | 3, 7, 8 |
| ഉണർത്തക്കേട്ട | 3 |
| എഴുന്നരുളിനോനാകിൽ | 9 |

| | പുറം |
|---|---|
| മാലയിട്ടാളാകിൽ | 4 |
| കണ്ടുവരുവോയാകിൽ | 6 |
| ചൊല്ലുവേണ്ടും | 3 |
| പൊല്ലിക്കടാകിൻറ കാലത്തു | 8 |
| ചൊല്‌കിലേയാവൃതു | 3 |
| തേർമേലേറി | 8 |
| നിൻറിതോർ | 9 |
| പോകിൻറമയാൽ | 8 |
| മോക്ഷത്തെയുടയരായ് | 11 |
| ആനൈത്തലവങ്ങൾ | 16 |
| വാക്കുകൊള്ള വേണ്ടും | 3 |
| വന്നിട്ടിരിക്കുമെൻറാൽ | 9 |
| വിളിച്ചുകൊണ്ടവൾകൈയ്യിൽ | 9 |
| ചമൈച്ചു കൊട്ടുക്കവേണ്ടും | 9 |
| വർദ്ധിപ്പുതാക | 11 |
| വെൺകൊറ്റൈക്കുടൈകീഴടങ്ങപ്പടശാസനയുടൈയൻ | 17 |
| മുത്തുലാം | 18 |
| മുപ്പത്തുറുമാറു | ,, |
| മുപ്പലം | ,, |
| ഒൻപതിൻകഴൈഞ്ഞു | ,, |
| സർവവ്യാധിയെന്നാനിൻറ | 20 |
| എന്നുമതിന്നാൽ | ,, |
| ഉദാസീനംപെണ്ണി | ,, |
| കുശലിൻറിയേ | 21 |
| ശരീരത്തെ ഉടയരായി | 20 |
| എന്നേ വിസ്മയമേ | 22 |
| നിന്തിരുവടിക്കു ശരണടിയേൻ | ,, |

| | പുറം |
|---|---|
| മോഹമെന്നും സമുദ്രത്തിൽ | 22 |
| വേണ്ടിൻറുതില്ല | 12 |
| ഭക്തിപെണ്ണുമാറും ഭജിക്കുമാറും അറിയിൻറുതില്ല | 22 |
| ശരീരം ഉൽപത്തിയാകിൻറതു | 23 |
| തത്വംനിരൂപകരായിരിപ്പോൾ | 24 |
| പ്രസാദമാക്കി | ,, |
| പ്രണവമെന്നാ നിൻറതാമരെപ്പൂവിനുടെ | ,, |
| നല്ലവകൊണ്ടു പറെക | 26 |
| കണക്കെയും; കിണക്കെയും | 27 |
| ഒഴികില്ലമൊഴിയാം | 26 |
| ഭാസ്കരനൊഴിഞ്ഞിതു | 27 |
| വേദധ്വനി പ്രപഞ്ചമായിതു | 28 |
| വിരിയപ്രസാദിക്കും | 29 |
| തിരുവായ്പോക്കു | 30 |
| കനകോപമുടയനായ് | 31 |
| എന്നിവയുടയനായ് | ,, |
| വസ്ത്രം പകന്നു | 32 |
| വാചമയിൻറ നേരത്തിങ്കൽ | ,, |
| അഴകുതായേ | 33 |
| എന്തേചെയ്യുമതെൻറു | ,, |
| എൻറിയേ | ,, |
| ശപിച്ചരുളിൻേറായാകിൽ | 34 |
| ഞെറിഞ്ഞപുകത്തകായ് | ,, |
| തിരുനയനത്തൻ | ,, |
| രാജാവും......ജപിക്കിൻേറാൻ | ,, |
| നിനെക്കു വിറെക്കിൻറിതു | 38 |
| ആകിൻേറായും | 40 |
| തിരുവുടമ്പിൻ പരിശിവണ്ണമെന്നമതു | 39 |

| | പുറം |
|---|---|
| തമിഴായ്പ്പെട്ടക്കപ്പെട്ടിതു | 43 |
| അങ്ങനെയിരുന്നവന്റന്നുടെ | ,, |
| ഭ്രാപിച്ചാൻ സുരഥനാകിൻറ രാജാവു് | ,, |
| ശോകിച്ചിയങ്ങിൻറവനന്തരം | ,, |
| ജയിക്കാവൊരുത്തിയല്ല | 44 |
| സർവ്വപ്രാണികളെയും മോഹം വരുത്തുവൊരുത്തി | ,, |
| ഇതു വിഷയം | ,, |
| ബാലച്ചെറിയനാളെ | 55 |
| പ്രതിജ്ഞ പിടിച്ചിരിപ്പുതുണ്ടു് | ,, |
| ബാഹുക്കളാൽ ചിലവുകൊണ്ടു് | 59 |
| ശാന്തമൂർത്തിയാവുതും ചെയ്തു | 52 |
| വിവാഹം പിഴകിപ്പോമതു | 64 |

(iv) തമിഴ്പ്രയോഗങ്ങൾ

| | |
|---|---|
| അത്തനയിൽ | 9, 10 |
| അനൽ | 10 |
| ആനതു | 3 |
| ആയിന | 3 |
| ഇത്തിനയൊൻറു ചെയ്വതു | 9 |
| എന്നും | 8 |
| ഉട എൻറൽ | 6 |
| എത്തിന | 9 |
| എന്ന പാപമേ | 6 |
| എന്ന വിധിവശമേ | ,, |
| എൻപോൻ | ,, |
| എൻറാമാകിലും | 5 |
| കാണ്മാവടി | 7 |
| കേട്ട (ചോദിച്ചു) | 5 |

| | പുറം |
|---|---|
| ദ്ദൂതർകളെ | 8 |
| നിനൈക്കിൻറുതെൻറ | 10 |
| പണ്ണി | 5 |
| പുരുഷരെയും | 3 |
| മനുഷരെ | ,, |
| നളനൈ | ,, |
| ഭർത്താവിനൈ | 7 |
| മൂടിയുമോ | 10 |
| രാജാക്കളും | ,, |
| കലിയൻ | 4 |
| ദ്വാപരത്താൻ | ,, |
| എത്തനയും | 15 |
| വന്ത | 21 |
| ഇരുന്നമയിനാൽ | 16 |
| ഇരുന്നമയാൽ | 15 |
| അതേയുമല്ല | ,, |
| തോററിൻറ | ,, |
| ആയിരുന്ത | 16 |
| ഇപ്പ്രകാരമാന | 18 |
| മൂലാധാരത്തുക്ക് | ,, |
| പന്തിരുപലം | ,, |
| പന്തിരുകഴൈഞ്ഞു | ,, |
| പരുമാറുക | ,, |
| പരുമാററം | 20 |
| ഭക്തർകൾ | ,, |
| ഉണർത്തുകിൻറ | 22 |
| ആകവും | 23 |
| വയ്ത്തു | ,, |

| | |
|---|---|
| | പുറം |
| ഐമ്പത്തൊൻറു | 24 |
| നിറൈന്തു | ,, |
| അറിന്തു | ,, |
| വേണ്ടുവൊൻറു | 26 |
| എനക്കു് | ,, |
| ഇൻറിയേ | 27 |
| മിക്കുള്ള | 28 |
| ജാതികളുക്കു | 30 |
| നൻറു | 40 |
| വിചാരിച്ചാൻ (അന്വേഷിച്ചു | 53 |
| അവർകൾക്കു | 44 |
| തലമൈർ | 56 |


(V) സംസ്കൃതപ്രയോഗങ്ങൾ

| | |
|---|---|
| അധ്യവസായം | 7 |
| അധ്യവസിച്ചു | 17, 45 |
| അല്പപുണ്യർ | 3 |
| വിസ്മയപ്പെട്ടു | 9 |
| ഉപക്രമിക്ക | 8 |
| നളനെ മനസ്സുകൊണ്ടു ഭരിച്ചവനെയെൻറിയേ | 3 |
| പട്ടവേഷമുദ്രനായ് | 5 |
| പുഷ്കലൻ | ,, |
| പ്രച്ഛന്നവേഷത്താലവനവിടെ സംഭവിക്കും | 8 |
| ഭർത്താ(ർത്തൃ)വിയോഗം | 7 |
| യാതൊരു രാജ്യത്തിങ്കൽ നിന്നാൽ പരിപാലിക്കപ്പെട്ടവു | 4 |
| വിദർഭവിഷയത്തിങ്കൽ | ,, |
| ചക്രധരനെക്കണക്കെ കരകമലത്തിൽ ധരിക്കപ്പെട്ട ശംഖുചക്രങ്ങളെയുടയൻ | 15 |

| | പുറം |
|---|---|
| ഇക്ഷ്വാകുവംശത്തിങ്കലുള്ളൊനംബരീഷൻ | 15 |
| അച്യുതനനന്തശയനൻ ശ്രീപുണ്ഡരീകാക്ഷൻ | ,, |
| ത്രുപയൗവ്വനസൗഭാഗ്യസമ്പന്നരായിരുന്ന | 16 |
| ശ്രോ(ശോ)ണിതം | 23 |
| പെരുകിനസന്താപനായ് | 27 |
| വസ്ത്രശയനാദീനി | 31 |
| ആലസ്യൻ | 45 |
| വിസ്തരേണ | 45. 52 |
| ധർമ്മേണ | 43 |
| കുതുഹലിച്ചു | 49 |

## (vi) വ്യാകരണസംബന്ധമായ പ്രത്യേകതകൾ

| | |
|---|---|
| അഗ്നിയിൻറിയേയും | 8 |
| അല്ലയോവെൻറ | ,, |
| അതിയിൽ | 4 |
| എൻറനുടെ | ,, |
| എഴുന്നരുളിനാലും | 8 |
| കേട്ടപ്പൊഴതിലേ | 7 |
| നദീങ്കലും | 8 |
| വസ്തുവിൻറിയേയും | ,, |
| ആകയുമുണ്ടു് | 21 |
| അഗ്നിമണ്ഡലത്തുൾ | 18 |
| ജനത്തിങ്കൽ | 20 |
| അംബരീഷൻവാക്കു | 22 |
| ഉറപ്പിപ്പതു് | 28 |
| അനുഷ്ഠിയാതെ | 29 |
| ഓടികൊണ്ടു് | 38 |

| | പുറം |
|---|---|
| കർണ്ണദ്വാരത്തിങ്കൽ | 44 |
| ഇരുവസുരകൾ | ,, |
| ജയിക്കാവൊരുത്തി | ,, |
| കൊട്ടത്തവനന്തരം | 45 |
| ഇയങ്ങിൻറവനന്തരം | 44 |
| കലഹിച്ചവനന്തരം | 46 |
| അറിയിച്ചവനന്തരം | ,, |


## (vii) ക്രിയകൾ

ഈ കൃതികളിൽ കാണുന്ന ക്രിയാരൂപങ്ങൾ പ്രായേണ തമിഴിലെപ്പോലെ ലിംഗവചനപ്രത്യയങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളവയാണ്. ലിംഗവചനപ്രത്യയങ്ങളുള്ള ക്രിയകൾതന്നെ പ്രകൃതിയെ ആസ്പദമാക്കി രണ്ടു വിഭാഗങ്ങളായി തിരിക്കാം.

1 തമിഴിലും മലയാളത്തിലും പൊതുവായ പ്രകൃതികളുള്ളവ

ഉദാഹരണം :—

| | |
|---|---|
| അരുളിനാൻ | കൊട്ടുത്തുവിട്ടാൾ |
| ഉണർത്തിനാൻ | തരുവൻ |
| എണ്ണിനാൻ | വന്നുകൂടീതു |
| ആയീതു | ഒച്ചപ്പെട്ടീതു |
| ആയിരിക്കിൻറിതു | എഴുന്നള്ളീതു |
| തുടങ്ങിനാർ | ഉളവായിതു മുതലായവ. |

2. സംസ്കൃതപ്രകൃതിയുള്ളവ.—

ഉദാഹരണം:—

നമസ്കരിച്ചാൻ നിന്ദിച്ചായ്
പരിണമിക്കിൻറിതു നിഗ്രഹിച്ചാൾ മുതലായവ.
അദ്ധ്യവസിച്ചാൻ

ഈ രീതിയിലുള്ള ക്രിയാരൂപങ്ങളാണ് ഏറിയകൂറും ഈ കൃതികളിൽ കാണപ്പെട്ടുന്നതെങ്കിലും മലയാളവ്യാകരണമനുസരിച്ചുള്ള പ്രത്യയങ്ങൾ ചേൎന്ന ക്രിയാരൂപങ്ങളും കാണുന്നുണ്ട്.

| ഉദാഹരണം :— | പുറം |
|---|---|
| ആശ്ലേഷിച്ചു | 10 |
| കണ്ടതുമില്ല | 8 |
| കാണാ | 9 |
| കേട്ടതു | 8 |
| ചെയ്‌വീല | 9 |
| ചൊല്ലുക | ,, |
| തുടങ്ങീതു | 10 |
| തേപ്പുതും കുളിപ്പുതും ചെയ്ക | 7 |
| പൊരുവുതു് | 5 |
| വസിച്ചു | 10 |
| ഇല്ല | 16 |
| നിരൂപിച്ചു | 17 |
| നശിയ്ക്കും | 20 |
| പരിപാലിച്ചു | 22 |
| എഴുനീൽക്കാ | ,, |
| അറിക | 23 |

| | പുറം |
|---|---|
| കണ്ടുകൊൾ | 23 |
| ബഹുമാനിപ്പുതു | ,, |
| ആക്കുക | 25 |
| ചെയ്യു | ,, |
| പ്രാപിക്കാവൂ | 26 |
| പറെക | ,, |
| ഒഴിയാം | ,, |
| പ്രസാദിക്കും | ,, |
| കൊടുത്തു | 29 |
| രക്ഷിച്ചു | ,, |
| അനാദരിച്ചു | 31 |
| അറയിക്കേണം | 44 |
| പ്രീതിപ്പെട്ട | 51 |
| അധ്യവസിച്ചു | 45 |
| അരുളി | 46 |
| കുഹലിച്ചു | 49 |
| പെരുകി | ,, |
| ചൊല്ലാം | 53 |
| കൊണ്ടുപൊയ്ക്കളഞ്ഞു | 54 |
| നിഗ്രഹിക്കപ്പെട്ടു | 55 |
| കൊണ്ടുപോരിക | 56 |
| ചമഞ്ഞു | 61 |
| പാഞ്ഞു | ,, |
| ഒഴിഞ്ഞു | ,, |

പ്രസ്തുതകൃതികളിലെ ഭാഷയെസംബന്ധിച്ച അപഗ്രഥനപരമായ ഈ പഠനം നമ്മുടെ സാഹിത്യഭാഷയുടെ പുരോഗതിയിൽ ഒരു പ്രത്യേകഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നവയാണ് ഈ കൃതികൾ എന്ന നിഗമനത്തിലേയ്ക്കു നമ്മെ നയിക്കുന്നു. മൂലദ്രാവിഡഭാഷയുടെ ശാഖകളാണല്ലോ തമിഴ് തെലുങ്ക്, കർണ്ണാടകം, മലയാളം മുതലായവ. ഏകഗോത്രകൾ എന്ന നിലയിൽ പരസ്പരം മൗലികമായ സാജാത്യം ഉള്ളവയാണെങ്കിലും ചരിത്രാതീതകാലങ്ങളിൽതന്നെ തമിഴും മലയാളവും വിഭിന്നങ്ങളായ പ്രവണതകൾ ഉള്ള ഭാഷകളായിത്തീർന്നിരുന്നു. പശ്ചിമഘട്ടത്തിനു കിഴക്കുവശം തമിഴും പടിഞ്ഞാറുവശം മലയാളവും സ്വതന്ത്രമായി സംഭാഷണഭാഷകളായി വികസിച്ചുവന്നുവെങ്കിലും ഒരു സാഹിത്യഭാഷ എന്ന നിലയിൽ അഭിവൃദ്ധിപ്പെടുവാൻ തമിഴിനാണ് പ്രഥമമായി സാധിച്ചതെന്ന് അഭ്യൂഹിക്കേണ്ടിയിരിക്കുന്നു. തമിഴഭാഷയെ സാഹിത്യപരമായി ഉപയോഗപ്പെടുത്തുവാൻ സമാരംഭിച്ചതു് ആദ്യമായി തമിഴനാട്ടിലായിരിക്കാമെങ്കിലും അതിപ്രാചീനകാലങ്ങളിൽതന്നെ കേരളക്കരയിൽ തമിഴിൽ സാഹിത്യസൃഷ്ടി ചെയ്തുവന്നിരുന്നു എന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. മലയാളത്തിൽ സാഹിത്യവ്യവസായം ഗണ്യമായി സമാരംഭിക്കുന്നതിനു മുൻപു് കേരളീയരുടെ സാഹിത്യപരമായകഴിവുകൾ പ്രകടിപ്പിക്കുവാനുള്ള ഉപാധിയായി സാഹിത്യപരമായി അഭിവൃദ്ധിപ്പെട്ടിരുന്ന തമിഴിനെ അവർ ഉപയോഗിച്ചിരുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ഗോത്രബന്ധംകൊണ്ടു് തമിഴിനോടു സാജാത്യം വഹിക്കുന്നതും അതേസമയത്തുതന്നെ പ്രകടമായ വൈജാത്യം പ്രകടിപ്പിക്കുന്നതുമായ മലയാളഭാഷ കേരളീയക്കു് സംഭാഷണോപയോഗിയായി മാത്രം വർത്തിക്കുകയും അവരുടെ സാഹിത്യാഭിരുചിയെ ചരിതാർത്ഥമാക്കുവാൻ അവർ തമിഴഭാഷയെ ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്ന ഒരു കാലഘട്ടം ഉണ്ടായിരു

ന്നിരിക്കണം. എന്നാൽ തമിഴസാഹിത്യത്തെമാത്രം സമാശ്ര യിച്ച് തങ്ങളുടെ സാഹിത്യജീവിതം നയിച്ച് തൃപ്തിയടയു വാൻ കേരളീയർ സന്നദ്ധരായില്ല എന്നു് അനന്തരകാലത്തു മലയാളഭാഷയ്ക്കും സാഹിത്യത്തിനും ഉണ്ടായ പുരോഗതി തെളിയിക്കുന്നു.

മലയാളസാഹിത്യം അതിന്റെ പ്രാഥമികഘട്ടങ്ങളിൽ രൂപം, ഭാവം, ഭാഷ എന്നീ വിഷയങ്ങളിൽ തമിഴിനോടു വളരെ കടപ്പെട്ടിരിക്കുവാനേ തരമുള്ളൂ. മലയാളഭാഷ അതിൻെറ വ്യാകരണസംബന്ധവും ശബ്ദകോശപരവു മായ പ്രത്യേകതകളോടുകൂടി സാഹിത്യരചനക്കായി ഉപ യുക്തമായപ്പോൾ സാഹിത്യപരമായി പുരോഗതി പ്രാപി ച്ചിരുന്ന തമിഴിൽ നിന്നും പലതും കടമെടുത്തിരിക്കുവാൻ ഇടയായിട്ടുള്ളതു വെറും സ്വാഭാവികം മാത്രമാണു്. ഇങ്ങ നെ തമിഴഭാഷയുടെയും സാഹിത്യത്തിൻെറയും സഹായ ത്തോടുകൂടി മലയാളഭാഷയ്ക്കു ഗണനീയമായ പുരോഗതി കൈവന്നിരിക്കണം.

എന്നാൽ നമ്മുടെ സാഹിത്യചരിത്രത്തിലെ ഈ പ്രതി സന്ധിയുടെ പ്രാതിനിധ്യം വഹിക്കുന്ന കൃതികൾ നമുക്കു കിട്ടിയിട്ടില്ലെന്നുതന്നെ പറയാം. തമിഴിനെ ആവശ്യാനുസ രണം ഉപജീവിച്ചുകൊണ്ടു് അഭിവൃദ്ധി പ്രാപിച്ചുവന്ന മലയാളസാഹിത്യം കാലക്രമേണ സംസ്കൃതത്തിൻെറ അതിപ്രസരത്തിനു് വിധേയമായിത്തീൎന്നു. കേരളത്തിൽ സംസ്കൃതം പ്രചാരത്തിൽ വരികയും സംസ്കൃതപണ്ഡിത ന്മാർ ഉണ്ടാവുകയും ചെയ്തതോടുകൂടിയാണു് മലാളസാഹിത്യ ത്തിനു് ഇങ്ങനെ ഒരു നിറപ്പകർച്ച ഉണ്ടായതു്. എന്നാൽ സംസ്കൃതം അതിൻെറ സ്വാധീനശക്തി മലയാളത്തിലേയ്ക്കു ചെലുത്തുവാൻ സമാരംഭിച്ചപ്പോൾ സംസ്കൃതസാഹിത്യ ത്തിലെ ഭാവത്തിനല്ലാതെ രൂപത്തിനോ ശബ്ദകോശത്തിനോ

പെട്ടെന്നു മലയാളത്തിലേയ്ക്കു സംക്രമിക്കുവാൻ സാധിച്ചിരിക്കയില്ല. സംസ്കൃതത്തിലെ പ്രതിപാദ്യങ്ങൾ മലയാളികൾ സ്വകീയഭാഷയിൽ കൈകാര്യം ചെയ്യുവാൻ സമാരംഭിച്ച കാലങ്ങളിലും കാവ്യരൂപത്തിനും ഭാഷാശൈലിക്കും മററും അവർ തമിഴിനെ ഏറെക്കുറെ ഉപജീവിച്ചിരുന്നുവെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നാൽ മലയാളസാഹിത്യത്തിലെ ഈ ഘട്ടവിശേഷം വളരെ ദീർഘിച്ചുപോകുവാൻ കേരളത്തിലെ സംസ്കൃതപ്രചാരവും, കേരളീയരുടെ സംസ്കൃതാഭിനിവേശവും അനുവദിച്ചില്ല. സംസ്കൃതത്തിലെ പ്രതിപാദ്യങ്ങൾ മാത്രമല്ല വിഭക്തിപ്രത്യയങ്ങളോടു കൂടിയവയും അല്ലാത്തവയുമായ ശബ്ദങ്ങളും മലയാളസാഹിത്യരചനയുടെ കരുക്കളായി കാലക്രമത്തിൽ അംഗീകരിക്കപ്പെട്ടു. ഈ വിധത്തിൽ മലയാളസാഹിത്യവും തമിഴസാഹിത്യവുമായുള്ള വേഴ്ചയെ ശിഥിലപ്പെടുത്തുവാനും മലയാളസാഹിത്യത്തെയും ഭാഷയെയും സ്വാധീനം ചെയ്യുവാനും സംസ്കൃതം മുന്നേറിവരുന്ന ഒരു കാഴ്ചയാണു് ഈ കൃതികളിലെ ഭാഷാരീതിയിൽ പ്രതിഫലിച്ചുകാണുന്നതു്. ഈ മുന്നേററത്തിൻെറ പ്രാരംഭത്തെയോ വിജയത്തെയോ അല്ല ഈ കൃതികൾ പ്രതിനിധാനം ചെയ്യുന്നതു്. സംസ്കൃതത്തിൻെറ തള്ളിക്കയററം സമാരംഭിച്ചു് കുറെയൊക്കെ പുരോഗമിച്ചു് വിജയസാദ്ധ്യതകൾ പ്രകടമാക്കിയെങ്കിലും വിജയസിദ്ധിയോ വിജയനിശ്ചയംപോലുമോ ഉണ്ടായിട്ടില്ലാത്ത ഒരു പതനം ആണു് ഈ കൃതികളിൽ ദൃശ്യമാകുന്നതു്.

ഈ പ്രസാധനത്തിനു് അവലംബമായി സ്വീകരിച്ചിട്ടുള്ളതു് മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിലെ 732-ാം നമ്പർ ഗ്രന്ഥമാണു്.* ഈ ഗ്രന്ഥത്തിനു കുറഞ്ഞപക്ഷം

---

* ഈ ഗ്രന്ഥത്തെപ്പററിക്കൂടുതൽ അറിയുന്നതിനു് 'ശ്രീ വാസുദേവസ്തവം' എന്ന കൃതിക്കു് ലേഖകൻ എഴുതിയിട്ടുള്ള അവതാരിക നോക്കുക.

നാന്നൂറുകൊല്ലത്തെ പഴക്കമെങ്കിലും കല്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ കൃതികൾക്കു ഇതിലുമധികം പഴക്കമുണ്ടായിരിക്കണമെന്നു് അനുമാനിക്കാവുന്നതാണു്. ഇവയുടെ പ്രാചീനത നിർണ്ണയിക്കുവാൻ മററുപാധികൾ ഒന്നുംതന്നെ സുലഭമായിട്ടില്ല. പ്രാചീനമലയാളസാഹിത്യത്തിൽ, വിശേഷിച്ചും ഗദ്യസാഹിത്യത്തിൽ ഗവേഷണം ചെയ്യുന്നവക്കു് ഈ പ്രസിദ്ധീകരണം പ്രയോജനകരമായിത്തീരുമെന്നു പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
1-12-1951

പി. കെ. നാരായണപിള്ള

# പ്രാചീനമലയാളഗദ്യമാതൃകകൾ

## I

## നളോപാഖ്യാനം

# നളോപാഖ്യാനം

... ... ... ... ... ...

ഉഴറിപ്പോകിൻറതെന്റവാറേ വിദർഭവിഷയത്തിങ്കൽ സ്വയം ബരമുണ്ടെൻറു കേട്ടങ്ങു നോക്കിപ്പോകിൻറിതു. ഞങ്ങളുമങ്ങു നോക്കിപ്പോരിൻേറാമെങ്കിൽ ഞ ... ... ... ... ... ...

... ... ... ... ... ... ...

ൻറരുളിച്ചെയ്യക്കേട്ട യാതൊൻറു തിരുവുള്ളമാനതു ചെയ്‌വു തെൻറുണത്തിനാൻനളൻ, എൻകിൽ നീ ചെൻറു ദമയന്തിക്കു ചൊല്ലവേണ്ടും അല്ലപുണ്യ ... ... ... ... ... മാലയിട്ട ഭത്താവാക്കിക്കൊള്ളവേണ്ടുമെൻറിത്തിനെ ലോകപാലന്മാരരുളിച്ചെയ്യക്കേട്ട പറവുമെൻറു സംബദിച്ചു പോകിൻറവൻ നമസ്കരി ... ... ... ... ... ... ചെന്റും ചൊല്ലരുതാതെയിരിക്കും സ്ത്രീരൂപത്താൽ ചെൻറു ചൊല് കിലേയാവൂതെൻറുണർത്തക്കേട്ട നിനക്കിഷ്ടമായിനരൂപത്താൽ ചെൻറാലുമെൻറവർത ... ... ... ... ാകി യൊരു സ്ത്രീരൂപത്തെ സംഗ്രഹിച്ചു ചെൻറു ദമയന്തിയെ [1]ക്കുറുകിച്ചൊന്നാൻ. 'കാണാ ഭദ്രേ, ലോകപാലന്മാരുടെ ഒരു ... ... സ്വയംബരമ ... ... വാക്കുകൊള്ളവേണ്ടും നീ അല്ലപുണ്യരാകിയ മനുഷരൈയൊഴിഞ്ഞിട്ട്''; എൻറ ദൂതിയുടെ വാക്കുകേട്ട ചൊന്നാൾ ദമയന്തി ... ... ... ... ... ... "കാണാഭദ്രേ. ... ... ... വീര- സേനപുത്രൻ നളനൈ മനസ്സുകൊണ്ട ഭരിച്ചവനെയെൻറിയേ ലോകപാലന്മാരെയും മറെറാരു പുരുഷരൈയും ... ... ...

---

1. കുറുകി=അടുത്തു്

യോഗ്യമല്ല''യെൻറു ദമയന്തിയുടെ വാക്കുകേട്ടകമേയുണ്ടാകിയ പ്രീതിയോട്ടംകൂട ലോകപാലന്മാരെക്കുറുകി ദമയ ... ... ... കേട്ടരുളിച്ചെയ്താർ ലോകപാലന്മാർ.

''എടോ നമ്മുടെ കാര്യം [2]വേഴച്ചയൊട്ടം കൂടച്ചെൻറു ചൊന്നാനിവനെൻറു ... ... ... ... ... ൻറു മുന്നം ദേവ രാജാവുകൊട്ടത്തരുളിനാൻ. യാതൊരു രാജ്യത്തിങ്കൽ നിന്നാൽ പരിപാലിക്കപ്പെട്ടവൂ. ... ... ...

... അ...കൂട അന്തഃപുരം പുക്കാൻ അക്കാലത്തു ലോകപാല ന്മാരുടെ മുന്നിൽ വഴിയ..........രംകലിയനും നിങ്ങളെങ്ങു നോക്കിപ്പോകിൻറു എൻറലോകപാലന്മാരുടെ അരുളിച്ചെ

... ... ... ... ... ...

ാ ത്തനാർദ്വാപരത്താനും കലിയുഗനും ഞാങ്ങൾ വിദർഭവിഷ യത്തിങ്കൽ സ്വയംബരത്തിന്നു പോ ... ... എൻറകലിയൻ വാക്കുകേട്ട അരുളിച്ചെയ്താര ലോകപാലന്മാർ. ഞങ്ങളങ്ങു നി .....ൻറിതു. നിങ്ങൾ സ്വയംബരത്തിന്നുപോകവേണ്ടാ. വീരസേനപുത്രൻ നളന്നെ മാലയിട്ടാൾ ദമയന്തി. എൻറാ ലതിയിലുള്ള ഇച്ഛവേണ്ടാ. അൻറതു കേട്ട കല്പിച്ചാൻ കലി യൻ, ''ഇത്ര രാജസമൂഹമിരിക്കച്ചെ........... മാലയിട്ടാളാ കിൽ ദമയന്തിയുടെ മനസ്സിനെ ഞാൻ കെട്ടക്കിൻറുതുണ്ട. നളനുടെ വസ്തുവാഹനഭണ്ഡാരത്തോട്ടം കൂടക്കളെഞ്ഞുപോ യ്ക്കഴിയുമാറു ചെയ്യിൻേറനെൻറനുടെ രാ.........കൊണ്ട അനു ഭവിച്ചു ചിലനാൾ കഴിഞ്ഞെതട്ടത്തുവെച്ച അടിദ്രവ്യംകൊണ്ട ദാസീവർഗ്ഗമുംപടയോട്ടം കൂട വിദർഭിവഷയത്തിൽ—— ...... കാലത്തു കേട്ടാൻ കലിയൻ. നളനെകെട്ടപ്പാനുള്ള ഉപാ യമെന്തെൻറു വിവേഗിക്കിൻറവനു തോൻറീതു. ''നളനാ

---

2. വേഴച്ച=വേഴ്ച

ലാട്ടവേ—— ——രാജ്യത്തിങ്കൽപോയിരിക്കിൻറ പുഷ്കല
നെക്കൊണ്ടു പൊരുവൂ''തെൻറു പുഷ്കലനുടെയാശ്രമത്തെ
പ്രാപിച്ചുചൊന്നാൻ കലിയൻ. ''കാണാരാജാവേ, നിന്നുടെ
രാജ്യത്തെ ഉദാസീന———ജ്ഞിയായല്ലോ ഞാന്നിനക്കു
ശേഷം പണ്ണി അവ്വിരാജ്യത്തെക്കൊണ്ടു തരിൻേറ'' നെന്റ
കലിയൻ വാക്കുകേട്ടു ചൊന്നാൻ പുഷ്കലൻ. ''എപ്പ്രകാര
ത്താലവനെജ്ജ——ചെയ്‌വുതെൻറു കേട്ട'' നീ ചെൻറ
വനോട്ട ചൂതുപൊര വേണ്ടും. നിനക്കു സംബ... ... ന്റവന്നെ
വിചാരിച്ചാൽ അവൻ സംബദിക്കും. സംബദിച്ചാൽ ... അ
... ... ...ർവാഹന ഭണ്ഡാരമും പടയും കൂട ... ... ...
ഹൃദയത്തിങ്കൽ ... ... ... റുചെയ്യാട്ടിക്കളെഞ്ഞു തരു
വൻ. പിന്നെസ്സുഖത്താൽ രാജ്യോം വാണു ... ... ... ...'' ച്ചു
പുഷ്കലനെയും കൂട്ടിക്കൊണ്ടുപോന്ന നളനുടെ രാജധാനി
... ... ...''രാജാവേ, നിന്നോട്ട ചൂതുപൊരുവുതെൻറു ഞാൻ
വന്നിതു നി... ...ണ്ഡാരമും രാജ്യമും പടൈയും കൂട പണയം
വച്ചു ചൂതി... ...ന്നു പോയവൻ ചൂതിലുള്ള ആവേശ
ത്താൽ വീരെ... ... ... ... വരത്തുടങ്ങീതു ... ... ...
തുടങ്ങിനാൽ അപ്പൊഴുതു രാജാവിനാൽക്കാണ... ... ...
... ... ... ... ടിയിലൊരു തലകൊണ്ടു പൊ
ത്തിപ്പിടിക്കിൻറ കാലത്തുരി... ... ...
വുകണ്ടുനിൻറ ദമയന്തിയും പെരുതാകിയ സന്താപത്തോട്ടം
കൂട... ...ത്തും ലെജ്ജപ്പെട്ടിരിക്കും ഭത്താവു ഇവനല്ലോ നിർവ
.......................................

... പിന്നെയിരണ്ടു കുറയുമിണ്ണു കൊട്ടത്താൻ. നീയെ
ൻറാമാകിലും വെളിച്ചപ്പെടവേണ്ടുംനാൾ കുറകെ ണ്ടട്ടക്ക ...
... അത്ര ... ... പട്ടവേഷമുദ്രനായ്ച്ചെൻറു ഇക്ഷ്വാകു
രാജധാനിയെ പ്രാപിച്ചാൻ. ഇക്ഷ്വാകുരാജാവിനോട്ടകൂടി
അ... ... ... ച്ചിയങ്ങിൻറ കാലത്തു ഒരിക്കലേ അശനം.

വെറുനിലത്തേ ശയിപ്പതു. രസമാനവസ്തു താംബൂലമൈ... ...
ചെയ്യു ഏകഭുക്തനായ് ഇരുന്ന കാലത്തു കേട്ടാൻ വിദർഭ
രാജാവു, എന്നുടെ മകൾ ദമയന്തി നളനോട്ടകൂ... ...നോട്ടകൂടി
പോയവളെ വിശ്വസിക്കരുതു എന്ന പാപമേ എന്ന. എ
വിധിവശമേ, എന്നുടെ മകൾദ ... ... ...രാജ്യത്തിങ്കല്യ
ള്ളോരു ബ്രാഹ്മണനുളൻ. അവൻ വാർഷ്ണേയനെമ്പോൻ.
അവനെവി ... ... നുടെ മകൾ ദമയന്തിയെയാരാഞ്ഞു കണ്ടു
വരുവോയാകിൽ അഴകിയൊരു ഗ്രാമം തരുവൻ. എൻറതു
കേട്ടവനമ — — — ... ... ... ...
ഗരങ്ങളിലും ഗ്രാമങ്ങളിലും പരുമാറിയെടത്തു ഒരു പ്രദേശ
വാത്തകേട്ടാൻ. ചേതിരാജാവു പുത്രിയുടെ കന്യാപുര
ടിയുളർ മഞ്ഞൾപ്പൂച്ചരൈക്കയും ചാന്തുകളഭംകൂട്ടറ്വതും ചെയ്യി
ൻേറാൾ. അവൾക്കു ചില വ്രതങ്ങളുള ... ... ദീക്ഷിച്ചി ...
നാട്ട വേറുപെട്ടവുതും ചെയ്യു അനവരതമൊഴകിൻറ കണ്ണു
നീരെൻറിങ്ങനെ ചില സ്ത്രീജനം തമ്മിൽ പറയി ... ...
... ... ... ... ട്ടപോന്നു വിദർഭവിഷയത്തെ പ്രാപി
... ... ... ാവിനെക്കുറുകി ചൊന്നാൻ ദമയന്തിയെക്കണ്ടതു
മവളുടെ വാത്ത കേട്ടിതുമവളെക്കണക്കേക്കണ്ടതുമി ... ...
ചേതിരാ......... ടെകന്യാപുരത്തിൻകൽ കന്ന്യാവിനോട്ടകൂടി
യൊരു സൈരന്ധ്രിയുളൾ മഞ്ഞൾപ്പൂച്ചരൈക്കയും ചാന്തും
കളഭംകൂട്ടൃതും ചെയ്യിൻേറാൾ. അവൾക്കു ചില...... ളുള
ദീക്ഷിച്ചു പോരിൻേറാൾ തൈലസ്നാനം താംബൂലം-ശയന
മെൻറിവറെറാട്ട വേറുപട്ടവുതും ചെയ്യു അനവരതമൊഴകിന്റ
ഹർഷാശ്രുക്കളെയുടഎൻറൾ. ഞ്ഞി(?)സ്ത്രീജനംതമ്മിൽപ്പ...
ചിലയിൻറുറതുണ്ടെൻറ ബ്രാഹ്മണൻ ചൊന്നാൻ. അപ്പൊഴതു
രാജാവും കുതൂഹലിച്ചു എന്നുടെ മകൾ ദമയന്തി ചാലവും
ചേതിരാജാവു നമുക്കു തായുടപ്പിറ — — യൻ — — ന്ദയെ
— — — — — — — വിട...ത്തെ പ്രാപിപ്പാനും വിഷയ

മുണ്ടു്. ഭർത്താവിയോഗത്തിൽ ക്ലേശിപ്പാനുമവകാശമുണ്ടു്. നമ്മുടെ ദൂതകൾ ചെൻറുചൊല്ലീട്ട പോരിക എന്നു— — — കേട്ടിതുമവൾതനെക്കു പുത്രിയെയല്ലോ എൻറാൻ. അവളെ ക്ലേശപ്പെടാതെയിങ്ങു [1]ജാത്രാകുകയെൻറു— — — —ചേതി രാജാവിനോടറിയിച്ചു. രാജാവും കുതൂഹലിച്ചു ഞാനൊവു വസ്തു അറിഞ്ഞുതില്ലേയെൻറു ചൊല്ലി അനേകമായിരം ദാസി വർഗ്ഗത്തോട്ടംകൂട... ... ... ...ശിവികൾ... ... (പക്ക)ലേകൊട്ട ത്തുവിട്ടാൻ. അനന്തരം രാജാവും തന്നുടെ പുത്രിയെ വാങ്ങി ത്തഴകി എണ്ണതേപ്പൂതും കുളിപ്പൂതുംചെയ്ക. ക്ലേശപ്പടാതെ നളനി ഭൂമണ്ഡലത്തിങ്കൽ ഉളനാ— — — — — —ാരാഞ്ഞു കൊള്ളിൻേറാമെൻറു രാജാവരുളിച്ചെയ്യക്കേട്ട യാതൊരുനാൾ ഞാനെന്നുടെ ഭർത്താവിനെകാണിൻറ അൻറു അവനോട്ട കൂടിയെൻറിയേ ഞാ ... ... ... ... ങ്ങളൊൻറുമനുഭവിക്കിൻറു തില്ല. അത പ്ര ... ... ... ... ... കിലിവണ്ണമേയി രുന്നു മരിച്ചുപോവേനെൻവളുടെയദ്ധ്യവസായമറിഞ്ഞ രാജാവു പിന്നെയും വാർഷ്ണേയനെ ... ... ... ... ... ... കൊണ്ടരുളിച്ചെയ്യ്താൻ. ഇതു... ... ... ഷ്ണേയാ കാൺനീയിന്നും മുന്നെക്കണക്കേപോയെല്ലാരാജ്യത്തിങ്കലും ഗ്രാമങ്ങളിലും പർവതങ്ങളിലും നദി—ൻകലും മററും എങ്ങും ആരാഞ്ഞുകണ്ട... റുവോയാകിൽ അഴകിയൊരുഗ്രാമം തരുവൻ. എൻറതു കേട്ടപ്പൊഴതിലേയെല്ലാരാജ്യത്തിൻകലും നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരു പുരുഷനെകാണ്മാവടി ഒരു പ്രശ്നം വച്ചേടത്തു ഇക്ഷ്വാകുരാജധാനിയിങ്കൽ ഒരു മടയനുളൻ. അവനുടെ മാർഗ്ഗത്തേ അറിവുതെൻറവിടത്തെ ... ... ... പിച്ച ... ... ചൊന്നാൻ വാർഷ്ണേയൻ.

"ഇതു കാണാ മടയാ, ഞാനൊരുപരദേശി എന്നെ ഊട്ടവേണ്ടും. ൻറ വാർഷ്ണേയൻ ചൊല്ലക്കേട്ട അവനും മൃഷ്ടമായ്യ

---

1. ജാത്ര=യാത്ര

ട്ടിനാൻ. ഉണ്ടിരിന്ന — — രൊയ അർദ്ധരാത്രികാലത്തു പോയ പുരുഷർ ചാലവും ദുഷ്ടരല്ലയോവെന്റെ വാർഷ്ണേയൻ ചൊല്ലക്കേട്ടചൊന്നാൻ മടയൻ — — — — ... ... ... താന്താന്തമ ... ... ... ... തേയാ—വുതെൻറമടയൻവാക്കു കേട്ടയിതു ചാലവും നളനെന്നുമെടമറിഞ്ഞു രാജധാനിയെ പ്രാപിച്ചു രാജാവിനെക്കുറിക്ക... ...ർത്തിനാൻ. "പോയെല്ലാ രാജ്യത്തിൻകലും ഗ്രാമങ്ങളിലും പരുമാറിയേടത്തുമെങ്ങുമൊരുടത്തും നളനുടെ വാക്കു കേട്ടതു. നളനെക്കണക്കേയി... ... ... ... ഷ്ലോരിത്തരെക്കണ്ടതുമില്ല. ഇക്ഷ്വാകുരാജധാനിയിങ്കലൊരു മടയനുളൻ. അവന്ന് അഗ്നിയിൻറിയേയും വസ്തുവിൻറിയേയും അമുതുപടെച്ചിയങ്ങിൻേറാൻ. അവനെ... ... ത്തി പ്രശ്നം വെണ്ണിനെടത്തുവെച്ചു സംശയമുണ്ടെൻറ വാർഷ്ണേയൻ ചൊല്ലക്കേട്ടചൊന്നാൾ ദമയന്തി. "പ്രച്ഛന്നവേഷത്താലവനവിടെ സംഭവിക്കം. വിളിച്ചു ... ... ... ാനുപായന്നിരൂപിക്ക. അതുവുമിനക്കി തോൻറിൻറതു. നളനോ ഭ്രാന്തനായ് പോകിൻറമയാൽ പുനഃസ്വയംവരമുണ്ടെൻെറങ്ങുമറിയിക്ക. ജീവിച്ചിരിക്കിൻേറാ ... ... ... ടെ വാക്കുകേട്ട രാജാവും ദൂതർകളെ വിളിച്ചുംകൊണ്ടരുളിച്ചെതാൻ. "നിങ്ങളെല്ലാ രാജ്യത്തിലും നഗരങ്ങളിലും ഗ്രാമ ... ... ... ... ...ബരമുണ്ടെൻറു ഇക്ഷ്വാകുരാജാവിനോട്ട ചൊല്ലുക." എൻറതു കേട്ട ദൂതകളും ചെൻറിക്ഷ്വാകുരാജാവിനോട്ടണർത്തിനാർ. അതുകേ ... ... ... സ്വയംബരമാകിൽ അതെൻറക്കാമ്മാറുചെല്ലരുതു എൻറാലൊഴികയുമതേയാവുതെൻറു രാജാവിനുടെയരുളിച്ചെയക്കേ ... ... ... ... ൽവനെഴുന്നരുളിനാല്വം എൻറമടയൻ വാക്കുകേട്ട എങ്കിലതിനാമ്മാറുമുപക്രമിക്കയെൻറു രാജാവരുളിച്ചെയക്കേട്ട നല്ലവ ... ... ... ... തേർമേലേറി എഴുന്നരുളിൻറകാലത്തു കുതിരച്ചെവിയിലശ്വഹൃദയം മന്ത്രം ചൊല്ലിക്കടാകിൻറ കാലത്തു മനസ്സിനേയും വായുഭഗവാനെ ... ... ... ... ... ... ... ചെയ്താനിരാജാവു ... ... ...

“കാണാസാരഥീ ഇക്കാണപ്പെടിന്റ വൃക്ഷത്തിന്മേലുള്ള
തളിരുമിലയുമെത്തിനയുളയെന്റ ക്ഷണിപ്പൻ ക്ഷണീ ... ...
റുത്തി വൃക്ഷത്തിന്മേലേറി ക്ഷണമാത്രയിങ്കലെണ്ണിനാൻ. ഒത്തൊ
ട്ടിരുന്നതു. അതുകൊണ്ടു വിസ്മയപ്പെട്ടു അക്ഷഹൃദയം കൊണ്ട
ല്ലോ ... ... ... ... ദയമെന്റ ഇച്ഛയോട്ടും കൂട വിചാ
രിക്കിന്റ മടയനുടെ ഹൃദയമറിഞ്ഞു നമ്മിലിത്തിനെയൊന്റു
ചെയ്‌വുതു, നീയെനിക്കു അ... ... അക്ഷഹൃദയം മന്ത്രം
ഉപദേശിപ്പിതു. എന്റിരുവരും തമ്മിൽ പകന്ന മന്ത്രങ്ങൾ
ഉപദേശിക്കിന്റ കാലത്തു അക്ഷഹൃദയം മന്ത്രം ഹൃദ ... ...
പുറപ്പെട്ടു വീണു നമസ്കരിച്ചുണർത്തിനാൻ.

“ഇതു കാണാ രാജാവേ നീയിരുന്ന പ്രദേശത്തും നിന്നു
ടെ രാജ്യത്തിങ്കലുമുള ... ... ... ... മുണ്ടാകാതൊഴിക
... ... ... ഞാമ്പോകിര ... ... ... ... ... ന്റ നിന്റിതോ
രതാന്റിമരത്തിന്മേൽ ചെന്റേററിനാൻ കലിയൻ; അത്തന
യിൽ വിദർഭവിഷയത്തൈത്ത പ്പപിച്ചാനിരാജാവു കേട്ടാത്തു
ദമയ ... ... ...രാജാവേഴുന്നരുളിനോനാകിൽ എന്നുടെ ഭർ
ത്താവുവന്നിട്ടിരിക്കുമെന്റാൽ അവനെക്കൊണ്ടു മാംസമിടി
പ്പിച്ചു തിന്റാൽ അതിനുടെ സ്വാദുകണ്ടറിവനവനാകിൽ
എന്റ കേശിനിയാകിന്റ ദൂതിയെ വിളിച്ചുകൊണ്ടവൾ
കയ്യിൽമാംസവും കൊടുത്തു വിട്ടാൾ. അവൾ കൊണ്ടുചെന്റി
മാംസം ചമൈച്ചു കൊടുക്കവേണ്ടും എന്നുടെ സ്വാമിക്കു്.
എന്റതുകേട്ടു കല ...കളമുതു ചെയ്‌വില. ഞാങ്ങൾ ചമൈ
ച്ചുവസ്തു മാങ്സമോ വിശേഷിച്ചുമൊല്ലായെന്റുമടയൻ
വാക്കുകേട്ടു മാംസവും കൊണ്ടുചെന്റാൾ. കേശിനിയതു കേട്ടു
എന്നെയിന്നുമൊളിപ്പു ... ... ... ന്റധ്യവസിച്ചാൻ ഭർ
ത്താവു. ഞാനും സംബദിക്കിന്റുതില്ല എന്റ രാജാവിരുന്ന
പ്രദേശംനോക്കി ചെല്ലത്തുടങ്ങിനാൾ. [1]മാനസപ്രദേശത്തി

---

1. മാനസം = മഹാനസം, അടുക്കള

രുന്നമടയനെക്കണ്ടു"കാണാഭർത്താവേ വി ... ... യർദ്ധ രാത്രികാലത്തുകളഞ്ഞുപോയതെൻറിയേ ഇപ്പൊഴുതുമെന്നെ യൊളിച്ചരുളുവാനോ നിനെക്കിൻറൂതെന്റ കാരുണ്യമെൻറും കൃപയെൻറുമൊരത്ഥമില്ലചെ ... ... ... ... യെൻറതു കേട്ടു.

"കാണാഭദ്രേ, എന്തുവിസ്മൃതിയുണ്ടോ നിനക്കു രാജാ വിനോട്ടകൂടിപ്പോരുന്നൊരു സാരഥി ഞാൻ അതേയുമല്ല ഞാ നൊരു കുറളനായിട്ടിരിക്കി ... ... ... രുത്തർ" എന്നെ ഭർത്താവെൻറു ചൊല്ലിൻറിതു. എന്നേ വിസ്മയമേയെൻറി ഞ്ഞിനെ ചൊല്ലിൻറ മടയനെ നോക്കീച്ചൊന്നാൾ ദമയന്തി. എത്രയും കാലം ഭർത്താ ... ... ... വിയോഗം നിമിത്ത മായ് ക്ലേശിച്ചിരുന്നനാൾ കണ്ടു മുടിയുമോയെൻറുള്ള ഇച്ഛ യായി പ്രാണനേ രക്ഷിച്ചിരിക്കിൻേറൻ. എനിക്കു ഭർത്താവേ നിന്നുടെരു ... ... ... ഉള്ളവ്വണ്ണമേകണ്ടിട്ടു മരിക്കാമോയെ ... ... ഷ്ടിരിക്കിൻേറാമെന്നുടെ നയനങ്ങൾ [1]അനലണ ഞ്ഞമെഴുകു കിണക്കേ ഉരുകുകിൻറ ഹൃദയത്തോടും കൂട ദുഃ ... ... ... ... ദമയന്തിയെക്കണ്ടു സഹിക്കരുതായ് പരവ ശാൽ നളനുടെകാതിൽക്കിടന്ന കുറകഴിച്ചുടുത്തു പണ്ടുള്ള വേഷമായീതു. അപ്പൊഴുതു വിദർഭവിഷയം സങ്കുലമായിതു കണ്ടാൾ. ദമയന്തി ഭർത്താവിനെപ്പിടിച്ചാശ്ലേഷിച്ചു. ആ നന്ദബാഷ്പം കൊണ്ടഭിഷേകം വെണ്ണിൻറ കാലത്തു സർ വജനങ്ങളെല്ലാരും കൂടിയെതിരേററുകൊണ്ടുപോയ് അഭ്യന്ത ... ... ... ... കുസുഖിച്ചിരുന്നരുളിനാർ. അത്രയിൽ? അ ത്തനയിൽ വീരസേനനന്ദനൻ നളൻ വന്നാമ്പോൾ വിദർഭ വിഷയത്തിങ്കലെൻറ ഭരതവാക്യത്താൽ കുതുഹലിച്ചു രാജാ ക്കളും ... ... ... ... ജനവും കൂടക്കാണ്മാൻ വന്നുകൂടത്തുട ങ്ങീതു. ജനത്താലും മഹാജനത്താലും നിറെയപ്പെട്ട വിദർഭ വിഷയത്തിങ്കൽ ചിലനാളുവസിച്ചു. പിന്നെദമയന്തി ... ...

---

1. അനൽ = അഗ്നി

പ്പായംനരാജവിഷയത്തെ പ്രാപിച്ചു പുഷ്കലനോട്ട ചൂതു പൊരുതു രാജ്യവും പടെയും ഭണ്ഡാരമും അശേഷമായ് മീണ്ടു കൊണ്ടു പുഷ്കലനെപ്പിടിച്ചുകെ ... ... ... ... പരി ജനപരിജാതം വെണ്ണിശ്ശത്രുഭയം കെട്ടത്തു രാജ്യത്തിനെ പരിപാലനം വെണ്ണി ദമയന്തിയോട്ടകൂട സുഖിച്ചു വസിച്ചരു ളിനാൻ വീരസേനനന ... ... ... എൻറിട്ടിരിപ്പിതു്.

ഇ ശ്രീകഥ ചൊല്ലുമവക്കും കേഴ്ക്കുമവർക്കും ജന്മ ജന്മാന്തരങ്ങളിൽ ചെയ്യപ്പെട്ട പാപമും കെട്ട മോക്ഷത്തെ യുടയരായുത്തരോത്തരമും വർദ്ധിപ്പൂതാക. നമോ നാരായ ണായ ഹരിഃ.

# പ്രാചീനമലയാളഗദ്യമാതൃകകൾ

## II

## അംബരീഷോപാഖ്യാനം

# അംബരീഷോപാഖ്യാനം

ഹരിഃ—

അച്ച്യുതനനന്തശയനൻ ശ്രീപുണ്ഡരീകാക്ഷൻ നാരായണസ്വാമി ശ്രീപുരുഷോത്തമൻതിരുവടിയുടെ ശ്രീപഞ്ചായുധങ്ങൾപോല്ല ... മിമെന്നമതിനാൽ ഇക്ഷ്വാകുവംശത്തിങ്കല്ലുള്ളോനംബരീഷ(ണ?)നാകിൻറ രാജാവവനെത്തനയ്യം സമത്ഥബുദ്ധിയുടയൻ. സമസ്തരാജാക്കളുടെ മുടിച്ചൂളാമണിയി ... സേനയുടയൻ പ്രസാദത്തിനാല്യമനുരാഗത്തിനാല്യമിതമായിന സാമന്തജ(ന)ത്താൽ നിറയപ്പെട്ടിരിക്കിൻറ നാല്യ സമുദ്രത്തിനുമിറുതാകിയ ഭൂമിക്കു ഭത്താവു. ചക്രധരനെക്കണക്കെ കരകമലത്തിങ്കൽ ധരിക്കപ്പെട്ട ശംഖുചക്രങ്ങളെയുടയൻ. ഈശ്വരൻ തിരുവടിയെക്കിണക്കേ ദഹിക്കപ്പെട്ട കാമദേവനെയുടയൻ സുബ്രഹ്മണ്യനെക്കണക്കേ ലക്ഷ്മീക്കുതോററിൻറ ഗംഗയുടെയൊഴക്കു(കി?ക)ണക്കെയിരുന്ന ഗാംഭീയ്യത്തെയുടയൻ അതേയുമല്ല, ആദിരാജാവു ഭഗീരഥനുടെ മാഗ്ഗ്വതിയായിട്ടിരുന്നോൻ.അമാത്യപുരോഹിതരാൽപരിവൃതനായിട്ടിരിന്നോൻ. അവനുടെ രാജ്യത്തിങ്കൽ എപ്പൊഴുതുമുളവാകിൻറ ദേവോത്സവങ്ങളാൽ രമണീയമാകിൻറിതു. അദ്ധ്യാ(യ?പ)നമദ്ധ്യയനം പ്രതിഗ്രഹം ദാന(മാദി) ഇഷ്ടകർമ്മനിരതരായ തപസ്സ്വാദ്ധ്യായതൽപരരായ് വ്രതോപവാസദീക്ഷിതരായിരിക്കിൻറ ബ്രാഹ്മണവഗ്ഗത്താൽനിറയപ്പെട്ടിരുന്നമയാൽ(ബ്രഹ്മ?ബ്രാഹ്മന്ന)ലോകമെൻറു തോൻറുമാറുമിരുന്നിതു. അതെയുമല്ല,പ്രളയ(ഘടതട?ഗജഘടാകട)വിഗളിതമായിന മദവാരിപൂരിതത്താലാർദ്രിതമായിന കല്ലോലനദീയുഗാന്തങ്ങളെയുടയവായപ്രളയഘടതടാ(?ഘനഘടാ)ടോപഗർജ്ജിതങ്ങളായിന ഗന്ധസിന്ധുകുഞ്ജരപതികൾ മന്ദരമലയെ പ്രാപിച്ച കിണക്കേയും,

അഞ്ജനമലൈയാ ഗാത്രം പെററാരെക്കിണക്കേയും, നീല മേഘം നിരന്നുവന്നിറങ്ങിനകിണക്കേയും നല്ലവാനൈത്തല വങ്ങളാൽ നിറയപ്പെട്ടിരുന്നമയിനാൽ ഹിമവൽക്കടതടമെന്റു തോൻറുമാറുമിരുന്നിതു.

അതേയുമല്ല; മനസ്സിനൈയും വൈനതേ(നീ?യ)നൈയും വേഗംകൊണ്ടു വെൻറിട്ടിരുന്നശ്വരത്താങ്ങളാൽ നിറയപ്പെട്ടിരുന്നമയാൽ സിന്ധുദേശമെൻറു തോൻറുമാറുമിരുന്നിതു. അതേയുമല്ല; അത്യന്തം വിദഗ്ദ്ധരായി രൂപയൌവനസൌഭാഗ്യ സമ്പന്നരായിരുന്തസ്ത്രീകളാൽ നിറയപ്പെട്ടിരുന്നമയാൽ അമരാവതിയെൻറുതോൻറുമാറുമിരുന്നിതു. അതേയുമല്ല, വീണാവേണുമൃദംഗശം(ഖ?ഖ) പടഹകാ(ഹ)ള താളഗീതവാദ്യങ്ങളാൽ കേ(ാ)ല(ാ)ഹലസങ്കുലമായിരുന്നമയാ (ൽ) ഗന്ധർവനഗരിയെൻറു തോൻറുമാറുമിരുന്നിതു. അനേകമായിരം രത്നങ്ങളാൽ നിറയപ്പെട്ടിരുന്നമയാൽ വൈശ്രവണാലയമെൻറു തോൻറുമാറുമിരുന്നിതു. നാനാജാതിയുള്ള രത്നങ്ങളുള്ളമയാൽ നാഗലോകമെൻറു തോൻറുമാറുമിരുന്നിതു. മററും നാനാജാതിവിചിത്രം നാനാപ്രകാരമായുളവാകിന്റവറ്റാൽ അലംകൃതമായിരിക്കിന്റിതു.

അത്യന്തം സമ്പന്നരായ് സമ്പൂർണ്ണമായ് പ്രഭാ(ല?വ)ധനമാമെൻറു പ്രജകളൈപ്പിഴയാതെ രക്ഷിച്ചിവണ്ണമിരുന്നതുളിൻറ രാജാവു് അംബരീഷണനുടെ രാജ്യത്തിലേതുമൊരു ദുഃഖമില്ല- രതിയിലേ(ക്ലേ?കേ)ശഗ്രഹണമുള്ളിതു. കണ്ണിലേ കാമമുള്ളിതു. കാവ്യങ്ങളിലേ ദൃഢബന്ധം. ശാസ്ത്രങ്ങളിലേ ചിന്ത. വില്ലിലേ ഗുണവിശേഷം വരിൻറിതു. നായാട്ടിലേ കളവുള്ളിതു. സ്വപ്നത്തിലേയൊരുത്തരൈയൊരുത്തം ചതിക്കിൻറിതു. സ്വജനങ്ങളിലേ വികല്പമുള്ളിതു. സ്വദാരത്തിലേ സാദ്ധ്യം പരചക്രഭയമില്ല. പരദ്രവ്യകാംക്ഷയില്ല. ചോരഭയ(മല്ലി?മില്ല). അതിവൃഷ്ടിയുമനാവൃഷ്ടിയുമില്ല. ദുർഭിക്ഷൌ

(പൃ?പ)ദ്രവമില്ല. മണ്ഡലവർഷമില്ല. അബ്ദഢത(?)മന്ധ കാർത്തമില്ല. അജ്ഞാനികളുമണ്ണുകളുമില്ല. പരദാരമഗനരും പാപികളുമില്ല. മററുമിവ്വണ്ണമേയേതുമൊരുദുഃഖമില്ല. ദുഷ്ട നിഗ്രഹമും ശിഷ്ടപരിപാലനവും ചെയ്തു കർമ്മങ്ങൾ പിഴ യാതേ രാജ്യംരക്ഷിച്ചു ഒരു വെൺകൊററക്കുടെക്കീഴടങ്ങ പ്പെട ശാസനയുടെയനായി സവ്വപ്രാണികളെ രക്ഷിച്ചിവ ണ്ണമിയങ്ങിൻറ രാജാവു് അംബരീഷനിന്ദ്രനെക്കണക്കേ പരാക്രമം. ഹിമവാനെക്കിണക്കേ ശക്തിയുടയൻ. ചന്ദ്ര നെക്കിണക്കേ കണ്ണിന്നിനിയൻ. സത്യത്തിങ്കലുറപ്പുടയൻ. ധർമ്മത്തിങ്കൽ പ്രധാനൻ. ശാസ്ത്രങ്ങളിൽ നിപുണൻ. ശത്രു ക്കളെ ജയിക്കും സ്വഭാവമുടയൻ. ദാക്ഷിണ്യശീലൻ. ഇവ്വ ണ്ണമിരുന്ന രാജാവു അംബരീഷനൻ പുരുഷാത്ഥത്തിങ്കൽ ചെലുത്തപ്പെട്ട മനസ്സുടയനായിരുന്നവൻ വിവേഗിച്ചാൻ,"എ ന്തുകിൽലാ, മുഖ്യമാവതും? ധമ്മമോ അത്ഥമോ പുത്രരോ" എൻറു വിവേഗിച്ചവന്നുതോൻറീതു, "പുത്രരാലോ പുരുഷാർത്ഥത്ത (ളുവേ?ത്തളമേ)വരുവിതു. അത്ഥത്താലോ ഐശ്ര്യ്യമുണ്ടാ മഭിമാനം തീക്കാം. ധർമ്മങ്ങളെച്ചെകിലവയും പരലോ കത്തിങ്ക ലാഭിക്ക'’മെൻറു ചൊല്ലിപ്പലദാനങ്ങളെ ചെവ്വു തെൻറു് അദ്ധ്യവസിച്ചു അത്ഥരാശിയാൽ കോരിക്കൊണ്ടു പോന്നുപ്പലദാനങ്ങളെ ചെയ്യത്തുടങ്ങിനാൻ. സുവണ്ണദാനം, താ(മ്ര?മ്ര)ദാനം, തിലദാനം, ഗോദാനം, വസ്ത്രദാനം, അന്ന ദാനം എൻറിവ. ഏവമാദി പലദാനങ്ങളെച്ചെയ്തു പകലു കഴിഞ്ഞു. രാത്രിയിങ്കൽ പള്ളിക്കുറിപ്പുണർന്നു കിടന്നവൻ വിവേഗിച്ചാൻ; 'ശരീരാവസ്ഥയിരിക്കിൻറവാറു നിരൂപിച്ചു പൃ(ധ്രുവ്യാപ്പൃ?ഥിവ്യപ്) തേജോ (വായുരാ?വാസ്ലാ)കാശമയം ശരീരം. ഇവററിന്നുടെ സ്വഭാവമാകിൻറതു ശബ്ദസ്പർശ രൂപരസഗന്ധം. ഇവററിൻ നിലയാവതു ശ്രോത്രത്തൊക്കു (?ത്വക്) ചക്ഷു(ർ)ജിഹ്വാഘ്രാണങ്ങൾ. വാ(ം?)ക്പാദ പാണിപാ(യുരു?യൂ)പസ്ഥം ഇവ ശരീരയാപന. ശരീര

ത്തിലുള്ള വസ്തുക്കൾ. യാപന. പ്രാണാപാനവ്യാനോദാനസമാനനാഗ(കീക്രു)൮കൃകലദേവദത്തധനഞ്ജയ ഇവ ദശവായുക്കൾ. (ഇഡാപിംഗസുഷുക്തി? ഇഡാപിംഗളാസുഷുമ്ന)ഗാന്ധാര അപിജിഹ്വാ ശംകിനി ശങ്കിലി ഇഷാലംബുഷാ ഇവ ദശനാഡികൾ. മനോബുദ്ധ്യഹങ്കാരചിത്തമാകിൻറ അന്തഃകരണചതുഷ്ടയമും മണ്ഡലത്രയമും മൂർത്തിത്രയമും അവസ്ഥാത്രയമും നാടീത്രയവും ഇവയെല്ലാററിനും നാളമാകിൻറതു തൊക്കുരുധിരം മാംസമേദോസ്ഥിമജ്ജാശുക്ലമാകിൻറതുഎൺ കഴഞ്ചു. കഴുത്തു് ഒമ്പതിൻ കഴൈഞ്ചു. കണ്ണിരണ്ടും പന്തിരുകഴൈഞ്ചു കൊടേ മൂപ്പലം. തലൈച്ചോറ് എൺ കഴൈഞ്ചു. നാക്കൊരുപലം. ചെറുനാക്ക മൂൻറുകാണം. അസ്ഥിയിരുപലാം. മാംസം മുത്തുലാം. പെരുംപൊതി പന്തിരുപലം. കരിളൈമ്പലം. നെയ്യുല ഏഴുപലം. കുടർ മുപ്പത്തറുമാറു. പ്രസ്രവം മുന്നാഴിആഴക്ക, രുധിരം പതിന്നാനാഴി. ശുക്ലമെൺകഴൈഞ്ചു. ശ്ലേഷ്മം, പതിനെൺ കഴൈഞ്ചു. രോമമ്മുക്കൊടിയുമരൈക്കൊടിയും,ന്നാടികളെഴപത്തീരായിരം. ഒരു നാഴികക്കു മുന്നൂററുമുപ്പതുശ്വാസമിയങ്ങും. ഒരുനാളിൽ രാവും പകലും ഇരുപത്തോരായിരത്തിമുന്നൂറുശ്വാസമിയങ്ങും. ഇഞ്ഞിണെയിരുന്ന ശരീരത്തെയൊൻറാക ബുദ്ധിവെണ്ണിക്കും വററിപ്പുടം പുക്ക മൂലാധാരത്തുക്കു മൂവിരൽ മേലെ ആലിത്തെഴകിൻറിതോരഗ്നിമണ്ഡലത്തുളിടെയും പിംഗലയും ചൂഴ ബ്രഹ്മനാടിവഴി പുറപ്പെട്ടമകംപുക്കും പരുമാറിൻറതു പ്രാണവായുവുമപാനവായുവും.

ഇപ്രകാരമാന ശരീരമും മരക്കലമും തമ്മിലൊപ്പിച്ചു കണ്ടാ,ലൊത്തിട്ടല്ലോയിരിക്കിൻറതു. മരക്കലമ്മരംകൊണ്ടു കല്പിച്ച പദാർത്ഥമാകിൻറമയാൽ പലകയൊടുപിള്ളയോടു പട്ടാനൈപ്പടി പറാരം മണിമുടക്കുകാൽ തുലാമെന്മതക മണചത്താരി കടീ വിലങ്ങലെരിനെയ്യു ... ... ലൈക്ക

ള്ളിയിടെ കള്ളിമൂൻറാങ്കള്ളി നാലാംകള്ളി കുമ്പിവീട്ട വള്ളി മുമ്പിട്ടകള്ളി എൻറിപ്രകാരം ചൊല്ലുമതശക്യം. മരം കൊണ്ടുകല്പിച്ചുള്ളതു മരക്കലം. ശരീരമും ശുക്ലമും ശോണിതമുംകൊണ്ടു കല്പിച്ചുള്ളതു. രോമമായി രുധിരമാംസമും തവ്വുപ്പും മൂളെമലമെൻറിജ്ജാതി ശുക്ലത്തിൻവഴിയും (ശ്രോ? ശോ) ണിതത്തിൻവഴിയും ശരീരമാകിൻറതു. അസ്ഥിസ്സായു മജ്ജതു. മരക്കലത്തിനം മരംകൊണ്ടു വിലങ്ങിടിൻറിതു. ശരീരത്തിന്നുമെല്ലുകൊണ്ടു വിലങ്ങയിടിൻറിതു. മരക്കലത്തിന്നുമിരുമ്പാണി ശരീരത്തിന്നു രോമങ്ങളാണി. മരക്കലത്തിന്നു കൽകൊണ്ടങ്കുരം താഴ്ത്തിൻറിതു. ശരീരത്തിന്നു ശ്വാസം കൊണ്ടു പ്രാണനനിയങ്ങിൻറിതു. മരക്കലത്തിന്നു വിളക്കെണ്ണ തേക്കിൻറിതു. ശരീരത്തിന്നുമെണ്ണതേക്കിൻറിതു, മരക്കലത്തിന്നു മരംകുമ്പു, ശരീരത്തിന്നു മനംകുമ്പു, മരക്കലത്തിന്നു വിയാമനുളൻ. ശരീരത്തിന്നു വിയാമൻ ക്ഷേത്രജ്ഞൻ. മരക്കലത്തിന്നു കർമ്മകാരരുളർ ശരീരത്തിന്നു കർമ്മകാരർ മഹാഭൂതങ്ങൾ. മരക്കലത്തിന്നൊരു സ്ത്രീദേവത ഉണ്ടു .ശരീരത്തിന്നൊരു മഹാദേവതയുണ്ടു. മരക്കലത്തിന്നു തണ്ണീർപ്പാത്രം തോൽ ശരീരത്തിന്നു തണ്ണീർപ്പാത്രം വേറെയുണ്ടു്. മരക്കലത്തിന്നു അടിച്ചരക്ക മണൽ, ശരീരത്തിന്നടിച്ചരക്ക മലം. മരക്കലത്തിന്മേൽ നെടിയേററുമതു നല്ലവസ്തുക്കൾ, ശരീരത്തിന്മേൽ നെടിയേററുവതു രാഗദ്വേഷം. മരക്കലത്തിന്നു ചകരി കംപായ്ക്കയറു, ശരീരത്തിന്നു കമ്പായ്ക്കയറു പ്രാണവായുവും അപാനവായുവും. മരക്കലത്തിന്നു കുറെപ്പായ്, ശരീരത്തിന്നു കുറെപ്പാ ജീവൻ, മരക്കലത്തിൽ നെടിയേററുമതർത്ഥം, ശരീരത്തിൽ നെടിയേററുമതാഹാരം. മരക്കലമപ്പവിൻ നടുവിലെയിയങ്ങുവിതു, ശരീരമും തണ്ണീരാലേയിയങ്ങുവിതു. മരക്കലം സമുദ്രത്തിലേയോട്ടവിതു, ശരീരവും സംസാരസമുദ്രത്തിലേയോട്ടവിതു. മരക്കലം കള്ളർ വെട്ടിപ്പറിപ്പും, ശരീരമും യമദൂതർകൾ പറിപ്പർ. മരക്കലം പാലിമേലുറയ്ക്കും. ശരീരം

വ്യാധിമേലൃറെക്കും. മരക്കലം വേഗമായ് പെറത്തൊടിലം കുരന്താഴ്വർ. ശരീരമും സർവവ്യാധിയെന്നാനിൻറവംകുരം താഴ്കും. മരക്കലം പലവരുഷം പരുമാറിനാൽ നശിക്കും. ശരീരമും ശതവർഷം പരുമാറിനാൽ നശിക്കും. മരക്കലം വരുണഭഗവാനാൽ കെട്ടും. ശരീരമും പഞ്ചേന്ദ്രിയങ്ങളാൽ കെട്ടും. മരക്കലം പരുമാറ്റത്താലൃദാസീനം; ശരീരമും വയസ്സുപുക്കാലൃദാസീനം; മരക്കലം പിളർന്നാലഗ്നിയിലിട്ടവർ. ശരീരം പ്രാണനോട്ട വേറുപെട്ടാലഗ്നിയിലിട്ടവർ. എന്നുമതിനാൽ ശരീരമും മരക്കലവുമൊത്തിട്ടല്ലോയിരിക്കിൻറിതു.

എൻറാലെന്താവുതേ ഐശ്വര്യം വേണ്ടിൻറുതില്ലെൻറു വിവേഗിച്ചു ലോകാവസ്ഥയിരിക്കിൻറവാറഴകുതെൻറു വിവേഗിച്ചരുളിനാൻ.''എന്തിപ്രാണികളുടെയവസ്ഥയിരുന്നവാറെൻറു് കാമക്രോധലോഭമോഹമദമാത്സര്യമെന്നാനിൻറ ശരീരത്തെയുടയരായി പുരുഷാത്ഥത്തെ വേണ്ടാതതു യാവനൊരുത്തൻ ധനമുടയനെൻറും സമ്പന്നനെൻറും ചൊല്ലിൻറിതു. അത്ഥത്തെ ഗൌരവിച്ചഭിമാനമാകിൻറ ശരീരത്തെയുടയരായ് അർത്ഥമാകിൻറതനർത്ഥം. അർത്ഥം സംഗ്രഹിച്ചാൽ രക്ഷിപ്പാൻ പണിയതിന്നപായം വരികിൽ ദുഃഖമെന്നുമതിനാൽ ഐശ്വര്യമുമർത്ഥമുമെൻറിതെല്ലാമുദാസീനം'' പെണ്ണ്റി ആരുമൊരുത്തരിൻറിയേ ആരോട്ടമേതുമരുളിച്ചെയ്യാതെയെഴന്നരുളത്തുടങ്ങിനാനംബരീഷൻ. നഗരം കഴിഞ്ഞു, മററുമനേകം നഗരം കഴിഞ്ഞു, അനേകം പർവതമനേകം നദികൾ അനേകം നഗരമെൻറിവ കഴിഞ്ഞെരുളിൻറവൻ വിവേഗിച്ചരുളിനാൻ. ''എന്തേ എന്നുടെയവസ്ഥ. എങ്ങുനോക്കി ഞാൻ പോകിൻറിതു. ആകിലോ ജനത്തിങ്കൽ കുശലിൻറിയേയിരിക്കിൻറ ഭക്തർകൾ എന്നുടെ ബോധത്തെക്കളഞ്ഞു ബോധിച്ചരുളവോരാരേ''യെൻറു വിവേഗിച്ചരുളിൻറവന്നുതോൻറീതു. ''ഇക്ഷ്വാകുരാജാക്കൾക്കു ബന്ധുവായിരിപ്പോൻ കേവലം പഴ

യജനത്തിലും ഭക്തികളിലുമൊരു കുശലിൻറിയേയിരുന്നരുള്ള വോൻ വസിഷ്ഠൻതിരുവടി പൂർവാചാര്യനാകവുമുണ്ടു പരമ ഭക്തനാകയുമുണ്ട്, നാരായണസ്വാമിയുവക്കപ്പെട്ടും ശിഷ്യനാകയുമുണ്ട്. എൻറാൽ വസിഷ്ഠൻ തിരുവടിയെ നമസ്കരിച്ചു ഭക്തിവെണ്ണുവാനുള്ള ഉപദേശമറിഞ്ഞുകൊൾവു'' തെൻറു വസിഷ്ഠാശ്രമം നോക്കി എഴുന്നരുളത്തുടങ്ങിനാനംബരീഷൻ. വസിഷ്ഠാശ്രമത്തെ ചെൻറു കുറുകിന്റംബരീഷനെക്കണ്ടു വിവേശിച്ചരുളിനാൻ വസിഷ്ഠൻതിരുവടി.

''എന്തുകിലോ രാജാവംബരീഷനാരുമൊരുത്തർ കൂടാതെ ദീനനായ് താനേ വരുവാനുള്ള കാരണം? എന്തുകിലോ രാജ്യത്തിന്നു വന്ത ഉപദ്രവം? പരചക്രഭയമോ പരിവാരജനത്തോടുള്ള മനസ്സില്ലായ്മയോ? സാധാരണമല്ലയിവനുടെ വരവെ''ന്റു വിവേശിച്ചരുളിന്റു കാലത്തു ചെൻറു നമസ്കരിച്ചാനംബരീഷൻ. അതുകണ്ടരുളിച്ചെയ്താൻ വസിഷ്ഠൻതിരുവടി ''എഴുനീല്ക്കാ അംബരീഷാ, എന്തു നിന്നുടെ രാജ്യത്തിന്നുവന്ന ഉപദ്രവം? അതിവൃഷ്ടിയോ അനാവൃഷ്ടിയോ അകാലമൃത്യുവോ ദുർഭിക്ഷമോ? സൌരക്ലേശമോ എന്തു വന്ന ദുഃഖം?'' എന്റരുളിച്ചെയ്യിന്റു വസിഷ്ഠൻതിരുവടിയെ നമസ്കരിച്ചുണർത്തിനാനംബരീഷൻ.

''ഇതു കാണാ ഭഗവാനേ, നിന്തിരുവടിയരുളിച്ചെയ്തവയൊന്റുമല്ലടിയേനു രാജ്യത്തിലപേക്ഷയില്ല. പടയും ഭണ്ഡാരമും വേണ്ടാ. ഐശ്വര്യമും അനുഭവമും വേണ്ടിൻറുതില്ല. നിത്യമല്ല. ഇസ്സംസാരസാഗരത്തിങ്കൽ നീന്തിക്കരേയേറാനെനക്കൊല്ല. നിൻതിരുവടികൊണ്ടരുളക രാജ്യം. ഭഗവാനേ, ഭക്തപ്രിയാ, പരനിൻമാത്മസ്വരൂപി പന്നഗശായി പരമപുരുഷൻതിരുവടിയുടെ ശ്രീപാദങ്ങളെച്ചുരൺചൊല്ലൂ ... ...... മടിയേനെ നോക്കി നിന്തിരുവടി പ്രസാദിക്കവേണ്ടും.

ഭഗവാനേ, ദയാപരമൂർത്തി''യെന്റ ദീർഘനമസ്കാരം വെണ്ണി ൻറംബരീഷൻ വാക്കകേട്ടരുളിച്ചെയ്താൻ വസിഷ്ഠൻ തിരു വടി:–''എഴുനീല്ക്കാഅംബരീഷാ! അഴകുതുനിന്നുടേ ഭക്തിയിൽ പ്പെരുമം. നിന്നെക്കിണക്കേ കേവലമൊരു ഭക്തരില്ല. രാജാ വേ, മനുഷ്യലോകരിഞ്ഞിനെയിയങ്ങുവിതു ബാല്യത്തിങ്കൽ ബോധമില്ലായാം. യൌവനത്തിങ്കൽ ആഢ്യരായി ഐശ്വര്യ മോഹമെന്നും സമുദ്രത്തിൽ നീന്തിക്കരയേറവല്ലാർ. ഇഞ്ഞി നെയൊത്തുള്ള ഐശ്വര്യംകളെഞ്ഞു ദാസനാവുതെൻറു നിന്നെക്കിൻറു''തെൻറ വസിഷ്ഠൻ തിരുവടിയരുളിച്ചെയ്യി ന്റു കേട്ടുണർത്തിനാൻ അംബരീഷൻ.

''ദേവദേവേശൻ ദേവകീനന്ദനൻ തിരുവടിയെ ഭക്തി പെണ്ണുമാറും ഭജിക്കുമാറും അറിയിൻറുതില്ല. അടിയേനറിവാ നുള്ളോരുപായമുപദേശിച്ചരുളേണ്ടും. നിന്തിരുവടിക്കു ശരണ ടിയേ''നെന്റുണർത്തുകിന്റ രാജാവിനെ കണ്ടു പെരുതാകിന പ്രീതിയോടും കൂടയരുളിച്ചെയ്താൻ വസിഷ്ഠൻ തിരുവടി:— ''എന്നേ വിസ്മയമേ! രാജാക്കൾ പണ്ടു രാജ്യം പരുപാലിച്ചു ദുഷ്ടരെ നിഗ്രഹിച്ചു ശിഷ്ടരെയ്പരുപാലിച്ചു പലകാലം പ ... തപസ്സു വെണ്ണിയിയങ്ങുവിതു. ഇവനുടെ ബാല്യം കഴി ഞ്ഞു യൌവ്വനമിയങ്ങിൻറിതു. അത്ഥാനത്ഥമിരോഗമില്ല ... മില്ല. യൌവനം-മേന്മേൽ പ്രപഞ്ചമായി വരിൻറിതു. ഇക്കാ ലത്തേ ശ്രീപുണ്ഡരീകാക്ഷൻ തിരുവടി ശ്രീമുകന്ദൻ ശ്രീമു രാരി പുണ്യമൂർത്തിയിൻകൽ ഭക്തനായി മുടിഞ്ഞിതു. പലാ തിയുടെയൊരു ഭക്തിയിരുന്നവാറെൻറ വിസ്മയമും പ്രീതിയു മെയ്യിദൃഢമായിതു മനസ്സ്. അവൻ തിരുവടിയുടെ ശ്രീപാദമേ മുഖ്യമതേ പ്രധാനമെൻറു നിശ്ചയിച്ചു മറെറാൻറിൻകൽ മന സ്സുവിട്ടെന്നെവനുകണ്ടാൽ അറിയലാമെന്റു നിനൈച്ചല്ലോ രാജാവെന്നുടെസന്നിധിക്കുവന്നിതു. എന്റാൽ കേൾപ്പോയാ കരാജാവേ! അംബരീഷാ! ഒരുത്തരേയുമനാദരിയാതേ എല്ലാ

രെയും ബഹുമാനിപ്പുതു. എന്നുടെ ആത്മാവിങ്കലും സർവഭൂത ങ്ങളുടെ ആത്മാവിങ്കലും ഒക്ക വസിച്ചുകാണാ ദേവന്നിയ ങ്ങിൻറിതു. ശരീരമുൽപത്തിയാകിൻറതു. നഗരപശുമൃഗ പക്ഷിസ്ഥാവരജംഗമം സമസ്തത്തിന്നും ഭൂമിയാധാരമായ മാതാ പിതാക്കൾ സംയോഗത്തിങ്കൽ ശുക്ള(ശ്രോ?ശോ)ണിതസം ബന്ധത്താൽ അഷ്ടധാതുവായ് പരിണമിക്കിൻറിതു. നഖാം ഗുഷ്ഠപാദജംഘാജാനൂരു ജഘനപൃഷ്ഠഗുദപ്രദേശാപാനനാ ഭോദരവക്ഷകക്ഷഭുജഹസ്താംഗരേഖാജിഹ്വാദന്താധരോഷ്ഠ നാസികാകപോലകണ്ണനയനഭ്രൂലലാടകേശാദി മുതലായുള്ള ശരീരത്തിങ്കൽവയ്ത്തുമഹാഭൂതങ്ങളാകിൻറവൈ ഭൂമ്യാപോ ഗ്നിവായു ആകാശമാകിൻറ പഞ്ചമഹാഭൂതങ്ങൾ. ശബ്ദസ്പർശ രൂപരസഗന്ധമായ് പഞ്ചതന്മാത്രകളും പഞ്ചബുദ്ധീന്ദ്രിയ ങ്ങളും പഞ്ചമഹാഭൂതങ്ങളുമവററിൻ ഗുണമാകിൻറുതു. അ സ്ഥിസ്നായുരോമമാംസനാഡിമജ്ജാമേദശുക്ല ശ്രോണിതക്ഷമം തൃഷാദയാനിദ്രാപസ്യധൈന പ്രചരണ ലംഘനസ്ഥാപനനി രോധനമും കാമക്രോധലോഭമോഹമദമാത്സര്യമെന്നും പഞ്ച വിംശതിയും പ്രാണാപാനവ്യാനോദാനസമാനനാഗകർമ്മകൃ കലദേവദത്തധനഞ്ജയവൈരഭൻമുഖ്യൻ അനായ്യൻ പ്രപ ഞ്ചൻ അന്തരിയാമിയെന്നും ചതുർദ്ദശവായുക്കളും പ്രാണ വായുക്കളും ഇടാപിംഗളാസുഷുമ്നാഗാന്ധാരി അസ്ഥിജിഹ്വാ പൃഷാലംബൃഷാഗുണാശങ്കിനിയാകിയ എഴുപത്തിരായിരം നാ ടികളും ഇടാപിംഗളാന്യാസത്തളവും പിന്നിലൻ പീത്മനാ സത്തളവും ഗുഹാനാടി ഗുഹ്യത്തളവും ശങ്കിനിനാഭിയളവും താമസരാജസമാപ്തകമെന്നും ഗുണത്രയങ്ങളുമിവ ശരീരമാ വതു. ഇതറിക രാജാവേ!

ഉപദേശമോ ചൊല്ലിക്കാട്ടരുതു. കണ്ടുകൊള്ളെൻറരുളി ച്ചെയ്തു പാതാളം ശ്രീപാദമാകവും അളവില്ലാത ബ്രഹ്മാണ്ഡ മേതിരുമുടിയാകവും, ആകാശം തിരുവുടമ്പാകവും ചന്ദ്രാദിത്യ

ന്മാർ തിരുനയനങ്ങളാകവും അവയെ തിരുവിളക്കാകവും സമുദ്രം തിർവുടയാടയാകവും, നക്ഷത്രതാരാഗണങ്ങൾ പുഷ്പമാകവും, ബ്രഹ്മസ്വരൂപസമുദ്രമാകി നിറൈന്തുനിൻറിതു-തത്വം നിരൂപകരായിരിപ്പോർക്ക ലോകയാത്രയറിന്തു ശബ്ദത്താൽ ഇഹപരമിരണ്ടുകിഭാവനിശ്ചയം സമദർശിനിരൂപമേ സൂര്യ്യരശ്മിരാകാശദീപപ്രകാശമായ സപ്തസമുദ്രമൊരുഗോ(ഷ്ഠ)ദമാകവും, മഹാമേരുവൊരണുവാകവും തത്വം നിരൂപണംപണ്ണി സകലകലജ്ഞാനങ്ങളൈ ദിവ്യപ്രസാദങ്ങളാകിൻറ മഹാഹൃദയമേ ദീപമാക്കി രൂപം പ്രത്യക്ഷമാക്കി സമസ്തപ്രാണികളുടെ ഹൃദയത്തിങ്കൽ ക്ഷേത്രജ്ഞനെൻറു വസിച്ചരുളിൻറ ദൈവത്തേ പൂർവ്വകാലത്തു പ്രസാദമാക്കി ദിവ്യരൂപത്തേ ജ്യോതിഃസ്വരൂപമാക്കി അഭിമാനജ്ഞാനമാകിൻറ ഇരുട്ടിനൈ ദീപജ്ഞാനത്താലേ കെടുത്തു സർവാർത്ഥകാമമെന്നും ദോഷംകെടുത്തു മോക്ഷാർത്ഥമേ ആദിബ്രഹ്മസ്വരൂപമേ ആഭാസമാത്രത്താൽ ശരീരയോഗമേ തെരിന്തഷ്ടയോഗം വെണ്ണിപ്പൃഥിവ്യപ്പുതേജോവായുരാകാശമാകിൻറ പഞ്ചഭൂതങ്ങളൈയടക്കി ചന്ദ്രസൂര്യ്യന്നിറന്തുനിൻറ ചൈതന്യസ്വരൂപ ... ... ത്യ ഗദമ ... ... രാജാവേ!'' എൻറരുളിച്ചെയ്താൻ വസിഷ്ഠൻ തിരുവടി.

''ഹൃദയകമലമെന്നായ് നിൻറ കമലമത്സ്യത്തിങ്കൽ പ്രണവമെന്നാ നിൻറ താമരൈപ്പൂവിനുടെ ഏകാന്തമായ് സപ്തനാളങ്ങളുടൻ കൂടിനവാറുമായ് ദ്വാദശാർത്ഥസൂക്ഷ്മമായ് ഐംപത്തൊൻറക്ഷരങ്ങളാൽ പരിവൃതമായ് വിഷയവികസിതമായ് മലരുവിതും കൂമ്പുവുതും ചെയ്യു ശക്ത്യധഭാഗമായ് മഹാഭൂതങ്ങളോടുകൂടി പ്രകൃതിവിയെന്നായ് നിൻറ സരസിതൻ ശരീരബിന്ദുമെന്നാനിൻറ താമരൈപ്പൂവിങ്കൽ സംപീതമെന്നാ നിൻറ സപ്തധാതുരൂപത്തിങ്കൽ വരദമെന്നാനിൻറ മധുകരദ്വാദശാക്ഷരമാകിനിൻറ അക്ഷരം അഗ്നിയെയുട്ടരൂപീ

ആദിത്യമണ്ഡലത്തെ അരുവി അവററിന്നെ നൂററെട്ടെത ളായ് മലന്ന ചെന്താമരപ്പൂവിൻമദ്ധ്യത്തിങ്കൽ ഗുരുവച നത്താൽ സൂക്ഷിച്ചുകൊണ്ടു സകലമാക്കുക രാജാവേ, അംബ രീഷാ! നിഷ്ഫലമാക ബോധിപ്പോരുളർതോ നിനക്കുവേണ്ടാ. നിങ്കൽ ദേവൻ പ്രസാദിക്കം. സർവജന്തുക്കളിലും മററുമെല്ലാ ററിലും നിറഞ്ഞുനിൻറ സ്വരൂപമേ മൂൻറു രൂപമാകിൻറിതു. മൂൻറുമൊൻറായ് നിൻറതേ സർവജന്തുക്കളിൽ ദയാവും, ദാക്ഷിണ്യമും, അനുരാഗമും, അനുസന്ധാനമും, പ്രവൃത്തിയും, ആശ്രമമും, വാദ്യങ്ങളും വിശേഷങ്ങളും, വിൽപത്തിയും, വിഷയമും, വ്യാപാരമും, അർത്ഥമും.

ഗൃഹമും പരിപാലനമും ധർമ്മദാനമും പ്രതിഷ്ഠയിലും മന്ത്രങ്ങളിലും മുഖ്യമായുള്ളവൈ വിശേഷിച്ചറിക രാജാവേ!'' എൻറരുളിച്ചെയ്താൻ വസിഷ്ഠൻ തിരുവടി. ''പ്രതിഷ്ഠയിൽ ജലപ്രതിഷ്ഠ, മന്ത്രങ്ങളിൽ തിരുവഷ്ടാക്ഷരം, വ്രതങ്ങളിൽ തിരുവേകാദശി, ദാനങ്ങളിലന്നദാനം, അനുസന്ധാനത്തിൽ നെയ്യുമെണ്ണയും, പ്രവൃത്തിയിൽ കൃഷി, ആശ്രമങ്ങളിൽ ഗൃഹ സ്ഥാശ്രമം, വാക്യങ്ങളിൽ സാക്ഷികവചനമും വാല്യപുത്ര വചനമും, വിദ്യയിൽ ബ്രഹ്മവിദ്യ, വിഷയങ്ങളിൽ ഭാര്യാ വിഷയം, വ്യാപാരത്തിൽ താമ്പൂലം, അർത്ഥത്തിൽ ജ്ഞാ നാർത്ഥം ഇവ കേടില്ലാതവ രാജാവേ! അംബരീഷാ! എന്റാ ലിനി നീ തിരുവേകാദശീവ്രതം ദീക്ഷിക്ക. തലനാൾ ഗൃഹ ശുദ്ധിയും വസ്ത്രശുദ്ധിയും, ഗമനശുദ്ധിയും, ശയനശുദ്ധിയും, ആത്മശുദ്ധിയുമെൻറിവ സ്നേഹത്തോടുകൂടത്തലനാളേ ദീ ക്ഷിച്ചു തിരുവേകാദശിനാളെതിരവേയെഴുനേറ്റു വ്രതത്തെ പ്രതിപത്തിവെണ്ണി സ്നാനംവെണ്ണിക്കരയേറി വസ്ത്രം പകന്നു ഗണപതിയെയും ദേവകളെയും പിതൃക്കളെയും തർപ്പിച്ചു പഞ്ചയജ്ഞാദികർമ്മങ്ങൾ ചെയ്തു പ്രതിമയും മന സ്സുമൊൻറിച്ചു കരന്യാസംപെണ്ണി ശരീരശോധനംവെണ്ണി

മണ്ഡലത്രയങ്ങളെ ശരീരത്തിലാക്കി അക്ഷരന്യാസം വെണ്ണുക. തിരുവഷ്ടാക്ഷരം വിധാനപൂജവെണ്ണി തിരുമന്ത്രം ജപിച്ചു മദ്ധ്യദിനത്ത് ഉപസ്ഥാനം വെണ്ണി സന്ധ്യോപാസനംവെണ്ണുക രാജാവേ, അംബരീഷാ! പിറേറനാൾ ഉഷാകാലേയെഴുനേററു സ്നാനം പെണ്ണി ആഹാരാർത്ഥികൾക്കു ആഹാരംകൊടുത്തു ദ്വാദശി മുതൽക്കാൽ കഴിഞ്ഞാൽ പാരണംപെണ്ണുക രാജാവേ, അംബരീഷാ!

അനന്തരം നല്ലവകൊണ്ടു പറെക. നല്ലജനത്തെ യൂട്ടുക. ഇതിലേ മോക്ഷം പ്രാപിക്കാവൂ. നീ പോയ് നിന്നുടെരാജ്യം പരിപാലനംപെണ്ണുക'' യെൻറു അരുളിച്ചെയ്തിൻറ വസിഷ്ഠൻ തിരുവടിയെ നമസ്കരിച്ചുണർത്തിനാൻ അംബരീഷണൻ.

''ഇതു കാണാ ഭഗവാനേ, നിന്തിരുവടി അടിയേനോടു ഗുരുദക്ഷിണകൊണ്ടരുളുക വേണ്ടും. രാജ്യം താൻ അർത്ഥം താൻ കൊണ്ടരുളുക നിന്തിരുവടി. നിന്തിരുവടിക്കു തിരുവുള്ളമായതു ഒരു വസ്തു ദക്ഷിണകൊണ്ടരുളുക. നിന്തിരുവടി പ്രസാദിച്ചരുളിയ വസ്തുവടിയേൻ തരുമാറു അരുളിച്ചെകല്പോയാകെ''ൻറുണർത്തിൻറ രാജാവിനൈ നോക്കിയരുളിച്ചെയ്താൻ വസിഷ്ഠൻ തിരുവടി—

''ഇതു കാണാ രാജാവേ, അംബരീഷാ, ഗുരുദക്ഷിണയെൻറു നീ ചൊന്നതു വേണ്ടുവൊൻറു എങ്കില്ലമെനക്കൊരപേക്ഷയില്ല. ഒഴികില്ലമൊഴിയാം നീപോയി നിന്നുടെ രാജ്യംപുക്കു പരിപാലനം ചെയ്യ''യെൻറരുളിച്ചെയ്തിൻറ വസിഷ്ഠൻ തിരുവടിയെ പ്രദക്ഷിണം വെണ്ണി നമസ്കരിച്ചു വിടയുംകൊണ്ടു എഴുന്നരുളത്തുടങ്ങിനാനംബരീഷൻ.

രാജാവംബരീഷനോട്ട വേറുപെട്ടിരുന്ന തിരുവയോദ്ധ്യ യെവ്വണ്ണം ശോഭിക്കിൻറുതെങ്കിൽ, ജലത്തോട്ട വേറുപെട്ട നദികണക്കേയും, ഫലത്തോട്ട വേറുപെട്ട വൃക്ഷം കണക്കേയും, കുലത്തോട്ടവേറുപെട്ട കുലാംഗനെയേക്കണക്കേയും, നലത്തോട്ടവേറുപെട്ട പുമാനെനെക്കിണക്കേയും, ചാരിത്രിയത്തോട്ടവേറുപെട്ട പതിവ്രതയെക്കണക്കേയും, ദരിദ്രനായിന നരനെക്കണക്കേയും, ഉത്സാഹത്തോട്ടവേറുപെട്ട തൽപരനെനെക്കണക്കേയും പുഷ്പത്തോട്ടവേറുപെട്ട പൊയ്കയെക്കിണക്കേയും സന്താപഹൃദ (സ്ഥ?ന്ത) രായിജ്ജെജനത്താൽ നിറയപ്പെട്ടിരിക്കിൻറിതു. അമാത്യമന്ത്രിസുതരുമിൻറിയെ അനാഥമാമ്മാടംമാളിക ഗോപുരപ്രാസാദങ്ങളിഴിഞ്ഞന്തഃപുരമഴിഞ്ഞുകിടക്കക്കണ്ടു പെരുകിന സന്താപനായ് തിരുവയോദ്ധ്യാപുരിയിങ്കൽ പള്ളിക്കുറുപ്പു ചെയ്തു ഉഷാകാലേയെഴുനീററു നിയമങ്ങൾ മുടിച്ചിരുന്നരുളിൻറവനാൽ കാണപ്പെട്ട തിരുവയോദ്ധ്യ എവ്വണ്ണം ശോഭിച്ചതെങ്കിൽ, വിശ്വകർമ്മാവിനാൽ നിർമ്മിക്കപ്പെട്ട മാടം മാളികഗോപുരപ്രാസാദങ്ങൾ ചന്ദ്രാദിത്യതാരാഗണങ്ങളോട്ട കൂടിന തേജസ്സിനെയുടയവായിതു. അമാത്യപുരോഹിതമന്ത്രികളും സാമന്തരും സേനാപതികളും വന്നുകൂടീതു. അനന്തരം തേർകുതിരകരികാലാളോടും കൂടവന്നുകൂടീതു. പഞ്ചമഹാശബ്ദമൊച്ചപ്പട്ടിതു. ശംഖുപടഹകാളതാള (ഹാഹാള?കാഹള)മാദിയായുള്ള ഭേരികൾ മുഴങ്ങിന. പൊയ്കൈയിലും ഉദ്യാനങ്ങളിലും തളിരും മലരുമരുമ്പും പല്ലവങ്ങളും നിറയപ്പെട്ടിതു. വൃക്ഷങ്ങൾ കുളിർത്തു ബഹുഫലങ്ങളാൽ വരുഷിക്കപ്പട്ടിതു. വസിഷ്ഠാദിമഹർഷികളും സുമന്ത്രാദിസാരഥികളും വേശ്യാംഗനമാരും വിടരും നാടകഗണികമാരും വന്നുകൂടീതു. കൊട്ടും പാട്ടും കൂത്തും തുടങ്ങീതു. താന്താങ്ങളുടെ പദാർത്ഥങ്ങൾ തുടങ്ങീതു. ഭാസ്കര(മൊ?നൊ)ഴിഞ്ഞിതു. ത(പ?മ)സ്സുകൾ വന്നുകൂടീതു. പരിവർത്തനങ്ങൾ കണ്ടിട്ട പണ്ഡിതവർഗ്ഗമണ്ണെഞ്ഞിതു. ചോരവൃത്തിയൊഴി

ഞ്ഞിതു. ചാരിത്ര്യം തുടങ്ങീതു. ജാരപ്രവേശമൊഴിഞ്ഞിതു. നീചവൃത്തിയൊഴിഞ്ഞിതു. നിത്യദാനം തുടങ്ങീതു. ആചാര ഹീനകൾ പോയീതു. ആദരസ്തുതി തുടങ്ങീതു വേദദ്ധ്വനി പ്രപഞ്ചമായിതു. അഗ്നിനിറച്ചിട്ടാഹുതിപ്പുക ആകാശമേറി മേഘങ്ങളോട്ടുകൂടീതു. ശത്രുവർഗ്ഗം കെട്ടിതു. മിക്കുള്ളക്ഷത്രിയർ വന്നുകൂടീതു. വസ്തുവാഹനഭണ്ഡാരം പെരുകീതു. ഹസ്ത്യശ്വ രഥം വന്നുളവായിന. വാസുദേവബലദേവദാസികൾ വന്നു കൂടീതു. പാദപങ്കജം കണ്ടിട്ടു ആദരിച്ചുകൈകൂപ്പിനാർ. ശാസ്ത്ര കാരികൾ വന്നിട്ടാസ്ഥവെണ്ണിന്റിതു. ചരണപുരമുദ്ദതരുണീ ജനംവന്നിതു. കുസുമശരൻ വില്ലേന്തി വ്യസനിച്ചാൻ. കരുണ വസുന്ധരനാഭിയിങ്കൽ സുഗന്ധപുഷ്പരസനാടിയിങ്കൽ സുഗന്ധ മധുകുടിച്ചു മധുകരസ്വരം വിലസീതു. വസന്തകാലമായിതു. സ ന്ധ്യാകാലത്തന്തണർ സന്ധ്യോപാസനം പെണ്ണീതു. ഇന്ദ്രാദി ദേവകൾ അംബരമാർഗ്ഗത്തിങ്കൽ നിറെഞ്ഞിതു. പുഷ്പവൃഷ്ടി പൊഴിഞ്ഞിതു. ജലവൃഷ്ടി മേഘംപൊഴിഞ്ഞിതു. ചന്ദ്രാദി ത്യകളാദിയായി മന്ത്രിക്കത്തുടങ്ങീതു. അന്ധകാരം കെട്ടുപ്പാ നായ്‌വന്നുതോൻറീതു. "രാജാവേ. നിന്നുടെ ആസ്പദം കളെഞ്ഞു എങ്ങു എഴുനെള്ളീതു", എൻറുണത്തിസ്തുതിച്ചിതു ലോകങ്ങൾ. പ്രസന്നമായിവ്വണ്ണമേ രാജ്യം പരുപാലിച്ചു തിരുവേകാദശീവ്രതം ദീക്ഷിക്കിൻറകാലത്തിവനുടെ ഭക്തി യുറപ്പിപ്പുതെൻറു ഭഗവാൻ നാരായണസ്വാമി ഇന്ദ്രനുടെ വേ ഷത്തേ സംഗ്രഹിച്ചെഴുന്നരുളി രാജധാനിയെക്കുറുകി രാജാ വിനെ നോക്കിയരുളിച്ചെയ്താൻ. "ഇതുകാണാ രാജാവേ, അംബരീഷാ, ഭഗവാൻ ഈശ്വരൻ തിരുവടിയുടെ പരാക്രമ ങ്ങൾ കേൾക്ക നീ. കാമദേവനേയും കാലനേയും കൊൻറു കാളകൂടവിഷമാകർഷിച്ചു ത്രിപുരദഹനം വെണ്ണി അഗ്നി ദേവനെ കൈമുറിച്ചു (ഭൃ?പൂ) ഷാവിനെപ്പൽപറിച്ചു ദക്ഷനെത്തലയറുത്തു വിഷ്ണുവിന്നു ചക്രംകൊടുത്തു ബ്രഹ്മ നുടെ ശിരസ്സറുത്തു പ്രളയകാലത്തിങ്കൽ ആൽവൃക്ഷമായ്

വിഷ്ണുവിനെ ധരിച്ചു അതികായാന്തകന്മാരാകിൻറ ദാരുക വധം നിമിത്തമായ് ഭദ്രകാളിയെ രൌദ്രമാക്കി സർവ്വസംഹാരമൂർത്തിയാകിയ ഈശ്വരഭഗവാനല്ലയോ സർവമാകിൻറതു്. പ്രസാദിക്കുമെടത്തും വിരിയ പ്രസാദിക്കും മഹാദേവനീശ്വരനെ''ൻറു ഇന്ദ്രരൂപധാരിയാകിയ ഭഗവാനരുളിച്ചെയ്യക്കേട്ട അംബരീഷനനും കോപിച്ചു ''വിഷ്ണുഭഗവാനല്ലയോ സർവമാകിൻറതും. മത്സ്യരൂപമായ് മധുകൈടഭന്മാരെക്കൊൻറു വേദങ്ങളെ വീണ്ടുക്കൂർമ്മരൂപമായ് മന്ദര പർവതത്തെ ധരിച്ചു ദേവകൾക്കമൃതുകൊണ്ടുകൊടുത്തു. ശ്രീവരാഹമായ് മണ്ണിടന്തു ഭൂമിയെ മീണ്ടുകൊണ്ടു്, ശ്രീനരസിംഹമായ് ഹിരണ്യകശ്ശുവിനെക്കൊൻറു, വടുവാമനമൂർത്തിയായ് മഹാബലിയോടു മണ്ണിരന്നീരടിയാകവളർന്നു കൊണ്ടു, ശ്രീപരശുരാമനായി നിക്ഷത്രി (ത്രിം ? ത്രിയം) വെണ്ണിയരുളി. ദശരഥരാമനായ് രാവണാദികളെകൊൻറു ലോകകണ്ടകം നീക്കി. വൃഷ്ണികുലത്തിലകമായ് ബലഭദ്രരാമനായവതരിച്ചു. കംസവധം നിമിത്തമായ് ദേവകീപുത്രൻ ശ്രീകൃഷ്ണൻ നന്ദാത്മജനായ് ഭൂഭാരംകെടുത്തരുളി. ഗജേന്ദ്രമോക്ഷം വെണ്ണി. ദേവരാജാവേ, നിന്തിരുവടിക്കും ദേവകൾക്കും ശ്രീ ദുർവാസാവിനുടെ ശാപംനിമിത്തമായുണ്ടാകിയ ജരാനരകെടുത്തു. ദേവകളെയുപദ്രവിച്ചവരെക്കൊൻറു ദേവകളെ രക്ഷിച്ചു. സർവജന്തുക്കളുടെയാത്മാവായിട്ടിരിക്കിൻറ വിഷ്ണുവിനെ നിന്ദിച്ച നിന്തിരുവടിയെ നിഗ്രഹിപ്പാനെനക്കു ശക്തിപോരാ. അയനെൻറുമരനെൻറുമവൻ തിരുവടിയെൻറിയേ മറെറാരു ദൈവമുണ്ടെന്റോരാതോന്റിൻറിതു. മഹാമോഹമാകിയ നിന്തിരുവടിയുടെ ഐശ്വരിയമെന്നാനിൻറ മോഹത്തിൽ നീന്തിനേറാ സംസാരസാഗരത്തെക്കടക്കുമുപായമിൻറിയേ മോഹമേയനുഷ്ഠിയാതെയെൻറു പരിഹസിച്ചു അചലഭക്തിയാകിയ ഉ ... ... ... ... ക്കൊണ്ടമരേന്ദ്രനെയനാദരിക്കിൻറ അംബരീഷണനുടെ വാക്കുകേട്ട എവ്വ

ണ്ണും ശോഭിക്കിൻേറാനനന്തശയനൻ അപ്രമേയൻ തിരുവടി കിരീടകേയൂരമകരകുണ്ഡലകൌസ്തുഭമും ചതുർബ്ബാഹുക്കളിൽ ശംഖു ചക്രഗദാഖഡ്ഗശാർങ്ഗാദിപഞ്ചായുധാദി പീതാംബരധാരിയായ് ശ്രീഗരുഡവാഹനനായ് നിൻറരുളി. "അംബരീഷാ നിന്നുടെ ഭക്തിയറിവാനായ്ക്കൊണ്ടു ഞാൻ വന്നിതു" എൻറരുളി.........................................

ശ്രീപുരുഷോത്തമൻ തിരുവടിയെക്കണ്ടു വീണു നമസ്കരിക്കിന്റ അംബരീഷണനെക്കണ്ടരുളിന്റ ശ്രീകരുണാകരൻ തിരുവടി പ്രീതിയോടും കൂടയരുളിച്ചെയ്തു......"അംബരീഷാ, നിന്നുടെ ഭക്തിവിശേഷം കണ്ടെത്തു... ... ... തനായിന്നെന്മനുഷ്യജാതികളുക്കു നിശ്ചലമായുള്ളൊരു ഭക്തി ദുർല്ലഭം." എൻറരുളിച്ചെയ്തിൻറ നാരായണസ്വാമിയുടെ തിരുവായ്പോക്കുകേട്ടു "സ്വാമി, നമസ്ക്കാരം. നാരായണാ നമസ്ക്കാരം. നളിനനാഭാ നമസ്ക്കാരം. നന്ദാത്മജാ നമസ്ക്കാരം. അച്യുതാ നമസ്ക്കാരം. അപ്രമേയാ നമസ്ക്കാരം. അണ്ഡയോനീ നമസ്ക്കാരം. ആദിപുരുഷാ നമസ്ക്കാരം. കമലനയനാ നമസ്ക്കാരം. കന്ദർപ്പസുന്ദരാ നമസ്ക്കാരം. കരുണാകരാ നമസ്ക്കാരം. ശ്രീധരാ നമസ്ക്കാരം. ശ്രീപുരുഷോത്തമാ നമസ്ക്കാരം. വാമനാ നമസ്ക്കാരം. മധുസൂദനാ നമസ്ക്കാരം. ഹൃഷീകേശാ നമസ്ക്കാരം. ത്രൈവിക്രമാ നമസ്ക്കാരം. ത്രൈലോക്യനാഥാ നമസ്ക്കാരം" എൻറിവണ്ണും നമസ്കരിക്കിൻറ അംബരീഷണനുടെ വാക്കുകേട്ടു പെരുതായിന പ്രീതിയോടുമരുളിച്ചെയ്താൻ പരമപുരുഷൻ തിരുവടി. "ഇതുകാണാ രാജാവേ, അംബരീഷാ, വസിഷ്ഠമഹർഷിയുടെ വചനം പിഴൈയാത തിരുവേകാദശിയിരണ്ടും നോററു ആഹാരാത്തി(ർഥി)കൾക്കു (ആഹാരം) കൊട്ടുത്തു ദാഹം വെണ്ണ്റി ദ്വാദശി മുതൽക്കാൽ കഴിഞ്ഞാൽ പാരണം പെണ്ണുകയിരാജാവേ, പിഴൈയായി ... ... ... രുപാലിക്കും

ധർമ്മത്താലേ ഉപദ്രവംകെട്ടത്തു കാത്തു ചാതുർവ്വർണ്ണ്യങ്ങളെ പ്പിഴയാതേ രക്ഷിച്ചു് എന്നുടെ അടിയാർലലാടത്തിൽ മേൽ തിരുനാ ... ... ... മേ പ്രമാണമായ് ഏവരാലും ഭക്തരായി ട്ടിരിക്കിലെന്നെക്കണ്ടക്കിണക്കേ ആദരിച്ചു അർഘ്യപാദ്യാ ചമനീയമാസനം വസ്ത്രശയനാദീനി നിന്നാൽദാനം പെണ്ണുക". എൻറരുളിച്ചെയ്ത ദൃശ്യ(?)ംബരീഷനും അവ്വണ്ണമേ വേദവേ ദികളായ് നിന്ന ബ്രാഹ്മണോത്തമന്മാർ നാലുവേദവും അഞ്ച്യ പുരിയുമാറുശാഖയും അറുപത്തുനാലു കലേജ്ഞാനവും സകല മുള്ളന്നരായ് അനുഷ്ഠാനം പിഴൈയാത സന്ധ്യോപാസനം വെണ്ണിയിയങ്ങിൻറ ബ്രാഹ്മണോത്തമന്മാക്കും വിഷ്ണുഭക്ത രായ് വിശേഷികളായുള്ള ... ... ... ... ... ദാനംവെണ്ണി ച്ചെല്ലിൻറ കാലത്തിങ്കൽ ദേവരാജാവിന്നു ഭയം ജനിച്ചിതു. അംബരീ ... ... ... ഇന്ദ്രത്വം പറിപ്പാൻ നിനൈക്കിൻറുതെ ൻറു ഭ്രമിച്ചു പെരും കനകോപമുടയനായു് തിരുവേകാദശീവ്ര തത്തിനൈ വിഘ്നംവെണ്ണുവാനെന്തുപായമെൻറു ശ്രീ ദുർവ്വാ സാവിനുടെ ആശ്രമം കുറുകി ദൂർവ്വാസാവു മഹർഷിയെ നോ ക്കി ദേവരാജാവു് അരുളിച്ചെയ്താൻ. "മഹരിഷി, സഹാ യരും ബന്ധുക്കളും നമുക്കൊരു സുഖദുഃഖം വരുവോളല്ലോ വേ ണ്ടിൻറിതു. ഇപ്പൊഴതു അയോദ്ധ്യാപതി അംബരീഷൻ തിരുവേകാദശീവ്രതം ദീക്ഷിച്ചു എന്നുടെ ഇന്ദ്രത്വം പററി ക്കൊള്ളുതെൻറദ്ധ്യവസിച്ചാൻ. അതിനു വിഘ്നം വെണ്ണ വേണ്ടു"മെൻറിരക്കിൻറ വജ്രപാണിയെ നോക്കി, "നിനക്കു വേണ്ടിൻറതു എനക്കു വേണ്ടു"മെൻറു സംബദിച്ചുടൻ പുറ പ്പെട്ടാൻ മഹരിഷി. ദേവരാജാവും സന്തോഷിച്ചെഴുന്നരുളി നാൻ. അനന്തരം ദ്വാദശിനാളുഷാകാലേ തിരുവയോദ്ധ്യാപു രിയെ പ്രാപിച്ചരുളിനാൻ ദുർവാസാവു മഹരിഷി.

അംബരീഷനും ദശമിനാളു ദന്തശുദ്ധി ആത്മശുദ്ധി എന്നിവയുടയനായ് താംബൂലവർജ്ജിതനായു് തിരുവേകാദശി

നാളുഷാകാലേ നീരാട്ടവെള്ളിപുക്കു വസ്ത്രം പകന്നു ഗണപതിയെയും ഋഷികളെയും പിതൃക്കളെയും തർപ്പിച്ചു പഞ്ചയജ്ഞാദികർമ്മങ്ങളു ചെയ്തു പ്രതിമമും മനസ്സുമൊൻറാകിദിഗ (?) ബന്ധനവും പെണ്ണ്റി അക്ഷരന്യാസംചെതു ശരീരശോധനം പെണ്ണ്റി ഉപവസിച്ചു മണ്ഡലത്രയങ്ങളെ ശരീരത്തിലാക്കി കരന്യാസം പെണ്ണ്റി തിരുമന്ത്രം ജപിച്ചു അനുജ്ഞകൊണ്ടു് സ്തുതിചെയ്തു പുരാണങ്ങൾ വായിച്ചു യോജിച്ചു മദ്ധ്യദിനത്തിങ്കൽ ഉപസ്ഥാനം പെണ്ണ്റി സന്ധ്യോപാസനം പെണ്ണ്റി ഉപവസിച്ചു പിറെറന്നാളുഷാകാലേ നീരാട്ട പള്ളിപുക്കു പുഷ്പാഞ്ജലിചെയ്തു പെണ്ണ്റി തിരുമന്ത്രം ജപിച്ചു ആഹാരാർത്ഥികളമൃതുചെയ്തു ദാനം പെണ്ണ്റി ദ്വാദശി മുതൽക്കാൽ കഴിഞ്ഞാൽ പാരണപെണ്ണ്റി വാ ചമയിൻറ നേരത്തിങ്കൽ എഴുന്നരുളിനാൻ മഹർഷി ദുർവ്വാസാവു്.

മഹർഷി ദുർവ്വാസാവുമംബരീഷനും പ്രീതി പട്ട മഹർഷിയെ നമസ്കരിച്ചു അർഗ്ഘ്യപാദ്യാസനം കൊട്ടത്തരുളിൻറ കാലത്തിങ്കൽ ഉണർത്തി ... ... അംബരീഷൻ.

"മഹഷി നിന്തിരുവടി എന്തുനിമിത്തമാകിലോ ഇവിടം നോക്കിയെഴുന്നരുളി." യെൻറുണർത്തിൻറംബരീഷനെ നോക്കിയരുളിച്ചെതാൻ ദുർവാസാവു, മഹർഷി:— "എനക്കു ചാലപ്പൈയ്യും ദാഹമുമൊണ്ടു. ഏകാദശി നോററുണ്ണ്റിൻറ നീയെന്നെയൂട്ടവേണ്ടും". എൻറു മഹർഷിയരുളിച്ചെയ്തു "നിൻ തിരുവടിക്കിങ്ങിനെ തോൻറിയരുളിയതുമടിയേരുടെ ഭാഗ്യമെല്ലോ. നിന്തിരുവടിയെയമൃതുചെയിപ്പാൻ, പുണ്യം പെണ്ണ്റിനവർക്കെന്റിയെയരുതെല്ലോ. കേവലം നിന്തിരുവടിയെ വിളിച്ചു എൻറിയേ എന്നുടെ സന്നിധിയെ നോക്കി എഴുന്നരുളിയതു അടിയേനുടെ പുണ്യഫലമെൻറാൽ നിന്തിരുവടി വിരെയ നീരാട്ട പള്ളിപുക്കു എഴുന്നരുളുക. ദ്വാദശി

കഴിയും മുന്നേ അടിയേനുടെ തിരുവേകാദശീവ്രതം അഴകുതായേ മുടിയവേണ്ടു''മെൻറുണർത്തിൻറ രാജാവിനെക്കണ്ടു ദുർവാസാവു മഹർഷിയും സ്നാനാത്ഥമായെഴുന്നരുളിനാൻ. അങ്ങൊരുപൊയ്കയിലിറങ്ങി നീരാട്ടുപള്ളിപുക്കു മഹർഷികളെയും പിതൃക്കളെയും തർപ്പിച്ച് ആചമനീയം വിധിയാലെ മുടിച്ചു വരുമളവിൽ ദ്വാദശി കഴിയിൻറുതായിരുന്നിതു. തിരുവേകാദശീവ്രതം വൃഥാവായ് മുടിയിൻറുതായിതു. എന്തേചെയ്യുമതെൻറു നിനെക്കിൻറ കാലത്തു വിവേഗിച്ചുണത്തിനാൻ അമാത്യൻ:—''രാജാവേ, പാൽകൊണ്ടു പാരണംപെണ്ണിക്കൊൾകെ''ൻറു. ''വിവേകിച്ചോരുത്തരെക്ഷണിച്ചാൽ അവരെ യൂട്ടിയെൻറിയേ ഉൺക കൃത്യമല്ല. അതിലും വിശേഷിച്ചും മഹർഷിയെയല്ലോ നിൻതിരുവടി ക്ഷണിച്ചു. എൻറാൽ മഹർഷികളായുള്ളവരകൾ അമുതു ചെയ്യെൻറിയേ ഉണ്ടാലവർകൾ ശപിക്കയും വിരോധമില്ല രാജാവേ'' എൻറമാത്യനറിയിപ്പതു കേട്ടു രാജാവും പാൽകൊണ്ടു പാരണം പെണ്ണി. മഹർഷിയുടെയെഴുന്നെള്ളത്തു പാത്തു ശ്രീപാദം വിളക്ക ... ... ... പാഞ്ജലമും പുഷ്പമും ചന്ദനമും ചമെച്ചുകൊണ്ടു നിൻറകാലത്തു മഹർഷിയും നീരാട്ടുപള്ളി പുക്കുവിയത്തു ശ്രമപ്പട്ടു എഴുന്നരുളിനാൻ. മേലുടയാട തുവരയിട്ടു കുണ്ടികയിലിരുന്ന നീരും ചന്ദനമും പൂവും കൊണ്ടു ചെൻറു പാദശൌചം പെണ്ണിനാൻ. ''ഭഗവാനേ ദ്വാദശികഴിയുംമുന്നേ അകത്തെഴുന്നരുളുക.'' എൻറംബരിഷൻ വാക്കുകേട്ടു അരുളിചെയ്താൽ ദുർവാസാവു മഹർഷി. ''രാജാവേ അംബരീഷാ, ആഹാരാർത്ഥിയെന്റോ നീയെന്നെയനാദരിച്ചു. ആഹാരം മററും തരുവർകളുള്‍. നീയൊട്ടുഭക്തനെൻറു നിനെച്ചിതു. ഇപ്പൊഴുതു നീയെന്നെ അനാദരിച്ചാഹാരം മററും തരുമവരുളർ. അയോദ്ധ്യാപതികളനേകം കഴിഞ്ഞിതവർകളുടെ രാജധാനിക്കെൻറും വന്നതുമില്ല. നിന്നുടെ ഭക്തിനിമിത്തത്താൽ ഇപ്പൊഴുതു വന്നിതു.

അതിനാൽ നീയുമെന്നെ നിന്ദിച്ചാ'' യെൻറു ചുവന്നമറി ഞ്ഞുവരിൻറ തിരുനയനത്തനായ്ഞെറിഞ്ഞ പുകത്തനായ് കോപിക്കിൻറ ദ്ദർവാസാവു മഹർഷിയെകണ്ടു ''ഭഗവാനേ, നിന്തിരുവടി ശപിച്ചതുള്ളാതേ. നിന്തിരുവടിക്കു ശരണടിയേ' നെൻറു നമസ്കരിക്കിൻറംബരീഷനെക്കണ്ടു ''ശപിപ്പു തെ''ൻറദ്ധ്യവസിച്ചാൻ മഹർഷി. അക്കാലത്തു ''ഭഗവാനേ, നിരപരാധമെന്നെ ശപിച്ചതുള്ളിൻേറായാകിൽ നിന്തിരുവടി യെയുമടിയനെയും രക്ഷിപ്പാൻ ഭഗവാൻ നാരായണസ്വാമി യെ വേണ്ടു''മെൻറു നമസ്കരിക്കിൻറ രാജാവും നാരായണ സ്വാമിയെ ഹൃദയകമലമദ്ധ്യത്തിങ്കൽ ധ്യാനം പെണ്ണി തിരു മന്ത്രം ജപിക്കിൻേറാൻ. അപ്പൊഴുതു അംബരീഷനുടെ ലലാട ത്തിങ്കൽ നിൻറു പോന്നു പുറപ്പെട്ട കാലചക്രത്താൽ എവ്വണ്ണം ശോഭിക്കിൻേറാനെങ്കിൽ, ആദിത്യദേവനഖണ്ഡമണ്ഡലൻ കാളമേഘത്തിൽ മൂടപ്പെട്ടവൻ തന്നുടെ കരങ്ങളാൽ ഭസ്മ മാകി പുറപ്പെട്ടൻേറാനെൻറു തോൻറുമാറിരുന്നിതു. കാല ചക്രം എരിഞ്ഞു ദ്ദർവ്വാസാവിനെ നോക്കിച്ചെല്ലത്തുടങ്ങീതു, ഓടത്തുടങ്ങിനാൻ ദ്ദർവ്വാസാവു മഹർഷി. ദേവരാജാവിനെ കുറുകി സംഭ്രമത്തോടു വിറെക്കിൻറ ദ്ദർവാസാവിനേയും പിൻചെല്ലിൻറ കാലചക്രത്തിനേയും കണ്ടതുളിച്ചെയ്താൻ ദേവരാജാവു്. ''എന്തു ദ്ദർവാസാവേ, നിനക്കുവന്ന പ്രമാദ'' മെൻറു വിചാരിക്കിൻറ ദേവരാജാവിനെ നോക്കി ദ്ദർവാ സാവു ''നിന്നുടെ വചനം കേട്ടു അംബരീഷനെ ശപിപ്പു തെൻറു ചെൻറ എനക്കു വന്ന ദുഃഖമിതു. നീയെന്നെ രക്ഷി പ്പോയാക.'' എൻറു മഹർഷി ചൊല്ലക്കേട്ടു ദേവരാജാവു്, ''എനക്കു നിന്നെ രക്ഷിപ്പാനസാദ്ധ്യം. ശ്രീകൈലാസം നോക്കി ചെല്ക. ചന്ദ്രശേഖരൻ ഈശ്വരൻ നിന്തിരുവ ടിയേ വേണ്ടും നിന്നെ രക്ഷിപ്പാ''നെൻറ അമരേന്ദ്രനുടെ വാക്കുകേട്ടു ദ്ദർവാസാവു മഹർഷിയും ശ്രീകൈലാസം നോക്കി യോടത്തുടങ്ങിനാൻ. വിറെക്കപ്പെട്ട മുഖമണ്ഡലമും, വിരി

യപ്പെട്ട ജടാഭാരമും, തളരപ്പെട്ടഗാത്രങ്ങളുമുടയനായ്യ് ഭയ
ത്തോട്ട ചെൻറു ശ്രീകൈലാസം പ്രാപിച്ചാൻ. എവ്വണ്ണമിരു
ന്നിതു ശ്രീ കൈലാസപർവതം? ഭൂമിയെ നിറുത്തുവാനായ്
ക്കൊണ്ടു പ്രവൃത്തിപെണ്ണി ഒരു ദണ്ഡുകിണക്കേ കിഴക്കിൻ
സമുദ്രത്തോട്ട പടിഞ്ഞാററുസമുദ്രത്തോടിടക്കൂടീട്ടിരിക്കിന്റിതു.
മുന്നൂററുമുപ്പത്തുമൂവായിരം കോടി നീളമുണ്ടു്. മുന്നൂറെറാരു
പതുകൊട്ടമുടിയോട്ട കൂടീട്ടിരിക്കിന്റിതു. ഒരു കൊട്ടമുടിയായിരം
യോജനനീളം മുന്നൂറുയോജന അകലവുമുണ്ടു്. അതിന്നട്ട
പത്തുപതിനായിരം കോടി വട്ടമുണ്ടൊരു ശൃംഗം. അതിന്നട്ട
വിൽ ഭഗവാൻ നാരായണസ്വാമി ഈശ്വരന്തിരുവടിയെ
അച്ചിച്ചിയങ്ങുവിതു. അതിന്നു വലത്തുഭാഗത്തൊരു ശൃംഗത്തി
ന്മേൽ വേദാത്യാസക്തനായിന ബ്രഹ്മന്തിരുവടിയിരുന്നരുളി
ന്റിതു. അതിന്നരികേ വിവിധരത്നപരിശോഭിതമാകിയ വിവി
ധകരപരിശോഭിതമായിട്ടൊരു ശൃംഗം ഉണ്ടു്. അതിന്മേൽ—
ഭഗവാൻ നാരായണസ്വാമിയെ പരമേശ്വരൻ പൂജിച്ചു നമ
സ്കരിച്ചിയങ്ങുവിതു. അതിന്നരികേ കിഴക്കിൻഭാഗത്തൊരു
ശൃംഗമുണ്ടു്. അതിന്മേൽ ഇന്ദ്രൻ അമരവൃന്ദത്തോട്ടകൂടി
ഭഗവാനെ പൂജിച്ചിയങ്ങുവിതു. അതിന്നരികേ ഒരു ശൃംഗ
മുണ്ടു്. അതിന്മേൽ അമരവന്ദ്യനാഹ്ലവല്ലഭൻ അഗ്നിദേവൻ
തിരുവടിയെ അസുരകുലാന്തകൻതിരുവടിയെ ആരാധിച്ചി
യങ്ങുവിതു. അതിന്നരികേയഴകിയതൊരു ശൃംഗമുണ്ടതിന്മേൽ
യമഭഗവാൻ സകലദേവൻ ഗണഭംകരമൃത്യുപുരന്ദരാധിപതി
ഭൂതവന്ദ്യൻതിരുവടിയെ പൂജിച്ചിയങ്ങുവിതു. അവിടെയെ
ന്പതു കൊട്ടമുടിയുള. അവററിന്മേൽ മോക്ഷാദികൾ പാപ്പിതു.
അതിന്നരികേ രാക്ഷസേശ്വരൻ നിരൃതി നിത്യമായ് നിർമ്മല
ദേവൻ നീലകണ്ഠൻ തിരുവടിയെയാരാധിച്ചിയങ്ങുവിതു.
പടിഞ്ഞാററുഭാഗത്തൊരു ശൃംഗത്തിന്മേൽ സകലപതി ഹം
സൻ പാപഹനൻ വരുണഭഗവാൻ സപ്തസമുദ്രദേവൻ ശ്രീ
പുണ്ഡരീകാക്ഷപ്പിയനെ പൂജിച്ചിയങ്ങുവിതു. അതിനരികേ

ഒരു പ്രദേശത്തിങ്കൽ വായുഭഗവാൻ ഭഗാക്ഷൻ ഹരൻതിരുവടിയെ ആരാധിച്ചിയങ്ങുവിതു. അതിന്നരികേ അമ്പത്തൊന്റു കൊട്ടമുടിയുള. അവിടെയിരുന്നു മനുഷ്യാദികൾ നിത്യം നമസ്കരിച്ചിയങ്ങുവിതു. ഭഗവാനിരുന്നരുളിൻറ ശൃംഗത്തിനുടെ വടക്കുകിഴക്കഴകിയതൊരു ശൃംഗമുണ്ടു അവിടെ വൈശ്രുവണൻ യക്ഷകിന്നരഗന്ധർവ്വാദികളാൽ സേവ്യമാനനായിരുന്നരുളുവിതു. രുദ്രദേവൻ മഹാദേവൻതിരുവടിയെ വന്ദിച്ചിയങ്ങുവിതു. അതിന്നരികേ നാലുകൊട്ടമുടിമേലും നാലു വേദങ്ങളും സ്തുതിപ്പിതു. അതിന്നരികേ പതിനൊൻറു ശൃംഗമുള. അവററിന്മേലെണ്മർവസുക്കൾ വസിപ്പിതു. അതിന്നരികേയിരണ്ടു ശൃംഗമുള. അവററിന്മേലശ്വിനീദേവകൾ വസിപ്പിതു. അതിന്നരികേ ഒരു കൊട്ടമുടിമേൽ ശ്രീവേദവ്യാസൻ വസിപ്പിതു. അതിന്നരികേ ഒരു ശൃംഗത്തിന്മേൽ ശ്രീവാല്മീകി വസിച്ചിയങ്ങുവിതു. അതിന്നരികേ ഒരു ശൃംഗത്തിന്മേൽ ഗൌതമനുമംഗിരാവും പുലസ്ത്യൻ പുലഹൻ കൃതവർമ്മാവ് വിശ്വാമിത്രൻ വസിഷ്ഠൻ വാമദേവൻ ഭരദ്വാജൻ കശ്യപൻ സൌമ്യൻ കപിലൻ ഗാണ്ഡികൃൻ ശൌനകൻ ആണിമാണ്ഡവ്യൻ ഖഗോത്തമൻ ശ്വേതകേതു അഷ്ടവക്രൻ ശുക്രൻ രംഗിഭൃംഗു ദത്താത്രേയൻ ശരദ്വാൻ ഖണ്ഡഭി വിഭണ്ഡകൻ ഋശ്യശൃംഗൻ ശ്രീനാരദൻ വൃഷപർവ്വാവു അഷ്ടിവേഷണൻ ഉദകൻ ആരുണീപാർശ്വൻ പരാശരൻ ശ്രീമാർക്കണ്ഡേയൻ ജമദഗ്നി പരശുരാമൻ കൌശികൻ ശതാനന്ദൻ ഹയശിരാവു ഹിരണ്യനെൻറിച്ചൊന്ന മഹർഷികളിരുന്നു തപസ്സുപെണ്ണുവിതു. അവിടെവെച്ചു ത്രിപുരദഹനമനുഷ്ഠിച്ചിതു. സപ്തകുലപർവ്വതങ്ങളോട്ടമൊക്കവെളന്റു ശിഖരങ്ങൾമേൽ ശിവപ്രതിഷ്ഠയില്ലാതെടമൊൻറുമില്ല. ഏഴുകൊട്ടമുടിമേൽ സപ്തർഷികൾ നക്ഷത്രമാലാമണ്ഡലസഹിതനായ ശശാങ്കമൌലിയെ നമസ്കരിക്കിൻറ ഋഷിമുഖ്യന്മാരാൽ പരിവൃതനായിരുന്നരുളിൻറ ചന്ദ്രശേഖരൻ തിരുവടി സന്നിധിയിൽ ഗണപതിഭഗവാനുടെ

ഭോജനവിഹാരശോഭിതമൊരിടം. സുബ്രഹ്മണ്യനുടെ ബാല ക്രീഡാനൃത്തവൃന്ദവിശേഷരമ്യമൊരിടം. കട്ടന്തുടിയുടെ ഝട ഝടാരവത്താൽ പൂജിതമൊരിടം. ശാസ്താവിനുടെ മൃഗയാ കോലാഹലമൊരിടം. ശൂലശ്ശൂല്ക്കാരസഹിതമൊരിടം. സിംഹ നാദബന്ധിയൊരിടം. ഗജഗണങ്ങളുടെ പരിഭ്രമമൊരിടം. മയൂരനാദകുക്കുടഹംസമത്തമദതികോകില കപോതസങ്കുലനൃത്തേ പരിശോഭിതമൊരിടം. ഭൂതത്താന്മാരാൽ സരഭസമൊരിടം ഇവ്വണ്ണമിരുന്ന ശ്രീകൈലാസമൊരിടം ശിഖരത്തിന്മേൽ വസിച്ചരുളിൻറ ദേവദേവേശൻ സർവ്വരൂപാസി പന്നഗാഭരണൻ പാർവതീവല്ലഭൻ പാപഹരൻ പരമാത്മാവു പശുപതി പംശുധരൻ പരമേഷ്ഠി വൻവിരൂപാ(?)ക്ഷൻ പങ്കജാസനവന്ദിതൻ വേദപരൻനിർമ്മലൻ ഭാഗീരഥീവല്ലഭൻ ഭാനുലോചനൻ ഭൂതനാഥൻ ഭക്തപ്രിയൻ ഭക്തമുക്തിദൻ മുനിജനവന്ദ്യൻ മുകുന്ദനാഥൻ മൂർത്തിത്രയൻ ത്രൈലോക്യനാഥൻ ത്രയീമയൻ ത്രിവാസി വന്ദ്യനയനൻ ത്രികാലദർശി ഗുണാത്മജൻ ശക്തിധരൻ ശാർങ്ഗപാണിപ്രിയൻ കപർദ്ദി കപിലലോചനൻ കാമദേവൻ ശംഭു ശർവൻ ശങ്കരൻ ശമിതവിഷയൻ ശൈലസുതാപതി ഈശ്വരൻ ഈശാനൻ ഈകാതിയൻ നാരായണപ്രിയൻ നരകമാർഗ്ഗവിരോധി നിഷ്കളൻ നിത്യൻ നിർമ്മലൻ നിഖിലേശൻ ശൈലാധിവാസി ഗോപതി ഗൌരീപതി ഗണഗജൻ ഗഗനമരുദഹൻ സലിലധരൻ ഗജേന്ദ്രമൂർത്തി കാളകണ്ഠൻ മണികണ്ഠൻ വിഷകണ്ഠൻ കപാലി പിംഗലനയനൻ പിതൃവനവാസക്ഷമാകരൻ ക്ഷേമകരൻ ക്ഷപിതമന്മഥൻ സകലമുനിവന്ദ്യൻ..................ലോകവന്ദ്യൻ സമസ്തപുണ്യഫലൻ സർവലോകഹൃദയസ്ഥിതൻ സംഹാരകാരണൻ അംബികാപതി അർദ്ധേന്ദുശേഖരൻ അബ്ധിസുതാ...ാദികളു...ാം ചരഗുരുധരാധരൻ പരാപരവൃന്ദൻ പ്രാണമയൻ പ്രാണാത്മാവു മൂർത്തിത്രയൻ നാകിയ...............ടിനപരംപരമായിരുന്നരുളിൻറ ശ്രീകൈലാസത്തെപ്രാപിച്ച

വീണ്ണുനമസ്കരിക്കിൻറ ദുർവാസാവിനെ നോക്കിയരുളി ച്ചെയ്താൻ ശ്രീമഹാദേവൻ തിരു......... "വേ, നിനക്കു വന്നപ്രമാദം? എന്തു നിമിത്തമായ് നിന്നുടെ ഭയം? എന്തു് നിന്നെക്കു വിറെക്കിൻറിതു? എന്തു ദുർവാസാവേ·" എന്റരുളച്ചെയ്യിൻറ ഭഗവാനെ.......ൻ ശ്രീദുർവാസാവുമഹഷി.

"ഭഗവാനേ, ദേവരാജാവിനുടെ വചനംകേട്ട് അയോദ്ധ്യാപതി അംബരീഷനെ ശപിപ്പതെൻറു ചെൻറനക്കു അവനെ ശപിപ്പതരുതായിതു......ൽ നിൻറു പുറപ്പെട്ട ചക്രമെന്നെയോടിക്കൊണ്ടുവരിൻറിതു. നിന്തിരുവടിയടിയനെ രക്ഷിക്കവേണ്ടും ഭഗവാനെ"യെൻറു നമസ്കരിക്കിന്റ ദുർവ്വാസാവിനെ നോക്കി......യരുളിച്ചെയ്താൻ. "എനിക്കു് നിന്നെരക്ഷിപ്പാനശക്യം. ശ്രീപുരുഷോത്തമൻ തിരുവടിയുടെകോപമെന്നാലൊഴിക്കരുതു. ക്ഷീരാണ്ണ......... പുണ്ഡരീകാക്ഷൻ തിരുവടിയേ വേണ്ടും നിന്നെ രക്ഷിപ്പാൻ" എന്റരുളിച്ചെയ്യിന്റ ഹരൻതിരുവടിയുടെ വാക്കുകേട്ട ദുർവ്വാസാവു .........രുകിനഭയമുടയനായോടത്തുടങ്ങിനാൻ. ക്ഷീരാർണ്ണവത്തെച്ചെൻറുകുറുകിൻറകാലത്തു എവ്വണ്ണം ശോഭിക്കിൻറു ശ്രീപാൽക്കടലെൻ......... ശ്രീപുരുഷോത്തമൻ പള്ളിയറ ക്ഷീരാർണ്ണവം. അനന്തൻ ഭഗവാനുടെ പള്ളിക്കിടക്ക. ആകാശമേേൽവിതാനം. ചന്ദ്രാദിത്യന്മാർ വിളക്കു്. നക്ഷത്രതാരാഗണങ്ങൾ പുഷ്പം. ശ്രീയും ഭൂമിയും ഇരണ്ടുശ്രീപാദം തടവിയിരുന്നരുളിൻറിതു. യക്ഷകിന്നരഗന്ധർവ്വസിദ്ധവിദ്യാധരകിമ്പുരുഷലോകപാലന്മാരും നാരദാദികളുമന്താദിമുനിമുഖ്യന്മാരും വീണാവേണുമൃദംഗകാഹളതാളഗീതവാദ്യനൃത്തങ്ങൾകൊണ്ടു സ്തുതിച്ചിയങ്ങുവിതു. ബ്രഹ്മനാദിയായുള്ള ദേവകൾ നാലുവേദങ്ങളുമുച്ചരിക്കിൻറിതു. ചന്ദനം ചമ്പകം മന്ദാരം മാധവീകുന്ദകുടകകുമുദകല്ഹാരസൌഗന്ധികകേതകീജാതികുസുമങ്ങളെത്തടവിക്കൊണ്ടുപോന്ന വീയിൻറ തെന്റൽക്കാറ്റിനാൽ

പ്രപഞ്ചമായിതു. ബ്രഹ്മൻതിരുവടി നാലുവേദത്തെയുമുദാത്താനുദാത്തസ്വരിതപ്രയത്നങ്ങളോടുകൂടസ്തുതിക്കിൻറിതു. മഹാസമുദ്രമൊച്ചപ്പെട്ട കിണക്കേ ക്ഷീരസമുദ്രത്തിനുടെ തിരൈമാലൈകൾ ഒൻെറാന്റേ ശീതജലത്തോടുകൂട മലൈക്കിന്റിതു. നാഗനാഥനുടെയായിരം ഫണങ്ങളുമായിരമാണിക്കമരതകം വൈഡൂര്യ്യഗോമേദകം പുഷ്യരാഗം പത്മരാഗം നീലം കുലിശം മുത്തുത്തുടക്കമുള്ള രത്നപ്രഭയാൽ സഹസ്രാദിത്യരശ്മിയെക്കീഴിട്ട ജ്വലിക്കിൻറിതു. തിരുവുടമ്പെവ്വണ്ണം ഇരിക്കിൻറിതെൻറു ബ്രഹ്മനാലുമീശ്വരനാലും ത്രയത്രിംശാദിദേവകളാലും ശാസ്ത്രകളാലുമറിയരുതെൻറുള്ള തിരുവുടമ്പും ശ്രീപാദം തിരുവിരൽക്കും തിരുവരയും തിരുവുദരമും തിരുനാഭിക്കമലമും തിരുമാരമും തിരുക്കയ്യും തിരുക്കഴുത്തും തിരുമുഖാരവിന്ദമും തിരുപ്പവഴവായും തിരുമുറുവൽക്കൊടിയും തിരുക്കപോലമും തിരുമൂക്കും തിരുനയനങ്ങളും തിരുവക്കൊടിയും തിരുച്ചെന്നിയും തിരുനെററിത്തടമും തിരുമുടിപ്പരപ്പും കിരീടമുടിയും ശ്രീകൌസ്തുഭമും തിരുവാഭരണങ്ങളും തിരുവുടമ്പിൻ പരിശിവ്വണ്ണമെന്നുമതു ബ്രഹ്മനാലുമറിയപ്പെടാതെയിരിക്കിന്റിതു. മററുമീജാതിയെല്ലാരിടെ അഹങ്കാരമും ഗർവ്വം കേട്ട സർവവ്യാപിയായിരുന്നരുളിൻറ ഭഗവാൻ ശ്രീപുരുഷോത്തമൻതിരുവടി പള്ളിക്കുറിപ്പു ചെയ്യരുളിന്റ ക്ഷീരാണ്ണവത്തൈക്കുറുകി നമസ്കരിച്ചുണത്തിനാൻ. മഹർഷി ദുർവാസാവിനൈക്കണ്ടരുളിച്ചെയ്യാൻ ശ്രീപുരുഷോത്തമൻ തിരുവടി "എന്തു ദുർവാസാവേ, ന.ിനക്കുവന്ന ദുഃഖം. എന്തു നിന്നുടെ വിഷണ്ണഭാവം." എൻറു കേട്ടരുളിൻറ ഭഗവാൻ നാരായണസ്വാമിയെ നമസ്കരിച്ചുണത്തിനാൻ മഹർഷി.

"പ്രഭുവേ, ദേവരാജാവിനുടെ വചനം കേട്ടയോദ്ധ്യാരാജാവംബരീഷനുടെ തിരുവേകാദശീവ്രതമൊഴിപ്പതെൻറു ചെൻെറനക്കു ക്ലേശം, നിന്തിരുവടിയുടെ തൃച്ചക്രമിതല്ലോ

ആടിക്കൊണ്ടുവരിൻറിതു. നിന്തിരുവടിയെന്നെ രക്ഷിക്ക വേണ്ടു"മെൻറുണർത്തിൻറ ദുർവ്വാസാവിനെ നോക്കിയരുളി ച്ചെയ്താൻ ശ്രീപുരുഷോത്തമൻതിരുവടി.

"മഹർഷീ, നിന്നുടെ തപസ്സിനുടെമഹിമ പെരികെ നൻറു. ആരേനുമെന്നെ ഭക്തിയുള്ളവരെക്കണ്ടാൽ ശപിപ്പാനൊരുമ്പെട്ടവൂ... ...രെ നിഗ്രഹിപ്പൂ. അതു് എനക്കു പക്ഷമല്ലല്ലോ. മഹർഷി നീയുമറിയവേണ്ടും മഹർഷീ, രാജാവിനുടെ കോപമെന്നാൽ ഒഴിക്കരുതു്. ഇന്നുമംബരീഷൻ പാടേചെല്ലു നീയവനേവേണ്ടും നിന്നെ രക്ഷിപ്പാ"നെൻറരുളിച്ചെയ്തിന്റു നാരായണസ്വാമിയെനമസ്കരിച്ചു വിരയെച്ചെൻറ അംബരീഷനുടെരാജധാനിയെക്കുറുകിരാജാവിനെനമസ്കരിച്ചു, "ദേവേന്ദ്രനുടെ വചനം കേട്ടതിനെ ശപിപ്പതെന്റുവന്നിതു. രാജാവേ, ബ്രഹ്മനാകിൻേറായുന്നീയേ ഈശ്വരനാകിന്റോയും നീയേ വിഷ്ണുവാകിന്റതും നീയേയെൻറു തോൻറുമാറല്ലോയിരിക്കിൻറതു. നിന്തിരുവടിയെ നോക്കി ഞാൻ ചെയ്തപരാധം പൊറുത്തരുളെ"ൻറു നമസ്കരിക്കിൻറ ദുർവ്വാസാവിനെക്കണ്ടംബരീഷനുടെ ലലാടദേശം പുക്കൊളിച്ചിതു തൃച്ചക്രം. അംബരമാർഗ്ഗത്തിങ്കൽ നിൻറരുളിൻറ ദേവകളും മഹർഷികളുമംബരീഷനുടെ മഹാനുഭാവമും കണ്ടുപെരുതായിന പ്രീതിയോടു ഹർഷമോടു് അന്തർദ്ധാനം ചെയ്താർ. ദുർവ്വാസാവും ലജ്ജയോടുംകൂടപ്പോയി തന്നുടെയാശ്രമം പുക്കാൻ.

അംബരീഷൻ ഭഗവാൻ നാരായണസ്വാമിയെ നമസ്കരിച്ചു ഭക്തിപെണ്ണിത്തിരുവേകാദശി രണ്ടുനോററതു കാരണമായു് തിരുവുടമ്പിനോടുകൂടിനാനെൻറ ജനമേജയൻ ശ്രീനാരദനരുളിച്ചെയ്തു.

അംബരീഷോപാഖ്യാനം സമാപ്തം

ഹരിഹരഹിരണ്യഗർഭേഭ്യോ നമഃ

ശുഭമസ്തു

നാരായണായ നമഃ

# പ്രാചീനമലയാളഗദ്യമാതൃകകൾ

## III

## ദേവീമാഹാത്മ്യം

# ദേവീമാഹാത്മ്യം

ഹരിഃ ശ്രീഗണപതയേ നമഃ

ശ്രീമാർക്കണ്ഡേയ ഉവാച—

ആദിത്യ ... ... സാവർണ്ണിമനുവിങ്കാലത്തു ശ്രീമാർക്കണ്ഡേയമഹർഷിയാലരുളിച്ചെയ്യപ്പെട്ട ദേവീമാഹാത്മ്യം ശ്രീകഥ സംക്ഷേപത്താൽ തമിഴായ്പ്പെട്ടക്കപ്പെട്ടിതു. അതെവ്വണ്ണമെങ്കിൽ: സൂര്യ്യവംശത്തിങ്കൽ സുരഥനെന്മോനൊരു രാജാവുളൻ. അവൻ ജംബുദ്വീപത്തുങ്കലിരുന്ന സപ്തദ്വീപികളൊക്കെപ്പരിപാലിച്ചു ദുഷ്ടനിഗ്രഹമും ശിഷ്ടപരിപാലനവും ചെയ്തു ധർമ്മേണ രാജ്യം പരിപാലിച്ചിയങ്ങിൻറ ... ... നയകൌസലന്മാരെൻറു ചില ശത്രുക്കളുളരായോം. അതു കൊണ്ടു രാജാവു തന്നുടെ പുത്രമിത്രകളത്രാദിബാന്ധവരുമമാത്യപരിപാലപുരോഹിതന്മാരും സർവപ്രാണികളും ശത്രുക്കളാ ... ... നിമിത്തമായ് രാജാവുമൊരുനാൾ സന്ധ്യാകാലത്തിൽ ചാർത്തിയിരുന്ന കുറയുമൊരു വാളുമായ് കുതിരമേലേറി രാത്രിയിങ്കൽ ദുഷ്ടമൃഗങ്ങളെ നിഗ്രഹിപ്പാൻ പോകിൻേറനെൻറുക ... ച്ചുപോയൊരു വനത്തിൽ സുമേധാവാകിൻറ മഹർഷിയുടെയാശ്രമത്തെ പ്രാപിച്ചാൻ സുരഥനാകിൻറ രാജാവു്. അങ്ങനെയിരുന്നവൻറന്നുടെ പുത്രരേയും ഭാര്യ്യയുമമാത്യപരിപാലപുരോഹിതന്മാരെയും നിനൈച്ചുശോകിച്ചിയങ്ങിൻറവനന്തരം സമാധിയെന്മൊരു വൈശ്യനും പെരികത്ഥവുമായിരുന്നവനൈന തന്നുടെ പുത്രനും ഭാര്യ്യയും കൂടി അത്ഥമെല്ലാം സ്വീകരിച്ചുകൊണ്ടിരിക്കിൻറവർകൾക്കു് ഏതേനുമൊരു ദുഃഖം വന്നു മുടിയോല്ലായെൻറു തന്നിലൈ ദുഃഖിക്കിൻറ വൈശ്യനേയും രാജ്യപരിപാലനത്തേയും നിനൈച്ചു ശോകിച്ചിയങ്ങിൻറ രാജാവു കൂടെച്ചെൻറു സുമേ

ധാവിനെക്കണ്ടു വിചാരിച്ചാൻ: ''ഇവ്വണ്ണമെങ്ങളെപ്പരി ഭവിച്ചിയങ്ങിൻറ രാജാവു കൂടച്ചെൻറു സുമേധാവിനെക്ക ണ്ടു വിചാരിച്ചാനിവ്വണ്ണമെങ്ങളെപ്പരിഭവിച്ചിയങ്ങിന്റ പുത്ര രില്ലം ഭാൎയ്യയില്ലമുള്ളോരാശവിടാതേ പിന്നേയുമവർകൾക്കു വരിൻറ ദുഃഖം നിനെച്ചു മനോവ്യഥ വരുവാനുള്ള കാരണ മെൻേറ വിചാരിക്കിൻറ രാജാവിനെയും വൈശ്യനേയും നോക്കിയരുളിച്ചെതാൻ സുമേധാവാകിൻറ മഹർഷി:—

''മൂലപ്രകൃതിയായിട്ടിരിക്കിൻറ ജഗന്മാതാവു മഹാമായ എൻറുമൊരുത്തരാൽ ജയിക്കാവൊരുത്തിയല്ല. സർവപ്രാണി കളെയും മോഹം വരുത്തുവൊരുത്തി. ലോകമോഹിനി യെൻറും ലോകഭയങ്കരി എൻറും മഹാദുൎഗ്ഗയെൻറും ചൊല്ല പ്പെട്ട മഹാദേവിയുടെ മായാകല്പിതം നിങ്ങൾക്കിതുവിഷയം വരുവാ''നെൻറു സുമേധാവരുളിച്ചെയക്കേട്ടു പിന്നെയും മഹർഷിയെ നോക്കിയരുളിച്ചെതാൻ സുരഥനാകിന്റ രാജാ വ്വ്;—''ഇവ്വണ്ണം ജഗന്മാതാവായിട്ടിരിക്കിൻറ ഭഗവതിയുടെ മാഹാത്മ്യത്തെയെനക്കറിയിക്കേണ''മെൻറു പ്രാൎത്ഥിക്കിൻറ സുരഥനെ നോക്കിയരുളിച്ചെതാൻ മഹർഷി:—

''കേൾപ്പോയാക രാജാവേ, ദേവീമാഹാത്മ്യത്തെക്കേട്ടാ ലഭിപ്രായം വരമുടിയുമെൻറാലതിനെ ബുദ്ധിവെണ്ണിക്കേൾ പ്പോയാക. ആദികാലം കൃതയുഗത്തിങ്കൽ ഏകാർണ്ണവ (സു പ്തിത?സുപ്ത)നായി പള്ളിക്കുറിപ്പു ചെയ്തരുളിൻറ നാരായണ സ്വാമി നരമർദ്ദനൻ തിരുവടിയുടെ കർണ്ണദ്വാരത്തിങ്കൽ നിന്റു പളുകിക്കൊണ്ടൊരു മലത്തേ ഏകാർണ്ണവത്തിലിട്ടു മിടിച്ചരു ളിനാൻ ഭഗവാൻ. അതുവുമിരുവസുരകളായ് പോന്നു വളന്നു ദാഹമോഹിതരായി ഏകാർണ്ണവത്തിങ്കൽ പെരുമാറിൻറവർ കൾക്കു കാണായിതു നാരായണസ്വാമിയുടെ നാഭികമലത്തിങ്ക ലിരുന്നരുളിൻറ ബ്രഹ്മാതിരുവടിയെക്കണ്ടുപിടിച്ചു ഭക്ഷിപ്പു

തെൻറദ്ധ്യവസിച്ചു ചെൻറു കുറുകിൻറ മധുകൈടഭന്മാരെ ക്കണ്ടു വിറെക്കിൻറ ബ്രഹ്മന്തിരുവടിയപ്പോഴ ശ്രീമൂലപ്രകൃതിയായ് യോഗനിദ്രയനുഭവിക്കിൻറ ഭഗവാനുടെ പുണ്യസഹസ്രനാമങ്ങളെ സ്തുതിക്കിൻറ കാലത്തു മ്ഹാമായയാകിൻറ ഭഗവതിയും വിഷ്ണുഭഗവാങ്കൽ നിൻറു മെല്ലെ മെല്ലെ വാങ്ങിച്ചെൻറു മധുകൈടഭരെക്കുറുക്കിനാൾ. അപ്പൊഴുതു ഭഗവാനും പള്ളിക്കുറിപ്പുണർന്നു മധുകൈടഭന്മാരോടെതിർത്തു അയ്യായിരത്താണ്ടു ബാഹുയുദ്ധം വെണ്ണ്ടിയിരുന്നരുളിൻറ ജഗന്നാഥൻ തിരുവടി യുദ്ധശ്രമം വന്നാലസ്യനായിരുന്നരുളിൻറ ഭഗവാനെ അപ്പൊഴുതാക്ഷേപിച്ചു ചൊന്നാർ മധുകൈടഭന്മാർ:—"എങ്ങളോടു പോർ തോററുപോകിൻറ നീയെങ്ങളാലൊരുവരം കൊണ്ടുപോ"കെൻറാനസുരർകൾ. അപ്പൊഴ ഭഗവാൻ "നിങ്ങളെയിപ്പൊഴതേ കൊല്വാൻ വരംതരവേണ്ടു"മെൻററുളിച്ചെയ്യക്കേട്ടസുരകളിരുവരും മായാമോഹം നിമിത്തമാ"യിപ്പൊഴതെങ്ങളെക്കൊൻറാല്യ" മെൻറു വരംകൊടുത്തവനന്തരം, വിഷ്ണുഭഗവാനുമസുരകളെപ്പിടിച്ചുകൊല്ലിൻറ കാലത്തു ചൊന്നാരസുരകൾ, "എങ്ങളെ നീരിൽ വെച്ചെൻറിയേ കൊല്ലവേണ്ടു"മെൻററുകേട്ടസുരകളെപ്പിടിച്ചു ഊരുദണ്ഡിന്മേൽ വെച്ചു ചക്രംകൊണ്ടവർകളുടെ ശിരസ്സുറുത്തു സമുദ്രത്തിൽ ചിതറിക്കളഞ്ഞാൻ ഭഗവാൻ. "അവർകളുടെ ശിരസ്സാകിൻറതു സപ്തദ്വീപികൾ. ഇപ്രകാരം മായാമോഹം നിമിത്തമായ്ക്കൊണ്ടു മധുകൈടഭന്മാരെ വിഷ്ണുഭഗവാൻ കൊൻററുളീതു" എൻറു സുമേധാവരുളിച്ചെയ്യക്കേ,"ട്ടിന്നുംദേവീമാഹാത്മ്യമെങ്ങൾക്കു വിസ്തരേണയറിയിക്കവേണ്ടു"മെൻറു പ്രാർത്ഥിക്കിൻറ രാജാവിനെയും വൈശ്യനെയും നോക്കിയറിയിക്കത്തുടങ്ങിനാൻ മഹർഷി:—

"എങ്ങനെയെങ്കിൽ ആദികാലം കൃതയുഗത്തിങ്കൽ ദേവാസുരയുദ്ധം ഭയങ്കരമായി കലഹിച്ചവനന്തരം ദേവകൾ മഹിഷാദിയസുരപ്പടയെ ഭയപ്പെട്ടു ഭൂമിയിങ്കൽപോന്നു മനുഷ്യരെക്കിണക്കേ പെരുമാറിൻറതു കണ്ടു ദുഃഖിക്കിൻറവർകൾ ചെൻറു ബ്രഹ്മൻതിരുവടിയെക്കണ്ടു തങ്ങളുടെ ദുഃഖമറിയിച്ചവനന്തരം, ബ്രഹ്മാദിദേവകളും ശ്രീമഹാദേവൻ തിരുവടിയുംകൂടിയെഴുന്നരുളി ശ്രീ പാല്ക്കടലിൽ അനന്തമ്മേൽ പള്ളിക്കുറിപ്പുചെയ്യരുളിൻറ നാരായണസ്വാമിയെ നമസ്കരിച്ചു വൃത്താന്തത്തെയുണർത്തിയതു കേട്ടു, വിഷ്ണുഭഗവാനും ശ്രീ മഹാദേവൻതിരുവടിയും കോപിക്കിൻറ കാലത്തു ദേവകളെല്ലാം കോപിച്ചവനന്തരം, ശ്രീ മഹാദേവൻ തിരുവടിയുടെ കോപാഗ്നിയും വിഷ്ണുഭഗവാനുടെ തേജസ്സുമെരിഞ്ഞുപുറപ്പെട്ടെല്ലാദ്ദേവകളുടെതേജസ്സുമെരിഞ്ഞു പുറപ്പെട്ടൊരിടത്തായ്ക്കൂടീതു. മഹാമേരുവിനോളം തിരൾപ്പുണ്ടായുജ്ജ്വലിച്ചു തോൻറിൻറ തേജസ്സുകണ്ടു ദേവകൾ വിസ്മയപ്പെട്ടു അറിയിക്കിൻറ കാലത്തു ശ്രീമഹാദേവൻതിരുവടിയുടെ തേജസ്സുകൊണ്ടു ശ്രീമുഖമുണ്ടായിതു. യമനുടെ തേജസ്സുകൊണ്ടു കേശങ്ങളുളവായിതു. വിഷ്ണുവിനുടെ തേജസ്സുംകൊണ്ടു ബാഹുക്കളുളവായിതു. ചന്ദ്രനുടെ തേജസ്സുകൊണ്ടു സ്തനങ്ങളുളവായിതു. പൃഥിവിയുടെ തേജസ്സുകൊണ്ടു കാൽവിരൽ ഉളവായിതു. വസുക്കളുടെ തേജസ്സുകൊണ്ടതൽക്കീടമുണ്ടായിതു. ബ്രഹ്മനുടെ തേജസ്സുകൊണ്ടു ശ്രീപാദങ്ങളുളവായിതു. വൈ(ശ്ര?ശ്രവ)ണനുടെ തേജസ്സുകൊണ്ടു നാസികയുണ്ടായിതു. പ്രജാപതിമാരുടെ തേജസ്സുകൊണ്ടു ദന്തങ്ങളുളവായിതു. അഗ്നിഭഗവാനുടെ തേജസ്സുകൊണ്ടു തിരുനയനങ്ങളുളവായിതു. സന്ധ്യയുടെ തേജസ്സുകൊണ്ടു പുരികക്കൊടിയുണ്ടായിതു. വായുഭഗവാനുടെ തേജസ്സുകൊണ്ടു കർണ്ണങ്ങളുളവായിതു. മിക്കും സർവദേവകളുടെ സർവതേജസ്സുകൊണ്ടും സർവാംഗം ച ഞ്ഞു മുടിഞ്ഞിതു.

"യദഭൂച്ഛാംഭവം തേജ—
സ്തേനാഭ്യദ്യത തന്മുഖം
യാമ്യേന ചാഭവൻ കേശാ
ബാഹവോ വിഷ്ണുതേജസാ."

(അദ്ധ്യാ. 2 ശ്ലോ. 13)

എൻറിപ്രകാരം സർവദേവകളും സർവതേജസ്സുംകൊണ്ടൊരു സ്ത്രീരൂപം കാണായിതു. അതുകണ്ടു ദേവകൾ പ്രീതിപ്പെട്ടു. അവർ തങ്ങളിടെ ആയുധങ്ങളിൽനിൻറു് ആയുധങ്ങളെക്കൊട്ടത്തലങ്കരിക്കത്തുടങ്ങീതു.

"ഭദ്രേ, നീ വിരയപ്പെൻറു മഹിഷനെക്കൊൻറു ദുഃഖം കെട്ടപ്പോയാകെ"ൻറരുളിച്ചെയ്തുക്കേട്ട മഹാദേവനീശ്വരൻ തിരുവടിയുടെ ത്രിശ്ശൂലത്തിങ്കൽ നിന്റു മഹാദേവിക്കൊരു ത്രിശ്ശൂലം കൊട്ടത്തരുളീതു. വിഷ്ണുഭഗവാൻ ചക്രം കൊട്ടത്തരുളീ. വരുണൻ ശംഖുകൊട്ടത്തരുളി. അഗ്നിഭഗവാൻ ശക്തികൊട്ടത്തരുളീ. യമൻ പാശം കൊട്ടത്തരുളീ. ബ്രഹ്മൻ തിരുവടി അക്ഷമാലയും കുണ്ഡികയും കൊട്ടത്തരുളീ. ആദിത്യൻ രോമങ്ങൾതോറും രശ്മികൾ കല്പിച്ചാൻ. കാലൻ വാളും വാൾപ്പലകയും കൊട്ടത്താൻ. ക്ഷീരസമുദ്രത്താൽ മുത്തുപടം കൊട്ടത്താൻ. ദിവ്യമായിരിപ്പോരുകൂറയും. മുടിച്ചൂളാമണിയും കുണ്ഡലമും കടകവളെയും കൈവിരല്ലും കാൽവിരല്ലും കേയൂരവും അർദ്ധചന്ദ്രക്കലയും കാൽച്ചിലമ്പും കണ്ഠത്തൊണമതിനിർമ്മലമായിരിപ്പോരു പരശ്ശുവും അനേകം ദിവ്യാസ്ത്രങ്ങളും ദിവ്യമായിന ശിരസ്സിന്നും ഉരസ്സിന്നും പോരുന്നവോ ചില രത്നമാലകളും സുമാപ്പു (സൂ)പാത്രമും കൊട്ടത്താൻ വിശ്വകർമ്മാവു. ഹിമവാൻ സിംഹം കൊട്ടത്താൻ. തക്ഷകൻ ഹാരം കൊട്ടത്താൻ. മിക്കുള്ള മഹാനാഗത്താന്മാർ ദിവ്യരത്നം കൊട്ടത്താർ. ഭൂമിദേവി തേജസ്സു കല്പിച്ചാൾ.

സർവദേവകളും സർവദൈവസ്ത്രീകളും കൂട യക്ഷകിന്നര കിമ്പുരുഷാദികളും കൂടിയായുധങ്ങളുമാഭരണങ്ങളും കൊടുത്തു. അവകൊണ്ടലങ്കരിച്ചു പൂജിച്ചുനിൻറ കാലത്തു ദേവകളെ നോക്കിയരുളിച്ചെയ്തതാൽ ഭഗവതി:—

"നിങ്ങൾക്കെന്നെക്കൊണ്ടു വേണ്ടുമഭിപ്രായത്തെച്ചൊല്ലുക"യെൻറതുകേട്ടരുളിച്ചെയ്താർ ദേവർകൾ:— "മഹിഷനെക്കൊൻറു സ്വർഗ്ഗലോകത്തെ വീണ്ടുതന്നു എങ്ങളെ രക്ഷിക്കവേണ്ടു"മെൻറു പ്രാർത്ഥിക്കിൻറ ദേവകളുടെ വാക്കു കേട്ടു മഹാദേവിയും......... സിംഹത്തിന്മേലേറി ആയുധം വിളിച്ചട്ടഹാസം വെണ്ണി മഹിഷാശ്രമംനോക്കി എഴുന്നരുളിൻറ കാലത്തു യക്ഷവിദ്യാധരകിമ്പുരുഷാദികൾ........ ച്ചെൻറിട്ടട്ടഹാസം വെണ്ണിൻറതുകേട്ടു അസുരനുംകോപിച്ചു തന്നുടെ പെരുംപടനായകന്മാർ ഉദഗ്രാദികളെൻറു പന്തിരണ്ടു സേനാപതികളുണ്ടുദഗ്രനെൻറുമന്ദഗ്രനെൻറും വിലാളനെൻറും മഹാഹനുവെൻറും (ദ്വന്ദ്വരീദ്ദുർദ്ധര) നെൻറും മർമ്മഖനെൻറും ധൂമ്രനെൻറും ബാഷ്ക്കളനെൻറും ഇവകൾ പന്തിരണ്ടു സേനാപതികളുണ്ടു പെരുംപടനായകന്മാർ. അവർകളോടോരോരുത്തരോടുകൂടി പന്തിരണ്ടക്ഷൌഹിണി ചെയ്ത പടയുണ്ടു. കരിതുരഗരഥകാലാളെൻറിച്ചാതുരംഗപ്പടയോടും കൂടപ്പെരുംപടനായകന്മാർ അസ്ത്രങ്ങൾകൊണ്ടു വരുഷിക്കിൻറ കാലത്തു എവ്വണ്ണം ശോഭിക്കിൻറതെങ്കിൽ, പ്രാവൃൾക്കാലത്തു പർവ്വതങ്ങളിൽകൂടി നിൻറ മേഘങ്ങൾ വർഷിക്കിൻറ വർഷധാരകിണക്കേ മഹാദേവിയെക്കൊണ്ടു അസ്ത്രധാരകൾവർഷിക്കതുടങ്ങീതസുരപ്പട. അപ്പൊഴുതു കോപിച്ചരുളിൻറ ഭഗവതിയുടെ തിരുവുടമ്പിങ്കൽനിൻറു മഹാകാളിയും മാതൃക്കളും മററുള്ള സ്ത്രീപ്പടയനേകന്തുറായിരം ആയുധവാഹനത്തോടും കൂടപ്പുറപ്പെട്ടു അസുരപ്പടയോടെതിർത്തു ഭയങ്കരമായിക്കലഹിക്കിൻറ കാലത്തു മഹാകാളിയും തൻതിരുവടിയുടെയായിരം

ശ്രീബാഹുക്കളിലും പിടിക്കപ്പെട്ടായുധങ്ങൾകൊണ്ടു വരിഷി
ക്കിന്റസുരപ്പടയാകിന്റ മഹാവനത്തേ മഹാദുർഗ്ഗയെന്നമഗ്നി
യാൽച്ചുട്ടഴിക്കത്തുടങ്ങീതു. ഇവ്വണ്ണമസുരപ്പടയെക്കൊൻറു പര
ത്തി രുധിരവെള്ളത്തിൽ നിൻറു പെരുമാറിൻറ ഭഗവതിയെ
ക്കണ്ടു ഉദഗ്രാദിദ്വാദശാദികളെച്ചെൻറു യുദ്ധംവെണ്ണിൻറ
കാലത്തു ഉദഗ്രനാകിൻറവൻ ഭഗവതിയുടെ ശ്രീബാഹുക്ക
ളെക്കുറിച്ചു വാൾകൊണ്ടു വെട്ടിൻറവനെ ത്രിശൂലംകൊണ്ടു
കുത്തിയാകാശംനോക്കിയെറിഞ്ഞരുളിനാൾ ഭഗവതി. അതു
കണ്ടു കോപിക്കിൻറ ഉദഗ്രൻ ഒരിരുമ്പുലക്കകൊണ്ടു തല്ലിൻറ
കാലത്തു അവനുടെ ശീരസ്സറുത്തെറിഞ്ഞാൾ ഭഗവതി......
നെച്ചക്രംകൊണ്ടെറിഞ്ഞാൾ ഭഗവതി. അവമ്പോച്ചത്തു
വീണാൻ. ചാമരനെ ശക്തികൊണ്ടു നിഗ്രഹിച്ചാൾ. വി
ലാളനെ വേൽകൊണ്ടെറിഞ്ഞുകൊൻറാൾ. മഹാഹനുവി
നെ വജ്രംകൊണ്ടെറിഞ്ഞുകൊൻറാൾ. ത്രി......നെ
ഗദകൊണ്ടു മാർവ്വിടത്തിലിട്ടു തകത്തു കൊൻറാൾ. ധൂമ്രനെ
കാലെപ്പിടിച്ചു തല്ലി നുറുക്കിക്കളത്താൾ. ദുർദ്ധരനെയും
ദുർമ്മുഖനെയും പിടിച്ചാകാശത്തിങ്കലിട്ടെറിഞ്ഞുകൊന്റാൾ.
ചത്തു ഭൂമിയിൽ വീണ്ണു നുറുങ്ങിപ്പോയാർ മിക്കുള്ള
സുരപ്പടയെല്ലാം. മഹാകാളിയുമസുരപ്പടൈയും മാതൃക്കളും
മററുള്ള സ്ത്രീപ്പടയും കൂടിക്കലഹിച്ചു നിമിഷമാത്രയിൽപോ
യെല്ലാം കൊൻറുമുടിച്ചു യുദ്ധഭൂമിയിൽനിൻറട്ടഹാസംവെ
ണ്ണിൻറ മഹാദേവിയേയും മാതൃക്കളേനും കണ്ടു കുതുഹലിച്ചു.
ദുന്ദുഭികളൊച്ചകൾ പെരുകി. പുഷ്പവൃഷ്ടി പൊഴിയിച്ച
രുളിനാൾ ദേവകൾ. അതുകണ്ടു മഹിഷനും തേർമേലേറി
ച്ചെൻറു ശരപ്രയോഗം വെണ്ണിൻറവനുടെ തേർപൂണ്ട കുതിര
നാലിനെയും സാരഥിയേയും കൂടയെയ്തുകൊൻറു ഭൂമിയിൽ
വീഴ്ത്തിനാൾ ഭഗവതി. അഴിഞ്ഞതിനഴിഞ്ഞതിനേറിവൻറ
തേർപ്പുരിവുകളെയും സാരഥിയേയും പിടിക്കപ്പെട്ട ആയുധ
ങ്ങളേയും നുറുക്കിക്കളെഞ്ഞു കലഹിക്കിൻറവളോട്ടു ആയുധ

ങ്ങൾകൊണ്ടു കലഹിക്കരുതെൻറു കല്പിച്ചു മറഞ്ഞുനിൻറു മായായുദ്ധംവെണ്ണ്ി ജയിപ്പതെൻറദ്ധ്യവസിച്ചാകാശം മറഞ്ഞു നിൻറു പാറകൊണ്ടും പർവ്വതങ്ങൾകൊണ്ടും വർഷിക്കിൻറ കാലത്തു് അവയെല്ലാം ചില ദിവ്യാഭരണമായി വിളങ്ങി വിശേഷിച്ചുമൊട്ടേറെശ്ശോഭിച്ചിതു ഭവതിക്കു. അതുകണ്ടു വരു ണാസ്ത്രം പ്രയോഗിച്ചു എണ്ടുമൊക്കെ പ്രളയമായിത്തോ ന്റിൻറകാലത്തു സൂര്യ്യാസ്ത്രം പ്രയോഗിച്ചു ജലത്തെ(സ്സീ?സപീ) കരിച്ചാൾഭഗവതി. ആഗ്നേയാസ്ത്രം പ്രയോഗിച്ചു എല്ലാ ദിക്കു കളും അഗ്നിയാലെരിഞ്ഞു ചേലിൻറ കാലത്തു വരുണാസ്ത്രം പ്രയോഗിച്ചു അഗ്നിയുടെ ശക്തി കെട്ടത്തരുളിനാൾ. മററുമക്ക ണക്കേ താൻ ദേവകളോടു മായായുദ്ധംവെണ്ണ്ി ജയിച്ചി ... ക്കെയുള്ള മായയെല്ലാം പ്രയോഗിച്ചു അസാദ്ധ്യമായൊരു പർവ്വ തമായ് പറന്നുചെൻറു ഭഗവതിയുടെ തിരുവുടമ്പിൽ വീഴിന്റ കാലത്തു അവനൈ വജ്രംകൊണ്ടെറിഞ്ഞു കൊൻറാൾ. അക്കാലത്തു ഗജരൂപമായ്ച്ചെൻറു ഭഗവതിയെ നാട്ടവാന്നി നൈക്കിൻറ കാലത്തു അവനുടെ മസ്തകത്തിന്മേലിട്ടു പാഞ്ഞു കരത്തെപ്പിടിച്ചു നറുക്കിക്കളൈഞ്ഞാൻ മൃഗേന്ദ്രനാകിൻറ സിംഹത്താൻ. മഹാമായയും മഹാശക്തിയുമായിട്ടിരിക്കിൻറ ഭഗവതിയെയൊൻറിനാലും ജയിക്കരുതാതതൊഴിഞ്ഞു.

''മാഹിഷേണ സ്വരൂപേണ
ത്രാസയാമാസ താൻ ഗണാൻ

(അ 3 ശ്ലോ. 20)

കാംശ്ചിത്തുണ്ഡപ്രഹാരേണ
ക്ഷുരക്ഷേപൈസ്തഥാസുരാൻ.
ലാംഗൂലതാഡിതാംശ്ചാന്യാൻ
ജൃംഭാഭ്യം ച വിദാരിതാൻ

വേദേന കാംശ്ചിദപദാൻ
നാദേന ഭ്രമണേന ച
നിശ്വാസപവനേനാന്യാൻ
പാതയാമാസ ഭൂതലേ.''

(അ. 3 ശ്ലോ. 21–22)

ഇവ്വണ്ണം മഹിഷനുമൊരു പോത്തിനുടെ രൂപം സംഗ്രഹിച്ചുചെൻറു കുറുകിൻറവൻ. കൊമ്പുകൊണ്ടു പർവ്വതങ്ങളെച്ചിതറി വാൽകൊണ്ടു സമുദ്രം കലക്കി കാൽകൊണ്ടു ഭൂമി കിളെച്ചു ശ്വാസംകൊണ്ടു പാതാളങ്ങൾ നിലകുലുക്കിച്ചെൻറ സ്ത്രീപ്പടക്കൂട്ടത്തിൽപ്പാഞ്ഞു വെട്ടിച്ചിതറിൻറയോടിൻറച്ചതിഭയങ്കരമായ്ച്ചെല്ലിൻറ കാലത്തു ഭഗവതിയേയും മാതൃക്കളേയും കൂടഅസ്ത്രശസ്ത്രങ്ങൾകൊണ്ടു ചുഴററി പ്രയോഗിക്കിൻറ കാലത്തു മഹിഷൻ കളിക്കുംകിണക്കേയെല്ലാദിക്കിലും നിന്റു പരാക്രമിക്കിൻറകാലത്തു് ഒരു ജാതിയും ജയിക്കരുതാഞ്ഞൊഴിഞ്ഞു പിന്നെയും ഭഗവതിയുടെ തൃക്കയ്യിലിരുന്ന പാശംകൊണ്ടു വീശിയണൈച്ചുകൊണ്ടു പുറത്തു പാഞ്ഞേറിയിരുന്നരുളീ. ത്രിശൂലംകൊണ്ടു കഴത്തിലിട്ടു കുത്തിയ കാലത്തു നാവിനാൽ പാതിയും പുറത്തുപോന്നിതു. അക്കാലത്തു മേഘംഅലറും കിണക്കേയും പ്രളയകാലത്തു സമുദ്രം കിളന്നു അഴൈക്കും കിണക്കേയും അലറിൻറ മഹിഷനുടെ തലയിലിട്ടു ച ... ... ... ... ... പരശുകൊണ്ടു കഴത്തറുത്തു മഹിഷനുടെ തല ശ്രീപീഠമായിട്ടുകൊണ്ടു് അതിന്മേൽ നിൻറരുളിന്റ ഭഗവതിയുടെ യുദ്ധമെവ്വണ്ണമെങ്കിൽ, കുടർകൊണ്ടു മാലചാർത്തി നിണംകൊണ്ടു കച്ചകെട്ടിപ്പിണം കൊണ്ടമ്മാനയാടി പിടിക്കപ്പെട്ടായുധങ്ങളുയർത്തി നിൻറരുളിൻറ മഹാദേവിയുടെ ബ്രഹ്മാണ്ഡത്തെത്തടവിൻറതു. സഹസ്രബാഹുക്കളെക്കൊണ്ടു ദിക്കുകളെത്തടവിൻറിത. ഇവ്വണ്ണമേ നിൻറരുളിന്റ മഹാദേവിയെക്കണ്ടു പ്രീതിപ്പെട്ട

യക്ഷഗന്ധർവവിദ്യാധരകിന്നരുരുഷാദികളും മുനിജനവും ദേവി യുടെ ചരിതം ചൊല്ലി സ്തുതിച്ചു വന്ദിച്ചുനിൻറ കാലത്തു ഭഗ വതിയും ശാന്തമൂർത്തിയാവുതും ചെയ്തു. തങ്കൽനിൻറു പുറപ്പെട്ട മഹാകാളിയേയും മാതൃക്കളേയും സ്ത്രീപ്പടയും കൂട തങ്കലേലയി പ്പിച്ചുകൊണ്ടു ദിവ്യരൂപിണിയായിരുന്നരുളിനാൾ ജഗന്മാതാ വായിട്ടിരിക്കുന്ന മഹാദേവി.''

എൻറിവണ്ണം സുരഥനാകിൻറ രാജാവിനെയും സമാ ധിയാകിൻറ വൈശ്യനെയും നോക്കി സുമേധാവാകിൻറ മഹർഷിയരുളിച്ചെയ്യക്കേട്ട രാജാവും കുതുഹലിച്ചു, ''ഇന്നും ദേവീമാഹാത്മ്യത്തെ വിസ്തരേണയറിയിക്കവേണ്ടു''മെൻറു പ്രാർത്ഥിക്കിൻറരാജാവിനെ നോക്കിയറിയിക്കത്തുടങ്ങിനാൻ മഹർഷി:—

എങ്ങനേയെങ്കിൽ അമ്പാടിയിങ്കൽ, യശോദയ്ക്കു പുത്രി യായ്‌ പിറന്നു അവിടെനിൻറു വസുദേവൻ കൊണ്ടുപോന്നു ദേവകിക്കു പുത്രിയായ്‌ വളർന്നു കംസനാലടിപ്പൂണ്ട മാതാവി നാൽ ശാപം പെററു ആകാശമേ എഴുന്നരുളിൻറ മഹാദേവി യെക്കണ്ട ദേവകളെല്ലാംകൂടി മുടികടകാദിയാഭരണങ്ങ ളെല്ലാം കൊട്ടുത്തലങ്കരിച്ചു ഹിമവാനുടെ കൊട്ടുമുടിമേൽ ഒരു പൊന്നിൻശിലാതലത്തിന്മേൽ സ്ഥാപിച്ചുകൊണ്ടു ദേവർഷി സിദ്ധയക്ഷന്മാരാൽ പൂജിക്കപ്പെട്ടിരുന്നരുളിൻറവനന്തരം സുംഭ നിസുംഭന്മാരെൻറിരുവർ(ര?) സുരേശ്വരന്മാരുളരായിരുവർക്കുജ്ജ യം വെണ്ണിദ്ദേവകളെജ്ജയിച്ചു ദേവലോകത്തിങ്കൽ ഉള്ള ദിവ്യവസ്തുക്കളേയും സ്ത്രീകളേയും വലിയപ്പിടിച്ചുകൊണ്ടു പോയ്‌ തങ്ങളുടെ സന്നിധിയിലാക്കിക്കൊണ്ടഭിമതപരാക്രമ സഹിത... ... ... ... ... ൻറവർകളുടെ ദൂതൻ സുഗ്രീ നാകിൻറസുരവീരനൊരുനാൾ ഭഗവതിയിരുന്നരുളിൻറ ആ ശ്രമത്തിന്നണയച്ചെൻറ കാലത്തു ആദിത്യഉദയംകിണക്കേ ഒരു തേജസ്സു ഉജ്ജ്വലിച്ചു ... ... ൻറതിനെക്കണ്ടു

കുതൂഹലിച്ചു എന്തുകിലോയിക്കാണാകിൻറ തേജസ്സു എന്നുടെ ഭ്രാന്തോ അതെൻറിയേ രത്നപ്രഭയോ എൻറു സംഭ്രമിച്ചു എല്ലാ ദിക്കിലും നോക്കിൻറ അവനു കാണ ... ... ദിവ്യ രൂപാഭരണഭൂഷിതയായി സുന്ദരരൂപിണിയായിരുന്നരുളിൻറ കന്ന്യാഭഗവതി കണ്ടു കുതൂഹലിച്ചു അണയച്ചെൻറു അനേകം നേരം നില്ക്കിൻറവനോടു യാതൊൻറരുളിൽ ... ... ന്നോ ക്കുവിതും ചെയ്യാതേ ഇരുന്നരുളിൻറ ആര്യ്യാഭഗവതിയെ നോക്കി വിചാരിച്ചാൻ സുഗ്രീവൻ. ''ഇതുകാണാ ഭദ്രേ, നീ യാരുടെ പുത്രിയാരുടെ ഭാര്യ്യ ആരുടെ വംശം എന്തോ ... ന്ത വായിവിടത്തിനുകൽ ഇരിക്കിൻറതു. ഇപ്പർവതത്തിന്മേലി രുന്നു ക്ലേശപ്പെടവേണ്ടാ. ഇപ്പൊഴതെന്നോടുകൂടിപ്പോന്നാൽ ത്രൈലോക്യമൈശ്വര്യ്യത്തെസ്സാധിക്കാവോര ... ... ലാഭി ക്കാം. അതിന്നു ഹേതുവും ചൊല്ലാം. നീയൊട്ടുമറിയിൻറുതി ല്ലയോ സുംഭനെൻറും നിസ്സുംഭനെൻറും ഇരുവരസുരേശ്വരന്മാ രിൻറി ത്രൈലോക്യത്തിന്നു കർത്താവായി ... ... തു അവർ കളുടെ സമ്പത്താകിൻറതു ചൊല്ലിയറിയിക്കാവൊൻറല്ല. കാൺകിലേയറിയാവിതു. എങ്കിലുമൊട്ടുചൊല്ലുവൻ കേൾ പ്പോയാക.

> ഐരാവതഃ സമാനീതോ
> ഗജരത്നം പുരന്ദരാൽ
> പാരിജാതതരുച്ഛായാം
> തഥൈവോച്ചൈശ്രവാ ഹയഃ.

(അ. 5. ശ്ലോ. 55)

ദേവരാജാവായിട്ടിരിക്കിൻറ ഇന്ദ്രനൈ ജയിച്ചു ഐരാ വതവുമുമു ... ... ... തുപാവാകിൻറ കുതിരയും അപ് സരസ്ത്രീകളെയും വലിയപ്പിടിച്ചുകൊണ്ടു പോയത്തങ്ങളുടെ സന്നിധിയിലാക്കിക്കൊണ്ടിരിക്കിൻറിതു. വരുണപാശവുംമ ...

മഗ്നിയുടെശംഖും നിയതിയുടെ ഹൃദയം ക്ഷപതി വൈശ്രവണനെജ്ജയിച്ചു പുഷ്പകം വിമാനവും ശംഖും നിധിയും പറിച്ചുകൊണ്ടിരിക്കിൻറവർകൾക്കു അർത്ഥമെത്തറായെന്തും സംഖ്യവേണ്ടാമാററിരി ... ... യായുമല്ലപ്രജാപതിമാക്കുള്ള വിമാന മുറതങ്ങൾക്കെയാക്കികൊണ്ടു നാഗയക്ഷഗന്ധർവ കിമ്പുരുഷാദികളെല്ലാം ചെൻറു് അവർകൾക്കു പല പണി ചെയ്യിയങ്ങുവിതു. അവർകളുടെ പടൈപ്പെരുപ്പവും കേൾക്ക വേണ്ടും. ദേവകൾ ഭയപ്പെട്ടു ഒളിച്ചു കിടന്ന ദൈത്യന്മാർ ദാനവന്മാർ ഭോഗ്യന്മാർ ധൌമ്യന്മാർ കവചന്മാർ കേകയന്മാർ ഹിരണ്യന്മാർ രാക്ഷസന്മാർ എൻറികിണക്കേ മററും ചൊല്ലരുതു. അനേകം പെരും പടനായകന്മാരുണ്ടു്. ഇവർകളോരോരുത്തർക്കു ധൂളിയും അക്ഷൌഹിണിയും എൻറിങ്ങനെയായിരം വെള്ളം പടയുണ്ടു്. എൻറിതു സംക്ഷേപത്താൽ ഗണിക്കപ്പെട്ടിതു. അങ്ങനെയുമല്ല,

യജ്ഞഭാഗാനഹം സർവ്വാ-
നുപാശ്നാമി പൃഥക് പൃഥക്.
ത്രൈലോക്യേ യാനി രത്നാനി
മമ വശ്യാന്യശേഷതഃ

(അ 5. ശ്ലോ. 70-71)

ഭൂമിയിൽച്ചെയ്യിൻറ യജ്ഞങ്ങളിൽ ഓരോ ദേവതകൾക്കുള്ള ഹവിർഭാഗമും വെവ്വേറെ കൊണ്ടുകൊട്ടക്കവേണ്ടുമഗ്നിഭഗവാൻ ഇവ്വണ്ണ.........വസ്ഥതികഞ്ഞിരിക്കിൻറ സുംഭനിസുംഭന്മാക്കു യോഗ്യമല്ലാൽ നീ വിരയപ്പോരുക വേണ്ടും.''

സുഗ്രീവൻ ചൊല്ലക്കേൾക്കായതിമധുരമായവനൈ നോക്കിയരുളിച്ചെയ്യാൾ ഭഗവതി, ''ഞാനൊരാനായസ്ത്രീ. ഞാൻ പിറന്ന മുഹൂർത്തം സന്താനനാശം വരുമെൻറു മാതാവെടുത്തു കൊട്ടത്ത വ... പ്പ പിണമിട്ടകാട്ടിൽ കൊണ്ടുപോയ്യുളഞ്ഞു.

അട്ടത്തു നിൻറ ചിലരെട്ടത്തുകൊണ്ടു പോന്ന മാതുലനാൽ നിഗ്രഹിക്കപ്പെട്ടു. വായുവേഗത്താൽ ഇവിടെത്തിങ്കൽ വന്നു പ്രാപിച്ചിട്ടിരുന്നേന്നെ വനദേവകളും പക്ഷികളും എനക്കു മാതാവും പിതാവും ബന്ധുക്കളുമായിട്ടിരിക്കിൻറിതു. എൻറാലിവണ്ണമിരിക്കിൻറ എന്നെ വന്നണയു... സമ്പത്തും പൂരുഷകാരമുതിക്കളഞ്ഞിരിക്കിൻേറാരെയാകിലും പത്തുരാത്രിയുമുന്നേ സമ്പത്തെല്ലാം നശിച്ചു ശരീരഹാനിയും പ്രാണഹാനിയും വന്നു മുടിയുമെന്റാൽ എന്നെ സംഗ്രഹിച്ചു മുടിയവേണ്ടാ.'' എൻറു ഭഗവതിയരുളിച്ചെയ്യക്കേട്ടു പിന്നെയും ചൊന്നാൻ സുഗ്രീവൻ ''സോമസൂര്യാഗ്നിബൃഹസ്പതികളുമിവർകളുടെ വശരായിട്ടിരിക്കിൻറിതു. മിക്കബ്രഹ്മാണ്ഡകടകത്തിനൊരുത്തരിരുവരുടെ സമ്പത്തിനെക്കെട്ടക്കകെല്ല ഒരുത്തരില്ലയെൻറു സുഗ്രീവൻ ചൊല്ലക്കേട്ടു പിന്നെയുമരുളിച്ചെയ്താൾ ഭഗവതി.

''നീ ഇച്ചൊല്ലിൻറ സമ്പത്തെല്ലാമെനക്കുമൊക്കും. ഞാനും കേട്ടിരിക്കിൻറിതു. എനക്കുമവർകളൈ പ്രാപിക്കയിലുള്ള ശ്രദ്ധപെരുകെയുണ്ട്. എങ്കിലും ഞാൻ ബാലച്ചെറിയ നാളെയൊരു പ്രതിജ്ഞ പിടിച്ചിരിപ്പിതുണ്ട്. അതു എത്തിനെയും പരികല്പമായ്യള്ളൊൻറും.

''കിഞ്ചാത്ര യൽ പ്രതിജ്ഞാതാ
മിഥ്യാ തൽ ക്രിയതേ കഥം.
ശ്രൂയതാമല്പബുദ്ധിത്വാത്
പ്രതിജ്ഞാതാ മയാ പുരാ.

യോ മാം ജയതി സംഗ്രാമേ
യോ മേ ദർപ്പം വ്യപോഹതി
യോ മേ പ്രതിബലോ ലോകേ
സ മേ ഭർത്താ ഭവേദിതി.

(അ 5, ശ്ലോ. 79–80)

യാതൊരു പുരുഷനെന്നെ പാണിഗ്രഹണം വെണ്ണുവൊരുത്തൻ എന്നോട്ടയുദ്ധംവെണ്ണി യുദ്ധത്തിൽ ജയിച്ചുപിടിച്ചിഴച്ചുകൊണ്ടുപോവൊരുത്തൎക്ക ഭാൎയ്യയാകിൻറു ഞാൻ. എൻറിങ്ങനെയുള്ള പ്രതിജ്ഞാഭംഗംവാരാതെവിവാഹംപെണ്ണുകിൽ സുംഭനാകിലും നിസുംഭനാകിലും മററും ചിലരാകിലുമമമിയു''മെൻറു ഭഗവതിയരുളിച്ചെയ്യക്കേട്ടു ചൊന്നാൻ സുഗ്രീവൻ.

''ഇന്ദ്രാ ... ... യായു് സർവ്വലോകരെ തികയജ്ജയിച്ചു് എതിർകൊണ്ടു പോന്നിരിക്കിൻറസുരേശ്വരന്മാർക്കു കന്യാവായിട്ടിരിക്കിൻറ നിന്നെജ്ജയിപ്പാൻ പണിയുണ്ടോ?'' എൻറു പരിഭവിച്ചു പറഞ്ഞുപോയ് സുംഭന്മാരെ നമസ്കരിച്ചു, താൻപോയെടത്തുവെച്ചു കന്യാരത്നം കണ്ടവാറും താനവളോട്ടു പറഞ്ഞ പ്രയോജനമുമവൾ തന്നോട്ടുപറഞ്ഞ പ്രതിജ്ഞയും ഒട്ടൊഴിയാത സുംഭനം വിസ്തരേണയറിയിച്ചകാലത്തു സുംഭനംകോപിച്ചു തന്നുടെ സേനാപതി ധൂമ്രലോചനനെ വിളിച്ചു കൊണ്ടരുളിച്ചെയ്താൻ. ''ഇതുകാണാ ധൂമ്രലോചനാ, നിന്നുടെ പടയോട്ടം കൂടെ വിരയച്ചെൻറു ദൃഷ്ടയായിരിക്കുന്ന ബല ശബ്ദിക്കിൻറ കന്യാവിനെ പിടിച്ചിഴച്ചു കൊണ്ടു പോരിക.

''ഹേ ധൂമ്രലോചനാശു ത്വം
സ്വസൈന്യപരിവാരിതഃ
താമാനയ ബലാൽ ദുഷ്ടാം
കേശാകർഷണവിഹ്വലാം.''

(അ. 6. ശ്ലോ. 3)

ഇതു കാണാ ധൂമ്രലോചനാ, ദുഷ്ടയായിരുന്ന ശബ്ദിക്കിൻറ പെണ്ണിനെ തലമൈരേ പിടിച്ചിഴച്ചുകൊണ്ടുപോരിക.

അവളെക്കൊണ്ടുപോരും നേരത്തു ദേവാസുരയക്ഷഗന്ധർവ്വവിദ്യാധരന്മാരാകിലും വന്നടുക്കമെവർകളെക്കൊന്റു കന്യാവിനെ വിരയക്കൊണ്ടു പോരിക.''

എൻറു സുംഭനുടെ ശാസനയാൽ ധൂമ്രലോചനനും തന്നെക്കുറുപത്തുനാലായിരം പടയും അനേകം തേർ കുതിരകളെ നിറപ്പടയോട്ടും കൂട സംകലിച്ചു വേഗത്തിൽ ചെൻറു ഹിമവാന്മേലിരുന്നരുളിൻറ ഭഗവതിയെക്കണ്ടു വിസ്മയപ്പെട്ടു നില്ലിൻറ വൻവെ ... ...

നോക്കിച്ചൊന്നാൻ. എന്നുടെ ഭർത്താവാകിൻറതും സുംഭനും നിസുംഭനുമല്ലോ.

''ന ചേൽ പ്രീത്യാദ്യ ഭവതീ
മൽഭർത്താരമുപൈഷ്യതി
തതോ ബലാന്നയാമ്യേഷ
കേശാകർഷണവിഹ്വലാം.''

(അ. 6. ശ്ലോ. 7)

''ഭർത്താക്കളെയുപേക്ഷിച്ചിരുന്നു ശബ്ദിക്കിൻറ നിന്നെത്തലമയിരെപ്പിടിച്ചിഴെച്ചുകൊണ്ടു പോവാൻ നിനെക്കിൻറിതു ദീനപ്പെടാതെ പിരിയ പിരിയ''യെൻറു-ചൊല്ലിയ ധൂമ്രലോചനനെ ഭഗവതിതൻ തിരുവടിയുടെ തിരുനയനങ്ങൾ തുറന്നുനോക്കി ഹൂംകാരംകൊണ്ടു തോൻറിയ കാലത്തു വെന്തുഭസ്മമായിവീണാൻ ധൂമ്രലോചനൻ. അവൻ വെന്തു വീണ്ണകാലത്തു അവനോട്ടകൂടച്ചെൻറ പടയെല്ലാം ചുഴൻറുയുദ്ധം വെണ്ണിൻറ കാലത്തു ഭഗവതിയുടെ വാഹനമാ ... ... സിംഹത്താൻ കോപിച്ചും കടൽകിണക്കേയലറിച്ചെൻറ പടയുടെ നടുവിലിട്ടു പരാക്രമിക്കിൻറതെവ്വണ്ണമെങ്കിൽ, കരതലംകൊണ്ടു തല പിളർന്നാൻ. ലലാടംകൊണ്ടു

ലലാടം പിളർന്നാൻ. ദന്തങ്ങൾ കൊണ്ടു സന്ധുക്കൾ നുറുക്കി നാൻ. നാദംകൊണ്ടു നാളം പിളർന്നാൻ. ബാൽകൊണ്ടെറ്റ। കാലാളൈ... ... ൻറാൻ. കുതിര പിളർന്നു രുധിരം കുടിച്ചാൻ. തേർത്തട്ടിലിട്ട പാഞ്ഞു പാതലത്തിലിട്ടാൻ. മദ ഹസ്തികളുടെ മസ്തകം പിളർന്നാൻ. എൻറിവണ്ണം നാനാ ജാതിയുള്ള പരാക്രമ ... ... ലസുരപ്പടയെല്ലാം നിമിഷ മാത്രയിൽ അശേഷമായിക്കൊൻറു മുടിച്ചാൻ ഭഗവതിയുടെ സിംഹത്താൻ. അനന്തരം ധൂമ്രലോചനനും പടയുമൊട്ടൊ ... തുചത്തു മുടിഞ്ഞകാലത്തു് അതുകണ്ടുഴറിപ്പോയ സുംഭന്മാക്ക് അറിയിച്ചാർ ദൂതർകൾ. അതുകേട്ട ചണ്ഡനെയും മുണ്ഡ നെയും വിളിച്ചുകൊണ്ടരുളിച്ചെയ്താൻ സുംഭൻ:—''നിങ്ങളി രുവരും നിങ്ങൾക്കുള്ള പടയോട്ടം കൂടച്ചെൻറു ദുഷ്ടയായിരുന്ന ശബ്ദിക്കിൻറ കന്യാവിനുടെ കേശങ്ങളെപ്പിടി ... ... ണ്ടു വരികയെൻറു''. സുംഭനിസുംഭന്മാരുടെ നിയോഗത്താൽച്ചതു രംഗബലസംയുക്തമായിന പടയോട്ടം രണ്ടുകോടി ദൈത്യന്മാ രോട്ടും ... ... ച്ചെൻറു ഭേരിനാദങ്ങളും (അഷ്ട?അട്ട) ഹാസ ങ്ങളും കൊണ്ടംബരമാർഗ്ഗത്തെച്ചെകിട്ട പൊടിത്തു വേഗ ത്തിൽച്ചെൻറു കാത്യായനീകന്യാഭഗവതിയെക്കണ്ടു ചിലര ധിക്ഷേപിക്ക ... ... വാൾകൊണ്ടു വെട്ടുവാൻ ചെല്കയും ചിലർ പരശുകൊണ്ടു ശിരസ്സറുക്കാൻ ചെല്കയും ആന കൊണ്ടുനാട്ടുവാൻ ചെല്കയും ഇങ്ങനെ നാനാജാതി ഭയപ്പെ ടുത്തി ഇവളെക്കൊണ്ടു ചെൻറു നമ്മുടെ സ്വാമിക്കു ഭാര്യ യാക്കവേണ്ടുമെൻറു ഭയപ്പെട്ടുത്തിക്കൊണ്ടു പോവാൻ നിരൂ പിക്കിൻറ ച ... ... ന്മാരെയും പടെയും കൂടക്കണ്ടു കോപിക്കിൻറംബികാഭഗവതിയുടെ തിരുനയനങ്ങൾ വട്ട മൊത്തുമറിഞ്ഞു് എതിർത്തുടിത്തന(പ്ര?ഭ്രു)കുടിമുഖം കുടില മായനെററി ... ത്തെന്നല്പറെററരിന്തിതം.

ഭ്രൂകുടീകുടിലാൽ തസ്യാ
ലലാടഫലകാദ്ദ്രുതം
കാളീകരാള (വദനാ)
വിനിഷ്ക്രാന്താസിപാശിനീ
വിചിത്രഖഡ്ഗാം ഗംഭീര-
നരമാലാവിഭൂഷിതാം''

(അ. 6. ശ്ലോ. 6–7)

കോപിക്കിൻറ ഭഗവതിയുടെ നെററിത്തടം വിയത്തൊഴുകിൻറകാലത്തു അവിടത്തുങ്കൽ നിൻറു പുറപ്പെട്ട ഭദ്രകാളിയെവ്വണ്ണം ശോഭിക്കിൻേറാളെങ്കിൽ, വാൾ വേൽ മഴു ശ്ശൂലം വജ്രം നാന്തകം ശക്തി ചക്രം പിണ്ഡി കപാലകോലെൻേറവമാദിയായുള്ളായുധങ്ങൾ ധരിച്ചുവ കൊണ്ടു ചില ശവശരീരം കൊണ്ടണിഞ്ഞ ... ... കുഴിഞ്ഞ കണ്ണും മുഴത്ത നാവിളെഴച്ച അട്ടഹാസം പെണ്ണി അസുരപ്പടയുടെ നടുവിൽ പരാക്രമിക്കിൻറവൾക്കു പല ബാഹുക്കളുളവാകയാൽ ... ... തനമം കണ്ടകിണക്കേ അസുരപ്പടയേ ആയുധവാഹനങ്ങളോടുകൂട വാരി വായിലിട്ടു പവയ്ക്കിൻറതെവ്വണ്ണ ... ... ... പ്രാവൃട്ട്കാലത്തു ... ... ...

ഇവ്വണ്ണമേ ആനയും തേരും കാലാളുമംഗരക്ഷയോടും കൂടത്തിന്നിൻറ കാലത്തു സന്ധുക്കളും തലയോടും കൂട നുറുങ്ങിൻറ കാലത്തുണ്ടാകിൻേറാരൊച്ചയെവ്വണ്ണമെങ്കിൽ പ്രാവൃൾക്കാലത്തു വെള്ളിടി വെട്ടും കിണക്കേ കേൾക്കാകിൻറിതു, ബാഹുക്കളാൽച്ചിലവുകൊണ്ടു ശരപ്രയോഗം വെണ്ണിൻറു. ആനയെട്ടുത്തെറിഞ്ഞു തേർ നുറുക്കിൻറു. കുതിരകൊണ്ടരുധിരം കുടിക്കിൻറു. ആനെയെയെട്ടുത്തമ്മാനയാടിൻറു. കാലാളെക്കൊന്റാരാധിക്കിൻറു. ഇപ്രകാരമേ ഭദ്രകാളിയുടെ വിസ്മയം കണ്ടു ദേവകൾ നിൻറിതു. ഇവ്വണ്ണമരിപ്പടയേ കൊൻറു മുടിച്ചു

യുദ്ധഭൂമിയിൽ നിൻറു പരാക്രമിക്കിൻറ മഹാദേവിയെ കണ്ട ദേവകൾ കോപിക്കിൻറ ചണ്ഡമുണ്ഡന്മാർ ആനമേലേറി ക്കലഹിക്കിൻറ കാലത്തു ചണ്ഡമുണ്ഡന്മാരെ ആയു ... ളൈഞ്ഞാൾ മഹാദേവി. അതുകണ്ട ദേവകൾ കുതുഹലിച്ചു ഭൈരവിക്കചാമുണ്ഡിയെൻറന്നു നാമം കൊട്ടത്താർ. അക്കാലത്തു ചണ്ഡമുണ്ഡ... ... ... ...

പിടിച്ചുമുച്ചെ ... ... വെള്ളുവനൈ വിളിച്ചു കൊണ്ടരുളിച്ചെയ്താർ. നമ്മുടെ പെരുംപറയൊച്ചപ്പെട്ടത്തു കെൻറതു കേട്ടവനും പെരുമ്പറ തട്ടിച്ചുഴൻറ കാലത്തു നമ്മുടെ സ്വാമിക്കു ദേവകളോട്ടു യുദ്ധമുണ്ടായിതോയെന്റു പവ്വതങ്ങളിൽനിന്റും പാതാളങ്ങളിൽ നിൻറും ആവിയിൽനിൻറും അംബരമാർഗ്ഗത്തിങ്കൽനിൻറും വന്നുകൂടത്തുടങ്ങീതസുരപ്പട.

> അദ്യ സവ്വ്ബലൈർദൈത്യാഃ
> ഷഡശീതിരുദായുധാഃ
> കംബൂനാം ചതുരശീതി-
> ന്നിയ്യാന്തു സ്വബലൈർവൃതാഃ
> കോട്ടവീയാനി പഞ്ചാശ-
> ദസുരാണാം കുലാനി വൈ.

(അ. 8. ശ്ലോ. 3-4)

അറുനൂറുവഗ്ഗും ദൈത്യന്മാർ, നാന്നൂറുവർഗ്ഗം കേകയന്മാർ, അഞ്ഞൂറുവർഗ്ഗ കോട്ടവീയന്മാർ, നൂറുവർഗ്ഗം ധൌമ്യന്മാർ, നിവാതകവചന്മാർ, ദാനവന്മാർ, ഭൈരവന്മാർ, ഹിരണ്യന്മാർ, രാക്ഷസന്മാർ എൻേറവമാദിയസുരപ്പടയുണ്ട സ്വാമീശാസനയാൽച്ചെൻറു കൂടിൻറസുരവീരന്മാർ ആന, തേർ, കുതിര, സിംഹവ്യാഘ്രും കരടി ചെന്നാ കാട്ടപോത്തു കാള കഴുത പൻറി പെരുമ്പാമ്പു എൻേറവമാദി ദുഷ്ടമൃഗങ്ങൾ

മേലേറിച്ചെൻറു ചമഞ്ഞു. ആയുധം പിടിച്ചിട്ട സാഹസം വെണ്ണി ആക്രോധിച്ചു ഭൂമ്യന്തരീക്ഷ സ്വർഗ്ഗഭൂമി പാതാളങ്ങളൊക്കെ നിലകുലുക്കി വേഗത്താൽ ചെൻറു മഹാദേവിയെക്കണ്ടു് ആയുധങ്ങൾ വരിഷിക്കിൻറ കാലത്തു മഹാദേവിക്കായിരം തൃക്കൈയ്യുളവായിന. ആയുധം ധരിച്ചു സിംഹത്തിൻ മേലേറി അസുരപ്പടയോടെതിത്തു കലഹിക്കിൻറ കാലത്തു മഹാകാളിയുമസുരപ്പടയുടെ നട്ടവിലിട്ട പാഞ്ഞു. അതിഭയങ്കരമായ് കലഹിച്ചു അസുരപ്പടൈയെല്ലാരിഴിവുതോൻറാതൊഴിഞ്ഞു. മഹാദേവിയുടെ തിരുവുടമ്പിൽ നിൻറു ശ്രീനരസിംഹിയെന്നൊരു ശക്തിപോന്നു പുറപ്പെട്ടിതു. അവളെപ്രകാരമിരിക്കിൻറതെങ്കിൽ, പണ്ടയാതൊരു ജാതി ഭഗവാൻ നാരായണസ്വാമി നരസിംഹമൂത്തിം സംഗ്രഹിച്ചു ഹിരണ്യകശിപുവിനെക്കൊൻറരുളീതു. അപ്രകാരമേ പടയുടെ നട്ടവിലിട്ട പാഞ്ഞു ദൈത്യന്മാരെപ്പിടിച്ചു ...... ഇന്നകരുളക...പറിച്ചു രുധിരംകുടിച്ചുകുടർമാലചൂടിപ്പിണം കൊണ്ടമ്മാനയാടി അതിഭയങ്കരമായി പരാക്രമിക്കിൻറ പടൈയ്ക്കു കുറച്ചിൽ തോൻറീതില്ല. അതുകണ്ടു കോപിക്കിൻറംബികാ ഭഗവതിയുടെ തിരുവുടമ്പിങ്കൽ മാതൃക്കളും സ്ത്രീപ്പടയും പോന്നു പുറപ്പെട്ടിതു. അതു് എപ്രകാരമെങ്കിൽ, സവ്വദേവയക്ഷ വിദ്യാധരകിമ്പുരുഷാദികൾക്കു് എല്ലാവസ്തുക്കൾക്കും തൻ തിരുവടിയെ ശക്തി ബലമാക്കനിമിത്തമായ്ക്കൊണ്ടതുപാഭരണമായുധവാഹനങ്ങളും അപ്രകാരമേ വന്നു മുടിഞ്ഞിതു. ഇപ്രകാരമേ മാതൃക്കളും സ്ത്രീപ്പടയുമായുധങ്ങൾ ധരിച്ചു വാഹനങ്ങൾ മേലേറി ചെൻറു കിട്ടിക്കലഹിക്കിന്റ കാലത്തു എവ്വണ്ണം ശോഭിക്കിൻേറാളെങ്കിൽ ദുർഗ്ഗാഭഗവതിയെ സുഗ്രീവൻ സുംഭനിസുംഭന്മാക്കു വിവാഹം പറഞ്ഞു കല്പിച്ചു സുംഭനുടെ ചാൻജനമും ബെന്ധുക്കളും മററുള്ള സ്ത്രീവർഗ്ഗമും ചെൻറു കൂടിയിരിക്കിൻറ വിവാഹോത്സവത്തിങ്കൽ പുഷ്പരെക്കണ്ടവാറേ സ്ത്രീവർഗ്ഗം വേഗവൽ ചെൻറണയിൻറു.

സ്ത്രീവർഗ്ഗത്തെക്കണ്ടു പ്രീതിപ്പെട്ട പുരുഷർ ചെന്റണയിന്റു. രണ്ടു വർഗ്ഗവുംചെൻറു കൂട്ടം പൂകിന്റേടം കണ്ടാൽ പരസ്പരം കാമികൾ തമ്മിൽ കൂടി വിവാഹ ഉത്സവം കളിക്കിൻറുതെന്റു തോൻറുമാററിരിക്കിൻറിതു. സ്ത്രീവർഗ്ഗത്തെ പുരുഷൻ പിടിച്ചിഴക്കിൻറു. പുരുഷരെ സ്ത്രീവർഗ്ഗം പിടിച്ചു നിഗ്രഹിക്കിൻറു.

ഇവ്വണ്ണമേ പരാക്രമിക്കിന്റ കാലത്തു ബ്രഹ്മാണി കുണ്ഡികയിൽ നീർകൊണ്ടു തളിച്ചനേകം നൂറായിരമസുരകൾ വെന്തു ഭസ്മമായി വീഴിൻറിതു. മാഹേശ്വരിഭസ്മം തുളിച്ചാല്യം അക്കണക്കേ വീഴിൻറിതു. വൈഷ്ണവി ചക്രംകൊണ്ടെറിഞ്ഞേ കൊല്ലിൻറു. ഇന്ദ്രാണി വജ്രം കൊണ്ടെറിഞ്ഞുകൊല്ലിൻറു. വാരാഹി പാശംകൊണ്ടു വീശിയണൈച്ചുകൊല്ലിൻറു. യമൻ ദണ്ഡുകൊണ്ടു തകത്തുകൊല്ലിൻറു....കൊണ്ടുനിഗ്രഹിക്കിൻറു. നരസിംഹി നഖങ്ങൾകൊണ്ടു പിളന്നുകൊല്ലിൻറു. അപ്പൊഴുതു മഹാഭൈരവിയും പലജാതിയുള്ളായുധങ്ങൾകൊണ്ടസുരപ്പടയെ......... അണഞ്ഞ പടയെ വാരി വായിലിടിൻറിതു. അപ്പൊഴുതംബികാഭഗവതിയും ആയിരം ശ്രീബാഹുക്കളിലും പിടിക്കപ്പെട്ട ആയുധങ്ങൾകൊണ്ടസുരപ്പടയോടെതിത്തു യുദ്ധംവെല്ലിൻറ കാലത്തു മകുടപ്പൂണൊട്ടു മാറുകീറിന ബന്ധത്തോട്ടണരമ്പററു വീണ്ണുന കരുൾമുറിന്തന കുരുതിവെള്ളമൊഴക്കിനിൻറിതു. ഇപ്രകാരമസുരപ്പടയൊട്ട് എതിത്തു യുദ്ധം വെല്ലിൻറ കാലത്തു ചതുരംഗബലസംയുക്തമായിന പടയെക്കൊൻറു പരത്തി യുദ്ധഭൂമിയൊരു രുധിരവെള്ള......യിതു. അതെവ്വണ്ണം ശോഭിക്കിൻറുതെങ്കിൽ തലമൈരേ പായിയാക്കി കുരുതിയെപ്പരപ്പായിയാക്കി ഛത്രങ്ങൾ മുറിഞ്ഞുവീണവ താമരയിലയാകവും മയൂരഛത്രങ്ങൾ താമരൈപ്പൂവാകവും ആയുധങ്ങൾ മീനാകവും പരിചകൾ ആമൈയാകവുമാനൈപ്പിണമട്ടിലാകവുമ്മഹാരഥമാകിയ ചങ്ങാടത്താൽ നിറയപ്പെട്ട ശോഭിക്കിൻറ രുധിരവെള്ളത്തിൽ

നിൻറു പരാക്രമിക്കിൻറ കാലത്തു് എങ്ങനേ ശോഭിക്കിൻറ തെങ്കിൽ, സുംഭനുടെ വിവാഹോത്സവം മുടിഞ്ഞു നീരാടിൻറ കാലത്തു പുരുഷനും സ്ത്രീവർഗ്ഗമും കൂടിജലക്രീഡ പെണ്ണിക്കളിച്ചു നീന്തിയങ്ങുമിങ്ങും പരുമാറുൻറൂതോ എൻറുതോൻറുമാറുമിരിന്നിതു. പേഭ്രതപിശാചുക്കളും നാനരികാക്കചെമ്പരുന്തെൻേറവമാദികളും രുധിരനദിയിലിറങ്ങിക്കളിച്ചു നീന്തിയങ്ങുമിങ്ങും മാംസം ഭക്ഷിച്ചു രുധിരം കുടിച്ചാർത്തു തുടങ്ങീതു. അക്കാലത്തു സുംഭനുടെ പടയെല്ലാം കൊൻറു യുദ്ധഭൂമിയിൽ നിൻറ കാലത്തു സിംഹനാദം വെണ്ണിൻറ ദുർഗ്ഗാഭഗവതിയേയും മഹാകാളിയേയും മാതൃക്കളെയും കണ്ടു കോപിക്കിൻറ സുംഭനിസുംഭന്മാൎക്കു മൂലബലമായിട്ടിരിപ്പതൊരു സേനാപതിയുളൻ. രക്തബിന്ദുവെന്മാനവനൊ(രീരു)ബ്രഹ്മപ്രസാദമുണ്ടു്. ശത്രുക്കളോടെതിർത്തു യുദ്ധംവെണ്ണിൻറകാലത്തു് അവനുടെ ശരീരത്തുങ്കൽനിൻറു രുധിരമ്പിന്ദുവിനാൽനനയിൻറ മണലാകിലും യാതൊൻറവനുടെ രുധിരത്താൽ ബന്ധിക്കപ്പെടിൻറതു ജീവമ്പെററവനെക്കിണക്കോയിരിക്കിൻറ രൂപാഭരണമായുത്തോട്ടക്കൂടപ്പോന്നു പുറപ്പെട്ടു കലഹിച്ചിയങ്ങുവിതു. അങ്ങനെയിരിക്കിൻറ രക്തബിന്ദുവിനെ വിളിച്ചുകൊണ്ടു് ഏകിനാൻ സുംഭൻ. അവനും വേഗത്തിൽച്ചെൻറു മഹാദേവിയോടെതിർത്തു കൊടിയായുധരികിൻറസ്ത്രങ്ങൾ കൊണ്ടു വരിഷിക്കിൻറ കാലത്തു മാതൃക്കളും മററുള്ള സ്ത്രീപ്പടയും കൂടെച്ചെൻറു് എതിർത്തു കൊടിയവായിരുന്നസ്ത്രങ്ങൾകൊണ്ടു വരിഷിക്കിൻറ കാലത്തു രക്തബിന്ദുവിനുടെ ശരീരം പിളർന്നൊഴുകിൻറ രുധിരബിന്ദുവിനാൽ നനയപ്പെട്ടു മുന്നം കിടന്ന ശവശരീരമെല്ലാം ജീവൻപെററെഴനീൻറുനിൻറു കലഹിക്കത്തുടങ്ങീതു. അതുകണ്ടു മഹാദേവിമാരും ഭയങ്കരമായ്കലഹിക്കിൻറകാലത്തു കൊല്ലുംതോറും കൊല്ലുംതോറും അതിൽക്കാട്ടിൽ ദശമ ... ...

കിൻറതിനെ കണ്ട മഹാദേവിയും മഹാകാളിയും യുദ്ധ...
പെണ്ണു ... ... ആനെയും തേരും കാലാൾപ്പടയും കൂടിപ്പ
... ... ... വിഴങ്ങി ... ... ... പ്പെടിൻറസുരവീരന്മാർ
... ... ... ളകാണാ ... ബലിദ്വാരത്തിൽ ല... ... ...
അങ്ങൊരു പ്രദേശത്തി നപോകിൻറുതെൻറു തോൻറ ... ...
... ...ാഗ്നിയിൽ സമുദ്രജലം ചെൻറു വീണ്ണുവെന്തററുപോം
കിണ... ... ... ട്ട പടയെല്ലാം ചാമുണ്ഡിയും നാരസിംഹി
യും കൂട മിഴ ... ... ... ൾ കുതൂഹലിച്ചു പുഷ്പവൃഷ്ടി പൊ
ഴിയിച്ചു മഹാദേവിക ... ... ... ാലത്തു സുംഭനും നിസും
ഭനുടെച്ചെ ... ... ... മിട്ടിതങ്ങ ... ... ... സ്ത്രമെല്ലാം
പ്രയോഗിച്ചു നിൻറ കാലത്തു ദിവ്യാ ... ... ... ആ ഭഗ
വതിയും തൻതിരുവടിയുടെ തൃക്കൈ ... ... ... ... ...
... ... ... ... ... ... ... ... ...
ഭ്രാതൃനാശം നിമിത്തമായ്ച്ചെൻറുരുകിന കോപമുടയനായ
ശോകിച്ചുചെൻറു കുറുകിച്ചൊന്നാൻ സുംഭൻ. "നീയൊരു
പുരുഷർകൾ പൊരുന്നുവൊരു കന്യാവല്ല. ക്ഷ(പി?പ)ണ
കകന്യാവെൻറു തോൻറുമാറുമിരിക്കിൻറിതു. കുറളിയും കണ്മാ
യവും വല്ലുവൊരുത്തി. ദുഷ്ടാത്മാവെൻറാൽ നീയെന്തുചെ
യ്യിൻറതു. മഹാകാളിയും മാതൃക്കളും ശ്രീനരസിംഹിയുംകൂടി
ക്കലഹിച്ചല്ലയോ ജയിക്കിൻറിതു." എൻറു ചൊല്ലിൻറ സും
ഭനുടെ വാക്കു കേട്ടരുളിച്ചെയ്യ്താൾ ഭഗവതി.

"എനക്കു ഭർത്താവായിട്ടിരിക്കിൻറ നീയെന്നോട്ട പരു
ഷം പറയാതേ. യുദ്ധത്തിൽ ജയിച്ചു പിടിച്ചിഴച്ചുകൊണ്ടു
പോം പുരുഷക്കു ഭാര്യ്യയാകിൻറു ഞാൻ. ചാലെച്ചെറിയ
നാളേയുണ്ടായിരുപ്പുതൊരു പ്രതിജ്ഞയുണ്ടു്. ആ പ്രതിജ്ഞാ
ഭംഗം വാരാതേ പാണിഗ്രഹണം വെണ്ണുവാനല്ലയോ നീ
വന്നിതു. നിന്നുടെ ചാൻ്ൻജനമും ബന്ധുക്കളോട്ടുംകൂടവന്നു
വിവാഹം പിഴകിപ്പോമതു യോഗ്യമല്ല. നീയെന്നെജ്ജ

യിച്ചു വിവാഹം വെണ്ണായ്കിൽ (തൊഴികിൽ) മറ്റൊരു ത്തരെൻറുജ്ജയിച്ചു വിവാഹം വെണ്ണുവൊരുത്തരില്ല ഇത്രെ ലോകത്രിത്തിങ്കൽ. അതെയുമല്ല നിന്നെക്കാട്ടിലുമൊരു സമിൎത്ഥരെ കണ്ടതുമില്ല. അതേ ഞാങ്ങൾ പലരുമുണ്ടെൻറു നിനൈക്കവേണ്ടാ''യെൻറുതങ്കലേ നിൻറുപുറപ്പെട്ട മഹാകാളിയേയും മാതൃക്കളേയും സ്ത്രീപ്പടെയും കൂടഗ്രഹിച്ചുകൊണ്ടു സുംഭനെന്നെ നോക്കിയരുളിച്ചെയ്താൾ ഭഗവതി.

''ഏകൈവാഹം ജഗത്യത്ര
ദ്വിതീയാ കാ മമാപരാ?
പശ്യൈതാ ദുഷ്ട മയ്യേവ
വിശന്ത്യോ മദ്വിഭൂതയഃ.''

(അ. ശ്ലോ.)

എന്നിൽ കാമപരവശനായിട്ടിരിക്കിൻറ നീയെന്നോ നോക്കിക്കണ്ടേ. ഞാനൊരുത്തിയേയുള്ളിതു. എൻറാലിനിയെന്നെജ്ജയിച്ചു വിവാഹം വെണ്ണുവോയാ'' കെൻറരുളിച്ചെയ്യുക്കേട്ട സുംഭസമിതു വസ്തുവെൻറു നിശ്ചയിച്ച് ഇവളൊരു കന്യാവായിട്ടിരിക്കിൻറിതു. ഇവൾക്കുമെന്നെവെണ്ണല്ലയോ പടയെല്ലാം ദഹിച്ചു. എന്നൈ പിരിയജ്ജയിച്ചു പാണിഗ്രഹണം വെണ്ണുവോയാകെൻറിരക്കിൻറിതു. എൻറാൽ ഇവളൈജ്ജയിച്ചു വിവാഹം വെണ്ണൂ. ദുഃഖമില്ലയെൻറു നിശ്ചയിച്ച സുംഭൻതാൻ പണ്ടു വല്ലിയിരിക്കിൻറ ദിവ്യാസ്ത്രങ്ങളൈ പ്രയോഗിക്കിൻറകാലത്തു ഭഗവതിയും ദിവ്യാസ്ത്രങ്ങളൈക്കൊണ്ടു പ്രയോഗിച്ചു ഇരുവരും തുല്യപരാക്രമരായ് കലഹിക്കിൻറ കാലത്തു ബ്രഹ്മാസ്ത്രം പ്രയോഗിച്ചാൻ സുംഭൻ. അതു കുണ്ഡികയുമ്മാല്യമായിതു. ഭഗവതിക്കു നാരായണാസ്ത്രം പ്രയോഗിച്ചതു ശ്രീപഞ്ചായുധമായിതു. ഭഗവതിക്കു ശ്രീരുദ്രാസ്ത്രം പ്രയോഗിച്ചതു ചന്ദ്രക്കലയായിതു. ഇന്ദ്രാസ്ത്രം പ്രയോ

ഗിച്ചതു കിരീടമുടിയായിതു. ആഗ്നേയാസ്ത്രം പ്രയോഗി ച്ചതു നെററിതൃക്കണ്ണിന്നു ജ്വാലയായിതു. സൂൎയ്യാസ്ത്രം പ്രയോ ഗിച്ചതു രശ്മികളായിതു. വരുണാസ്ത്രം കലശമായിതു. വായവ്യാസ്ത്രം വേഗം കൊട്ടത്തിതു. എന്റേറവമാദി ദിവ്യാ സ്ത്രങ്ങളെയെല്ലാം ജയിച്ചു ഭഗവതിയും തന്തിരുവടിയുടെ ദിവ്യാസ്ത്രങ്ങളെ പ്രയോഗിച്ചു വിൽ മുറിച്ചു സാരഥി യെക്കൊന്നു തേർപ്പുരവുകളെയും കൊൻറ കാലത്തു തേര ഴിവു കണ്ടു ഭൂമിയിങ്കൽ അസ്ത്രപ്രയോഗം വെണ്ണിൻറവ ന്നടെ... സ്ത്രമഴിച്ചു അസ്ത്രങ്ങൾകൊണ്ടു നുറുക്കിക്കളഞ്ഞവന ന്തരം ആയുധങ്ങളെല്ലാം കളഞ്ഞു നിരായുധനായി ലജ്ജ പ്പെട്ടു നിൻറവൻ മുഷ്ടിയുദ്ധം വെണ്ണുവിതെൻറു നിനെച്ചു ചെൻറണയിൻറവനെ നോക്കി നീ നിനെച്ചതു ലാഭി ക്കയെൻറരുളിച്ചെയ്തു തന്തിരുവടിയുടെ തൃക്കൈകൊണ്ടു ശിര സ്സറുത്തരുളിനാൾ ഭഗവതി. അതുകണ്ടു ദേവകളാർത്തിതു. വെൻറിപ്പറ തട്ടീതു. ജയശബ്ദംകൊണ്ടു സ്തുതിച്ചു പുഷ്പവൃഷ്ടി വെണ്ണിൻറ കാലത്തു സുംഭനിസുംഭന്മാർ ദേവകളെ ജയിച്ചു കൊണ്ടുപോയ ദിവ്യവസ്തുക്കളും ദിവ്യാഭരണങ്ങളും ദിവ്യസ്ത്രീ കളെയും ദേവകളൊക്കെയാക്കി ഭൂഭാരം കെട്ടുത്തു നില്ക്കിൻറ ഭഗവതിയെക്കണ്ടു ഇന്ദ്രാദിദേവകളും യക്ഷവിദ്യാധരകിമ്പു രുഷാദികളും മുനിജനമുംക്കൂടി സ്തുതിച്ചു ചതുരവേദാദിസ്തുത്യവം സ്തോത്രമുംകൊണ്ടു പൂജിച്ചുനിൻറ കാലത്തു ഭഗവതിയും കോപം ശമിച്ചു ശാന്തമൂൎത്തിയാവുതുംചെയ്തു. ദേവദുഃഖം കെ ട്ടുത്തു സർവലോകരക്ഷയായ ഹിമവാൻകൽ വസിച്ചരുളിന്റ കാലത്തു മഹാദേവിയെൻറും മൂലപ്രകൃതിയെൻറും മൂലശ ക്തിയെന്റും ലോകമോഹിനിയെൻറും ലോകഭയങ്കരിയെൻറും ശ്രീപരമേശ്വരിയെൻറും ജ്യേഷ്ഠയെൻറും സരസ്വതിയെൻറും ഭദ്രകാളിയെന്റും മററുമക്കിണക്കേയോരോവിഷയത്തിങ്കലുമോ രോ സന്നിധിയിങ്കലുമോരോ കർമ്മത്തിങ്കലുമവിടെയവിടെ അതിന്നതിനുതക്കവാറുമവളുടെ പേരും പിറപ്പും പ്രവൃത്തിയു

9406

മിതെന്താൽഇവ്വണ്ണമിരിക്കിൻറ മായാമോഹം നിമിത്തമായ് നിങ്ങൾക്കിതുവിഷയം വരുവാനെൻറു സുരനാഥനാകിൻറ രാജാവിനെയും സമാധിയാകിൻറ വൈശ്യനേയും നോക്കി യരുളിച്ചെയ്താൻ മേധാവാകിൻറ മഹർഷി.

"മധുകൈടഭനാശം ച
മഹിഷാസുരനാശനം
കീർത്തയിഷ്യന്തി യേ തദ്വ-
ദ്വധം സുംഭനിസുംഭയോഃ".

(അ. 12. ശ്ലോ. 2)

മധുകൈടഭനാശമും മഹിഷാസുരവധമും സുംഭനിസുംഭ നിഗ്രഹമുംവിസ്തരേണ അരുളിച്ചെയ്ത ഇക്കഥയുടെ സാമർത്ഥ്യമുംകേൾക്ക:

അഷ്ടമ്യാം ച ചതുർദ്ദശ്യാം
നവമ്യാം ച വിശേഷതഃ
ശ്രോഷ്യന്തി യേ ച വൈ ഭക്ത്യാ
മമ മാഹാത്മ്യമുത്തമം.

(അ. 12. ശ്ലോ. 3)

അഷ്ടമിനാളും നവമിനാളും ചതുർദ്ദശിനാളും ഭഗവതിയെ പൂജിക്കയും നമസ്ക്കരിക്കയും കീർത്തിക്കയും സ്തുതിക്കയും സ്തുതികൾകൊണ്ടു ഭഗവതിയെ പൂജിക്കയും ചെയ്കിൽ സർവപാപം നശിച്ച് ശ്രീയും സൌഭാഗ്യവും അഭിപ്രായമും വന്നു മുടിഞ്ഞു് ശത്രുക്കൾ വന്നിവരെ ശരണം പുകു. !!

ശുഭമസ്തു

PG Library & Research Center

# പ്രാചീനമലയാള ഗദ്യമാതൃകകൾ

894.8124
NAR

കേരളസൎവ്വകലാശാല
തിരുവനന്തപുരം

Indic Digital Archive Foundation
gpura.org